
SINCE 1976
ഐക്യദീപം
വില ₹ 10
ഡിസംബർ 2017

## New Venture from Malankara Catholic Archdiocese of Thiruvalla

# BODHISREE DEVELOPMENT SOCIETY

BODHANA CAMPUS, THUKALASSERRY, THIRUVALLA-689 101

Reg.No. PTM/TC/221/2017



**Shibu Puthukeril**
President



**Peter T John**
Secretary



**Fr. Kurian Kizhakekara**
Treasurer

### EXECUTIVE MEMBERS OF THE SOCIETY

- Fr.Thomas Payyampallil
- Fr. Jose Kallumalickal
- Mr. Shaji Mathew Kooliyattu
- Varghese Mathew Manappurathu
- Omana James
- Annamma Varghese
- Neena Varghese

### MOTTO OF THE SOCIETY

Sustainable
DEVELOPMENT
with stewardship of nature



# ഐക്യദീപം


രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**റവ. ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ**

പ്രസാധകൻ
**റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**അജി കുതിരവട്ടം**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

**ഡിസംബർ 2017**
**പുസ്തകം 50 ലക്കം 12**


# ഉള്ളടക്കം




**തിരുജനനത്തിരുനാൾ** 6
ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി

**എന്റെ ബൈബിൾ വായന** 9
രവിവർമ്മ തമ്പുരാൻ

**പുതുക്കുന്നിലെ പാതിരാ നക്ഷത്രങ്ങൾ** 16
സെലേഷ് മെറിൻ തോമസ്

**ആടുകളെ അടുത്തറിഞ്ഞ അജപാലകൻ** 20
ഫാ. ചെറിയാൻ താഴമൺ



Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
AndhraBank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Press, Ernakulam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1. Phone: 0469-2600626
E-mail : aikyadeepamtvla@gmail.com



# സുവിശേഷം പിറന്ന പുൽക്കൂട്




"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം ഭൂമിയിൽ സന്മനസുള്ളവർക്ക് സമാധാനം.'' സ്വർഗ്ഗം മനുഷ്യനു നല്കിയ സന്ദേശം നമുക്കും ഏറ്റുപാടാം. ദൈവം മനുഷ്യനായി പിറന്നതിന്റെ സ്മരണ ഏറ്റുപാടുന്ന അതിസുന്ദര രാത്രികളുടെ കാലം. മഹത്ത്വമുള്ള മനുഷ്യരെന്ന് ദൈവം നമ്മെ വിളിക്കുന്നത് ക്രിസ്തുവിന്റെ പിറവികൊണ്ടാണ് അടയാളപ്പെടുത്തുന്നത്. ദൈവവും മനുഷ്യനുമായ ക്രിസ്തുവിന്റെ അമ്മ മറിയത്തിനു ദൂതു കൈമാറിയത് മാലാഖമാരായിരുന്നു. ദൈവത്തെ പ്രസവിച്ച പരി. മറിയത്തിന് ആരാധനയർപ്പിക്കുന്ന തിരുനാൾ കാലം. ദൈവവചനമായ ക്രിസ്തുവിനെ കൂടുതൽ അറിയാനും പ്രഘോഷിക്കാനുമുള്ള ആവശ്യം വർദ്ധിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. നന്മ നിറഞ്ഞ ഒരുവർഷം കൂടി കടന്നു പോകുന്നു, അനുഗ്രഹങ്ങളുടെ പുതിയ വർഷം കടന്നു വരുന്നു. പുതിയ കാലം പുതിയ വെല്ലുവിളികൾ ഉയർത്തുമ്പോൾ മനുഷ്യത്വപരമായ സമീപനങ്ങളിലൂടെ അഭയാർത്ഥികളെ, ന്യൂനപക്ഷങ്ങളെ, ദരിദ്രരെ, രോഗികളെയുമൊക്കെ ഏറ്റെടുക്കാൻ നമുക്ക് കഴിയണം. ക്രിസ്തുവിന്റെ പിറവി സന്ദേശം നമ്മെ മെച്ചപ്പെട്ട മനുഷ്യരാക്കണം. ജാതിമതവർഗ്ഗ വർണ്ണ വ്യത്യാസമില്ലാതെ ക്രിസ്തു എല്ലാവരുടേതുമാകുന്ന സുവിശേഷം നമുക്ക് പങ്കുവയ്ക്കാം.

ക്രിസ്തുമസ്, പുതുവത്സരാശംസകൾ! പുൽക്കൂട്ടിൽ പിറന്ന സുവിശേഷം മാലാഖമാരൊത്ത് മനുഷ്യരും ഏറ്റുപാടട്ടെ!

ചീഫ് എഡിറ്റർ
**ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ**

# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്**

## തിരിഞ്ഞുനോക്കുമ്പോൾ

**21**-ാം നൂറ്റാണ്ടിന്റെ കൗമാരമായ 17-ാമത് വർഷം ഏറെ വിവാദങ്ങൾ സൃഷ്ടിച്ചും ഒത്തിരി കണ്ണുനീരു നല്കിയും വിടവാങ്ങുകയാണ്. സന്തോഷപ്രദവും പ്രതീക്ഷാനിർഭരവുമായവ ഇല്ല എന്നർത്ഥമില്ല. എങ്കിലും സാധാരണ മനുഷ്യന്റെ ജീവിതത്തിനു ഭാരങ്ങൾ ഏൽപ്പിച്ച് കടന്നുപോകുന്ന ഈ വർഷത്തെ നാം എങ്ങനെയാണ് വിലയിരുത്തുക.?

പ്രതീക്ഷ നൽകുന്ന പല അനുഭവങ്ങളും നമുക്കുണ്ടായിട്ടുണ്ട്. ക്രൈസ്തവരെന്ന നിലയിൽ പുല്ലുവഴിയിലെ സി. റാണി മരിയയെ ''വാഴ്ത്തപ്പെട്ടവൾ'' എന്ന നാമകരണം ചെയ്തത്, ഒന്നര വർഷമായി എവിടെയാണെന്ന് അറിയാൻ പറ്റാതിരുന്ന ടോം ഉഴുന്നാലിലച്ചന്റെ വിമോചനം, പൗരസ്ത്യ സഭകളുടെ പ്രേഷിത ശുശ്രൂഷ വിസ്തൃതമാക്കിയ മാർപാപ്പായുടെ അനുമതി, തുടങ്ങിയവയും പൊതു ജീവിതത്തിൽ കൊച്ചി മെട്രോ എന്ന സ്വപ്ന സാക്ഷാത്കാരവും ഏറെ ശ്രദ്ധേയമാണ്. എന്നാൽ അധികാരികളുടെ സ്വാർത്ഥതയുടെയും വർദ്ധിച്ചുവരുന്ന വർഗ്ഗീയതയുടെയും മാധ്യമങ്ങളുടെ സങ്കുചിതമായ പെരുമാറ്റത്തിന്റെയും ഫലമായി എത്രയെത്ര കണ്ണീർ കയങ്ങളാണ് ഭാരതാംബികയ്ക്ക് ഈ വർഷം അനുഭവിക്കേണ്ടി വന്നത്. നോട്ടു നിരോധനം, പഠനമില്ലാതെയും കൃത്യതകൂടാതെയും ആരംഭിച്ച ജി.എസ്.റ്റി., നൂറുകണക്കിന് കുരുന്നുകൾ കൂട്ടത്തോടെ ശ്വാസം കിട്ടാതെ മരിച്ച ഉത്തർപ്രദേശ് ദുരന്തം - അങ്ങനെയുള്ള സംഭവങ്ങൾ തികച്ചും നിസാരവൽക്കരിച്ചുകൊണ്ടുള്ള ഭരണാധികാരികളുടെ മുറിപ്പെടുത്തുന്ന വാക്കുകൾ, വർഗീയതയ്ക്കെതിരെ തൂലികപടവാളായി ഉപയോഗിച്ച ഗൗരി ലങ്കേഷിന്റെ കൊലപാതകം, പശുമാംസത്തിന്റെ പേരിൽ ആക്രമിക്കുകയും ചുട്ടുകൊല്ലപ്പെടുകയും ചെയ്യപ്പെട്ട പാവങ്ങൾ, ആംബുലൻസ് ലഭിക്കാതെ ചുമലിൽ മൃതദേഹം കിലോമീറ്ററുകളോളം ചുമന്നുകൊണ്ടു പോകേണ്ടി വന്ന ഹതഭാഗ്യർ, ലോകത്തിന്റെ പല ഭാഗങ്ങളിലും അരങ്ങേറിയ വധങ്ങൾ, ഹർത്താലുകൾ കൊണ്ട് വലഞ്ഞ കേരളം, പഠിക്കാൻ പറ്റാതെ പാഠ്യപദ്ധതികൾ ഉരുട്ടിപെരട്ടി വിഴുങ്ങേണ്ടിവന്ന വിദ്യാർത്ഥികൾ, ഹർത്താലിൽ ഉണ്ടായ ഗതാഗതതടസത്തിൽ ജീവൻ വെടിഞ്ഞവർ, ഓഖി ദുരന്തക്കാറ്റുവിതച്ച നാശനഷ്ടങ്ങൾ ഇനിയും ഒരുവിവരവും കിട്ടിയിട്ടില്ലാത്ത കടലിൽ പോയ മത്സ്യതൊഴിലാളികളെപ്പറ്റിയുള്ള ആകുലതയും ആശങ്കയും; വെറും 500ൽ താഴെ മാത്രം ക്രൈസ്തവരുള്ള സത്നായിൽ ബജ്രംഗ്ദൾ അഴിച്ചുവിട്ട താണ്ഡവം തുടങ്ങിയ അനേകം കാര്യങ്ങൾ മനസിൽ, ഒരിക്കലും മായാത്ത മുറിവുകൾ അവശേഷിപ്പിക്കുന്നു.

നിഷ്പക്ഷതയും സത്യസന്ധതയും പാലിക്കേണ്ട മാദ്ധ്യമങ്ങളുടെ മടുപ്പിക്കുന്ന ശൈലികളും അധികാരിക്കു വേണ്ടി കള്ളം പറയുന്നത് ശരിയെന്ന് ശഠിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ മനോഭാവവും ഒക്കെ ധാർമ്മിക തലത്തിൽ നമുക്ക് ഏറെ ദുഃഖങ്ങൾ നൽകുന്നു.

അതേസമയം തന്നെ ഈ മണ്ണിന്റെ നന്മയും ധാർമ്മിക നിലപാടുകളും പൊതുജീവിതത്തിൽ ക്രിയാത്മകമായി പ്രയോജനപ്പെടുത്തണം എന്നു ചിന്തിക്കുന്നവരുടെ ശക്തമായ സ്വരവും വ്യക്തമായനിലപാടുകളും നാം കാണുന്നുണ്ട്. സ്വാതന്ത്ര്യവും ഭരണഘടനയുടെ മൂല്യങ്ങളും പുലർത്തണം എന്നാഗ്രഹിക്കുന്നവരുടെ ഇടപെടലുകൾ പരിമിതമെങ്കിലും കുളിർമഴപോലെയാണ് സമൂഹം സ്വീകരിക്കുന്നത്. ഓരോ ക്രിസ്തുമസും പുതുവത്സരവും നമുക്ക് പുത്തൻ സാദ്ധ്യതകളാണ് നൽകുന്നത്.

കഴിഞ്ഞ ദിവസം പുഷ്പഗിരി ഹോസ്പിറ്റലിൽ ക്യാൻസറിനു ശസ്ത്രക്രിയയും ചികിത്സയും

*(ശേഷം 11-ാം പേജിൽ)*



# തിരുജനനത്തിരുനാൾ

ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി



**അ**നാദിയിൽ പിതാവിൽ നിന്നു ജനിച്ച ദൈവം കാലാന്ത്യത്തിൽ മറിയത്തിൽ നിന്ന് മനുഷ്യനായി ജനിച്ച തിരുനാളാണ് ക്രിസ്തുമസ്. അനാദിയെന്നാൽ സൃഷ്ടപ്രപഞ്ചം ഉണ്ടാകുന്ന തിരുമുൻപ് എന്നർത്ഥം. കാലാന്ത്യമെന്നാൽ സൃഷ്ടിയുടെ ലക്ഷ്യം നിറവേറിയ കാലം എന്നർത്ഥം. ദൈവത്തിന്റെ സാരാംശം ബന്ധമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും നിത്യമായ സംഭാഷണത്തിലേർപ്പെട്ടിരിക്കുന്ന ബന്ധം. ആ സംഭാഷണം ഒരിക്കലും ആരംഭിച്ചതല്ല, എന്നുമുണ്ടായിരുന്നതാണ്. അത് ഒരിക്കലും അവസാനിക്കുകയുമില്ല, എന്നും തുടരേണ്ടതാണ്. ഈ അനാദ്യന്ത സംഭാഷണത്തിന്റെ ചരിത്രഘട്ടത്തിലെ അന്ത്യരംഗമാണ് വചനത്തിന്റെ മനുഷ്യാവതാരം. അതാണു ക്രിസ്തുമസിൽ വെളിപ്പെട്ടത്. മറിയത്തിന്റെ ഉദരത്തിൽ അവതരിച്ചവൻ ചരിത്രത്തിൽ പ്രത്യേക്ഷപ്പെട്ടു, തിരുജനനത്താൽ. അതാണ് ക്രിസ്തുമസ്.

**ഭേദം കൂടാതെ**

ദൈവത്തിന്റെ മനുഷ്യാവതാരമെന്നു കേൾക്കുമ്പോൾ രണ്ടു തെറ്റിദ്ധാരണകൾക്കു സാധ്യതയുണ്ട്. ഒന്നാമത്തേത് അവതാരം എന്ന പദം സാധാരണ ഉപയോഗത്തിലെ അർത്ഥത്തിൽ മനസ്സിലാക്കുന്നതിലൂടെ വരുന്ന അബദ്ധമാണ്. നാടകത്തിൽ രാജാവിനെ ഒരാൾ അവതരിപ്പിച്ചു എന്നു പറഞ്ഞാൽ നടൻ തന്റെ പൂർവ്വികാവസ്ഥ ഉപേക്ഷിച്ചു യാഥാർത്ഥമായി രാജാവായിത്തീർന്നുവെന്നല്ല അർത്ഥം. അയാൾക്ക് മാറ്റം ഒന്നുമുണ്ടാകാതെ രാജാവിന്റെ വേഷം കെട്ടിയെന്നു മാത്രമേ അർത്ഥമുള്ളു. നാടകത്തിൽ രാജാവിനെ അവതരിപ്പിച്ചതുകൊണ്ട് യഥാർത്ഥജീവിതത്തിൽ അയാൾ രാജാവാകുന്നില്ല. ഇവിടെ അഭിനയം മാത്രമേയുള്ളൂ. യഥാർത്ഥ്യം ഇല്ല. യേശുവിന്റെ മനുഷ്യാവതാരം ഇത്തരത്തിൽപ്പെട്ടതല്ല. മനുഷ്യനായി കാണപ്പെടുക മാത്രമല്ല, യഥാർത്ഥത്തിൽ മനുഷ്യനാകുക തന്നെ ചെയ്തു. അത് യഥാർത്ഥമായ മനുഷ്യനാകലാണ്. അതുകൊണ്ടാണ് പൗലോസ് ഇങ്ങനെ എഴുതുന്നത്:

> ''ദൈവത്തിന്റെ രൂപത്തി
> ലായിരുന്നെങ്കിലും അവൻ
> ദൈവവുമായുള്ള സമാ
> നത നിലനിർത്തേണ്ട ഒരു
> കാര്യമായി പരിഗണച്ചില്ല'' (ഫിലി 2:6)

യേശു യഥാർത്ഥമായും മനുഷ്യനായി ജനിച്ചു, ബാഹ്യരൂപത്തിൽ മാത്രമല്ല, ആന്തരികസത്ത

യിലും യേശു യഥാർത്ഥ മനുഷ്യനായി. ഈ വിധത്തിൽ ചരിത്രാതീതൻ ചരിത്രാധീനനായിത്തീർന്നു.

മനുഷ്യാവതാരത്തെപ്പറ്റിയുള്ള മറ്റൊരു ധാരണ, മനുഷ്യാവതാരം വഴി ദൈവം ദൈവമല്ലാതെയായി എന്നതാണ്, ഇതും അബദ്ധമാണ്. കാരണം ദൈവത്തിന് ഒരിക്കലും ദൈവമല്ലാതാകാൻ കഴിയുകയില്ല. മാത്രമല്ല ദൈവമല്ലാതായാൽ മനുഷ്യാവതാരം തന്നെ പ്രയോജനശൂന്യമാകും. ദൈവമല്ലാത്തവൻ ചെയ്യുന്നതിനൊന്നും രക്ഷാകരമൂല്യമില്ലല്ലോ. മനുഷ്യാവതാരത്തിൽ സംഭവിച്ചത് ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും സംയോജനമാണ്. ദൈവമായിരിക്കെത്തന്നെ ദൈവപുത്രൻമനുഷ്യനായിത്തീർന്നു, മനുഷ്യത്വത്തെ തന്നിലേയ്ക്കു സ്വീകരിച്ചുകൊണ്ട്. ഈ സമ്പൂർണ്ണസംയോജനമാണ് മനുഷ്യാവതാരം. അതിനാൽ ക്രിസ്തുമസ് ദൈവത്തിന്റെ ജനനമാണ്. ദൈവത്വത്തിന്റെയല്ല. അതിനാൽ അതു തിരുജനനത്തിരുനാളാണ്. അതേ സമയം അത് ഒരു മനുഷ്യന്റെ ജനനവുമാണ്.

**പ്രവചനപൂർത്തീകരണം**

തിരുജനനം ഒരു ആകസ്മിക സംഭവമല്ല. ദൈവത്തിന്റെ ചരിത്രത്തിലുള്ള ഇടപെടലിന്റെ പൂർത്തീകരണമാണ്. അതിനാൽ ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങൾ തിരുജനനത്തിന്റെ സൂചനകളും മുൻകുറികളും മുന്നറിയിപ്പുകളും നൽകിക്കൊണ്ടിരുന്നു. മനുഷ്യന്റെ വീഴ്ചയുടെ ചരിത്രം ആരംഭിക്കുമ്പോൾത്തന്നെ മനുഷ്യാവതാരത്തിന്റെ മുൻകുറിയും ലഭ്യമായി. പാപം ചെയ്തു ശിക്ഷിക്കപ്പെട്ട പാമ്പിനോടു ദൈവം പറഞ്ഞു: 'നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിൽ ഞാൻ ശത്രുത ഉളവാക്കും അവൻ നിന്റെ തലതകർക്കും' (ഉത്പ 3:15). പാമ്പിന്റെ തല തകർക്കുന്നവൻ സ്ത്രീയുടെ പുത്രൻ എന്നതുപോലെ ദൈവത്തിന്റെയും പുത്രനാണ്.

അബ്രഹാമിനോടു ദൈവം വാഗ്ദാനം ചെയ്തു: 'ഈ നാടു നിന്റെ സന്തതിക്കു (ഹീബ്രുവിൽ സെറ-ബഹുവചനമല്ല ഏകവചനമാണ്) ഞാൻ കൊടുക്കും.' (ഉത്പ 12:7). ആരാണ് ഈ സന്തതിയെന്ന് പൗലോസ് വ്യക്തമാക്കുന്നു:

> വാഗ്ദാനങ്ങൾ ലഭിച്ചത് അബ്രഹാമിനും അവന്റെ സന്തതിക്കുമായിട്ടാണ്. പലരെ ഉദ്ദേശിച്ച് സന്തതികൾ എന്ന് അവിടെ പറഞ്ഞിട്ടില്ല. പ്രത്യുത ഒരുവനെ ഉദ്ദേശിച്ച് നിന്റെ സന്തതിക്കു എന്നാണു പറഞ്ഞിരിക്കുന്നത്. അതു ക്രിസ്തുവിനെ ഉദ്ദേശിച്ചാണ് (ഗലാ 3:16).

ഏശയ്യാ പ്രവാചകൻ ഇമ്മാനുവേലിന്റെ ജനനത്തെപ്പറ്റി പ്രവചിച്ചു (7:14). പിന്നീട് ആ ഇമ്മാനുവേലിനെ 'വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ്' (9:6) എന്നിങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നു.

**തിരുജനനം, സന്തോഷത്തികവ്**

യേശുവിന്റെ ജനനം സ്വർഗ്ഗം ആഘോഷിച്ചതു മാലാഖമാരെ അയച്ചുകൊണ്ടാണ്. അയയ്ക്കപ്പെട്ടവൻ ഇങ്ങനെ അറിയിച്ചു: ഇതാ സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. (ലൂക്കാ 2:10). തിരുജനനത്തെ വിശേഷിപ്പിക്കാൻ നാലു വിശേഷണങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. അത് സദ്വാർത്തയാണ്; അത് സന്തോഷത്തിന്റെ സദ്വാർത്തയാണ്; ആ സന്തോഷം-വലിയ സന്തോഷമാണ്; അത് എല്ലാവർക്കും വേണ്ടിയുള്ള സദ്വാർത്തയാണ്. എന്താണീ സദ്വാർത്ത യെന്നും ദൂതൻ അറിയിക്കുന്നു: 'നിങ്ങൾക്കായി ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു.' ( ലൂക്കാ 2:11). ഈ സന്തോഷത്തികവിന്റെ രഹസ്യം ഇതാണ്, ആർക്കും പറയാൻ കഴിയും ഇവൻ എനിക്കു വേണ്ടിയാണ് ജനിച്ചതെന്ന്. എല്ലാവരുടെയും സ്വന്തമാണവൻ. എല്ലാ സമുദായങ്ങളുടെയും സമൂഹങ്ങളുടെയും മാത്രമല്ല; എല്ലാ വ്യക്തികളുടെയും സ്വന്തമാണ് ഈ ശിശു. ഏശയ്യായുടെ വാക്കുകളുടെ പൂർത്തീകരണം: നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു (ഏശ 9:6) എല്ലാവരുടെയും സ്വന്തമാക്കാൻ കഴിയുന്ന ഏക ശിശുവിന്റെ ജനനം - അതാണു ക്രിസ്തുമസ്.

അറിയിപ്പിനുശേഷം മാലാഖവൃന്ദത്തെ അയച്ചുകൊണ്ട് സ്വർഗ്ഗം ഈ ജനനം ആഘോഷിച്ചു. ആ ആഘോഷത്തിന്റെ ഗാനം ഇങ്ങനെയായിരുന്നു: ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം/ ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം'' (ഈ ശിശുവിൽ സ്രഷ്ടാവായ ദൈവത്തിന്റെ ലക്ഷ്യം-മഹത്വം പ്രാപിക്കുകയെന്നത്- നിറവേറിയിരിക്കുന്നു. ഇവനിൽ സൃഷ്ടങ്ങളുടെ ലക്ഷ്യം- രക്ഷ, നിത്യസമാധാനം- നിറവേറിയിരിക്കുന്നു. കാരണം ഇവനിൽ ദൈവ- മനുഷ്യ കൂടിക്കാഴ്ച പൂർണ്ണമായിരിക്കുന്നു; ഇവൻ ഒരേ സമയം പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനുമാണ്).

സ്വർഗ്ഗത്തിന്റെ ആഘോഷം മനുഷ്യൻ ഏറ്റുപാടി. അതിങ്ങനെയാണ്: ''ശിശുവിനെക്കുറിച്ചു തങ്ങളോടു പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ ഇടയൻമാർ അറിയിച്ചു. അതുകേട്ടവരെല്ലാം അത്ഭുതപ്പെട്ടു'' (ലൂക്കാ 2:18). ദൈവവും മനുഷ്യരും ഒരേ സമയം ആഘോഷിക്കുന്നു. ഈ ആഘോഷം പരസ്പരം കണ്ടുമുട്ടുന്നു. കാരണം ജനിച്ച ശിശു ദൈവ- മനുഷ്യ സംഗമമാണ്. ദൈവം മനുഷ്യനെയും മനുഷ്യർ ദൈവത്തെയും കണ്ടുമുട്ടുന്ന സംഗമസ്ഥാനം.

# എന്റെ ബൈബിൾ വായന





രവിവർമ്മ തമ്പുരാൻ

സ്കൂളിൽ പഠിക്കുമ്പോൾ ഒരു വണ്ടിയിൽ മൂന്നാലാളുകൾ സ്കൂൾ മുറ്റത്തു വന്നിറങ്ങി. സൗജന്യമായി ക്ലാസ് മുറിയിൽ കൊണ്ടുവന്നു തന്ന നീലച്ചട്ടയുള്ള കുഞ്ഞു പുസ്തകമാണ് ഞാൻ കണ്ട ആദ്യ ബൈബിൾ. പോക്കറ്റ് ഡയറിയുടെ വലുപ്പമുള്ള ആ പുസ്തകം ഞാൻ ഒരുപാടുകാലം സൂക്ഷിച്ചുവച്ചു. ആ പുസ്തകത്തിന്റെ ചെറുപ്പവും ചട്ടയുടെ ഭംഗിയും ഒഴുക്കുള്ള മൂലകളും ഒക്കെക്കൂടി ആകെപ്പാടെയുള്ള ഓമനത്തമാണ് അന്നെന്നെ ആകർഷി ച്ചത്.

ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജിൽ പ്രീഡിഗ്രിയും ഡിഗ്രിയും പഠിച്ച അഞ്ചുവർഷക്കാലത്തും ബൈബിൾ വായിക്കാനൊന്നും പറ്റിയിട്ടില്ലെങ്കിലും സ്റ്റുഡന്റ്സ് ക്രിസ്ത്യൻ മൂവ്മെന്റിന്റെ ആഴ്ചക്കൂട്ടങ്ങളിൽ പ്രസംഗകനോ ശ്രോതാ വോ ആയി സ്ഥിരമായി പങ്കെടുത്ത് ഞാൻ ബൈബിളിനെ കുറിച്ച് കൂടുതലായി കേട്ടു, അറിഞ്ഞു.

പത്രപ്രവർത്തനം പഠിച്ചിറങ്ങി മലയാള മനോരമയിൽ ജോലിക്കു ചേർന്നപ്പോൾ പരിശീലനകാലം കഴിഞ്ഞ് ആദ്യത്തെ ഏഴുവർഷം വിവിധ ബ്യൂറോകളിലായി ജോലി. കോളജിൽ വച്ചുണ്ടായ ഇഷ്ടം കാരണം റിപ്പോർട്ടർ എന്ന നിലയിൽ രാഷ്ട്രീയക്കാർ കഴിഞ്ഞാൽ ഞാൻ ഏറ്റവും കൂടുതൽ ഇടപെട്ടത് പള്ളികളും പുരോഹിതരായുമൊക്കെയാണ്. മെത്രാന്മാരും വൈദികരുമൊക്കെയായി ലോഹ്യം കൂടാനുള്ള ഒരു അവസരവും പാഴാക്കിയിട്ടില്ല.

ആലപ്പുഴയിലെ ജോലിക്കാലത്ത് ഒരുപാട് അടുപ്പമുണ്ടായിരുന്ന ഒരു വൈദികനുണ്ട്. ഫാ. വി.പി. ജോസഫ് വലിയവീട്ടിൽ. ലത്തീൻ കത്തോലിക്കാ സഭയിലെ അംഗമാണദ്ദേഹം. കടലോരത്ത് മൽസ്യത്തൊഴിലാളികൾ ക്കിടയിൽ പ്രവർത്തിക്കുന്ന കൃപാസനം എന്ന സംഘടനയുടെ പ്രധാന ചുമതലക്കാരനും തുമ്പോളി പള്ളിയിലെ ഉപവികാരിയുമായിരുന്നു പരിചയപ്പെടുന്ന കാലത്ത് അദ്ദേഹം. പിന്നീട് പല പള്ളികളിൽ അദ്ദേഹം ജോലി ചെയ്യുകയും ഉപവികാരിയിൽ നിന്ന് പ്രധാന വികാരിയിലേക്ക് വളരുകയും ചെയ്തെങ്കിലും ഞങ്ങളുടെ അടുപ്പം ഒട്ടും കുറഞ്ഞില്ല.

നാലു വർഷത്തെ ആലപ്പുഴ പ്രവർത്തന കാലത്ത് അത്രമാത്രം അടുത്തുപോയതുകൊണ്ടാകാം എനിക്ക് കോട്ടയത്തിനു സ്ഥലം മാറ്റം കിട്ടിയപ്പോൾ അദ്ദേഹം കാണാൻ വന്നത് ഒരു ആവശ്യവുമായാണ്. ഞങ്ങളുടെ സൗഹൃദ

ത്തിന്റെ ഓർമയ്ക്ക്  ഒരു ഉപഹാരം തരും അതു സ്വീകരിക്കണം.

ഒരു തരത്തിലുള്ള ഉപഹാരവും സ്വീകരി ക്കുന്ന പ്രകൃതക്കാരനല്ലെങ്കിലും അച്ചൻ തരുന്ന ഉപഹാരം സ്വീകരിക്കാമെന്ന് ഞാൻ പറഞ്ഞു. പക്ഷേ, ഒരു വ്യവസ്ഥയുണ്ട്. എനിക്ക് ഒരു ബൈബിൾ വേണം ഉപഹാരമായി തരാൻ. അതും വായിച്ചാൽ മനസ്സിലാവുന്ന ഒരു ബൈബിൾ. ഗിഡിയൻസിന്റെ താളുകളിലെ ഭാഷ എന്നെ വിഷമിപ്പിച്ചിരുന്നതിനാലാണ് അങ്ങനെ എടുത്തു പറയേണ്ടി വന്നത്. ഉപചാരം ചൊല്ലിപ്പിരിഞ്ഞ് ഒന്നുരണ്ട് ആഴ്ച കഴിഞ്ഞപ്പോൾ എന്നെത്തേടി അൽപം കനമുള്ളൊരു പാഴ്സൽ വന്നു. ആ നേരത്ത് എനിക്കുണ്ടായ സന്തോഷം പറഞ്ഞാൽ കേൾക്കുന്നവർക്ക് കുളിരുകൊണ്ടെന്നു വരാം. അത്രയ്ക്കായിരുന്നു സന്തോഷം.

ജോസഫ് അച്ചന്റെ സമ്മാനമല്ലേ? അപ്പോൾ തന്നെ തുറന്നുനോക്കി. ഞാൻ ആഗ്രഹിച്ചതു പോലെ വായിച്ചാൽ എളുപ്പം മനസ്സിലാവുന്ന, മലയാളത്തിലുള്ള ഒരു പുസ്തകമായിരുന്നു അത്. ഓശാനക്കുന്നിൽ നിന്ന് പ്രസിദ്ധീകരിച്ച ആ ബൈബിൾ പ്രഖ്യാപിത സഭകളൊന്നും ആധികാരിക വേദപുസ്തകമായി കരുതാറി ല്ലെന്ന് പിന്നീട് ചിലരൊക്കെ പറഞ്ഞെങ്കിലും ഭക്തിയുടെ അടിസ്ഥാനത്തിലല്ലാതെ, എന്നാൽ ഉള്ളിലുള്ളതിനെ അറിയണമെന്ന ജിജ്ഞാസ കൊണ്ട് ബൈബിൾ വായിക്കാൻ ആഗ്രഹിക്കു ന്നവർക്ക് കൂടുതൽ ഫ്രണ്ട്ലിയായി തോന്നുക ആ ബൈബിളായിരിക്കും എന്ന് എനിക്കു തോന്നുന്നു. എന്തായാലും ആ സമ്മാനം കയ്യിലെത്തിയ തോടെ എന്റെ ബൈബിൾ വായന തുടങ്ങുകയാ യിരുന്നു. ഇന്നും പൂർത്തിയാകാത്ത വായന. അല്ലെങ്കിലും ആരാണ് ബൈബിൾ വായിച്ചു പൂർത്തിയാക്കിയിട്ടുണ്ടാവുക? ഓരോ വായന യിലും ഓരോ അർഥതലങ്ങളുമായി ഓരോരു ത്തരും ബൈബിൾ നിരന്തരം വായിച്ചുകൊണ്ടേ യിരിക്കുന്നു. പൂർത്തിയാകാത്ത വായന. നേരത്തേ സൂചിപ്പിച്ചല്ലോ, ഭക്തിയല്ല ബൈബിളിനോട് എന്നെ അടുപ്പിക്കുന്നത്, അന്നും ഇന്നും. പിന്നെ ന്താണ്? ലോകത്തിന് ലഭിച്ച അറിവിന്റെ പുസ്തകങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് ബൈബിൾ എന്നു ഞാൻ കരുതുന്നു. മതഗ്രന്ഥം എന്ന നിലയിൽ പരിപാവനതയോടെ കൈകാര്യം ചെയ്യുന്ന പലരും ശ്രദ്ധിച്ചിട്ടില്ലാത്ത ചില വിശേഷ അർഥതലങ്ങൾ ബൈബിളിനുണ്ടെന്ന നിഗമന ത്തിലാണ് എന്റെ വായന തുടരുന്നത്.

ബൈബിൾ മുന്നോട്ടു വയ്ക്കുന്ന പരിസ്ഥിതി സന്ദേശമാണ് മേൽപരാമർശിച്ച വ്യത്യസ്തമായ അർഥതലങ്ങളിലൊന്ന്. പരിസ്ഥിതി ചിന്തയോടെ ബൈബിളിനെ സമീപിക്കുമ്പോൾ ഭൂരിപക്ഷം വിശ്വാസികളും വ്യാഖ്യാനിച്ചു വന്നിട്ടുള്ളതിൽ നിന്നു വ്യത്യസ്തമായ നിഗമനങ്ങളാണ് ലഭി ക്കുക. ഇന്നത്തെ ലോകത്തിന്റെ സ്വച്ഛന്ദമായ നിലനിൽപ്പിന് ഇത്തരം വ്യാഖ്യാനങ്ങൾ അത്യാവശ്യവുമാണ്. മനുഷ്യന്റെ ഉപയോഗ ത്തിനാണ് സസ്യങ്ങളെയും പ്രകൃതിയിലെ മറ്റെല്ലാ ജീവജാലങ്ങളെയും ദൈവം സൃഷ്ടിച്ചത്. അതുകൊണ്ട് മനുഷ്യന്റെ നിലനിൽപ്പും സുഖസൗകര്യങ്ങളുമാണ് പ്രധാനം എന്നാണ് അവർ പ്രചരിപ്പിക്കുന്നത്. മനുഷ്യന്റെ കാര്യം കഴിഞ്ഞിട്ടുമതി ബാക്കിയെല്ലാം എന്നവർ ശഠിക്കുന്നു. പക്ഷേ, ബൈബിളിനെ ആഴത്തിൽ വായിക്കുന്നൊരാൾക്ക് മനസിലാവുക മറിച്ചാണ്. ദൈവ സൃഷ്ടിയിലെ ഏറ്റവും അവസാനത്തെ സ്ഥാനമാണ് മനുഷ്യന്. മനുഷ്യൻ പ്രകൃതിയെ പരിപാലിക്കാനുള്ള കാവൽക്കാരൻ മാത്രമാണ് എന്ന് ബൈബിൾ പറയുന്നു.

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നു വെളിപ്പെടുത്തിക്കൊണ്ടാണ് ബൈബിളിലെ പഴയനിയമം ആരംഭിക്കുന്നത്. ഉത്പത്തിയുടെ രഹസ്യം വെളിവാക്കുക എന്നതാണ് ഉദ്ദേശ്യം. ഒന്നാം ദിവസം ദൈവം വെളിച്ചത്തെ സൃഷ്ടിക്കുകയും അതിനെ ഇരുട്ടിൽ നിന്ന് വേർതിരിക്കുകയും ചെയ്തു. വെളിച്ചത്തിനു പകൽ എന്നും ഇരുട്ടിനു രാത്രി എന്നും പേരിട്ടു. രണ്ടാം ദിവസം ദൈവം ആകാശത്തെയും ഭൂമിയിലെ വെള്ളത്തെയും വേർതിരിച്ചു. മൂന്നാം ദിവസം ദൈവം ചെയ്തത് ഭൂമിയിലെ വെള്ളത്തെ എല്ലാം കൂടി ഒരിടത്താ ക്കുകയും അതിനെ കടൽ എന്നു പേരു വിളിക്കു കയുമാണ്. വെള്ളമില്ലാത്ത വരണ്ട കരയെ ദൈവം ഭൂമി എന്നു വിളിച്ചു.  അനന്തരം ദൈവം അരുൾ ചെയ്തു. ''ഭൂമിയിൽ സസ്യങ്ങൾ മുളച്ചു വരട്ടെ. അതതുതരം വിത്തുള്ള ചെടികളും അതതുതരം കുരുവോടുകൂടിയ ഫലം കായ് ക്കുന്ന വൃക്ഷങ്ങളും. അത് അങ്ങനെ ആയി. ഭൂമി സസ്യങ്ങൾ മുളപ്പിച്ചു. അതതുതരം വിത്തു കളോടു കൂടിയ ചെടികളും അതതുതരം കുരുവോടുകൂടിയ ഫലം കായ്ക്കുന്ന വൃക്ഷ ങ്ങളും. അതു നല്ലത് എന്നു ദൈവം കണ്ടു. നാലാം ദിവസം ദൈവത്തിന്റെ ജോലി പകലും രാത്രിയും വേർതിരിക്കാൻ ആകാശക്കമാന ത്തിൽ ജ്യോതിസുകളെ സൃഷ്ടിക്കുകയാ യിരുന്നു. സൂര്യനെയും ചന്ദ്രനെയും നക്ഷത്ര ങ്ങളെയും അദ്ദേഹം അന്നു സൃഷ്ടിച്ചു.അഞ്ചാം ദിവസം ദൈവം ഇങ്ങനെ അരുൾ ചെയ്തു. ''വെള്ളത്തിൽ ധാരാളം ജീവികൾ ഉണ്ടാകട്ടെ. പക്ഷികൾ ഭൂമിക്കു മുകളിൽ ആകാശക്കമാനത്തിലൂടെ പറക്കട്ടെ. അങ്ങനെ ദൈവം വലിയ ജലവ്യാളികളെയും കടലിൽ കൂട്ടങ്ങളായി ചലിക്കുന്ന എല്ലാത്തരം

ജീവികളെയും വിവിധ ഇനം പക്ഷികളെയും സൃഷ്ടിച്ചു. അതു നല്ലത് എന്നു ദൈവം കണ്ടു. അവയെ അനുഗ്രഹിച്ച് ദൈവം അരുൾ ചെയ്തു. ''വംശവർധനയോടെ പെരുകി കടലിലെ വെള്ള ത്തിൽ നിറയുവിൻ. പക്ഷികൾ ഭൂമിയിൽ പെരുകട്ടെ.''

ആറാം ദിവസമാണ് ദൈവത്തിന്റെ സൃഷ്ടി കർമം പൂർത്തിയായത്. വിശ്രമിക്കുന്നതിനു തൊട്ടുമുമ്പുള്ള ആ ദിവസം ദൈവം എന്തൊ ക്കെ ചെയ്തുവെന്ന് ശ്രദ്ധിക്കുക.

ദൈവം അരുൾ ചെയ്തു. ജീവികളെ അതതിന്റെ ഇനങ്ങൾ അനുസരിച്ച്, കന്നുകാലി കളെയും ഇഴജന്തുക്കളെയും കാട്ടുമൃഗങ്ങളെയും അവ യുടെ ഇനങ്ങൾ അനുസരിച്ച്, ഭൂമി ഉത്പാദി പ്പിക്കട്ടെ. അത് അങ്ങനെ ആയി. അപ്രകാരം കാട്ടുമൃഗങ്ങളെ അവയുടെ ഇനങ്ങൾ അനുസ രിച്ചും കന്നുകാലികളെ അവയുടെ ഇനങ്ങൾ അനുസരിച്ചും നിലത്ത് ഇഴയുന്ന ജീവികളെ അവയുടെ ഇനം അനുസരിച്ചും ഉണ്ടാക്കി. അത് നല്ലത് എന്ന് ദൈവം കണ്ടു.

അനന്തരം ദൈവം അരുൾ ചെയ്തു. നമ്മുടെ പ്രതിച്ഛായയിൽ സദൃശ്യനായി മനുഷ്യനെ നാം നിർമിക്കട്ടെ. സമുദ്രത്തിലെ മത്സ്യങ്ങളുടെ മേലും ആകാശത്തിലെ പക്ഷികളുടെ മേലും കന്നു കാലികളുടെമേലും ഭൂമിയിലെ സർവ്വ വന്യ ജന്തുകളുടെമേലും നിലത്ത് ഇഴയുന്ന എല്ലാ ഇഴജന്തുക്കളുടെ മേലും അവർക്ക് അധികാരം ഉണ്ടായിരിക്കട്ടെ. അങ്ങനെ ദൈവം സ്വന്തം പ്രതിച്ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു; ദൈവം തന്റെ പ്രതിച്ഛായയിൽ അയാളെ സൃഷ്ടിച്ചു; ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു; അവരോട് അരുൾ ചെയ്തു: 'നിങ്ങൾ സന്താന പുഷ്ടിയോടെ പെരുകി, ഭൂമിയിൽ നിറഞ്ഞ് ഭൂമിയെ കീഴടക്കുക. കടലിലെ മത്സ്യങ്ങളും ആകാശത്തിലെ പക്ഷികളും ഭൂമിയിൽ ചരിക്കുന്ന എല്ലാ ജീവജാലങ്ങളും നിങ്ങളുടെ അധികാരത്തിൻ കീഴിലായിരിക്കും. ആറു ദിവസം കൊണ്ട് ദൈവം പൂർത്തിയാക്കിയ സൃഷ്ടികർമം സൂക്ഷ്മ മായി മനസിലാക്കിയാൽ ഒരു കാര്യം നമുക്കു വ്യക്തമാവും. ദൈവത്തിന്റെ പ്രിയം ഏറ്റവും കൂടുതൽ ഉണ്ടായിരുന്നത് സസ്യങ്ങളുടെയും മറ്റു ജീവജാലങ്ങളുടെയും മേലാണെന്ന്. തന്റെ സൃഷ്ടിയിലെ ആദ്യജാതരെ ചൂണ്ടി ദൈവം മനുഷ്യനോടു പറഞ്ഞത് അവ നിങ്ങളുടെ അധികാരത്തിൻ കീഴിലായിരിക്കും എന്നാണ്. അധികാരമുള്ളയാൾ ചെയ്യേണ്ടത് എന്താണ്? പ്രധാനമന്ത്രിക്ക് ഇന്ത്യയിലെ ജനങ്ങളുടെമേൽ അധികാരം ഉണ്ട് എന്ന് പറഞ്ഞാൽ അതിനർഥം ഇവിടുത്തെ ജനങ്ങളെ തന്റെ ഇച്ഛയ്ക്കനു സരിച്ച് കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് അധികാരം ഉണ്ടെന്നാണോ? ഭരണാധികാരി കളുടെ ചുമതല എന്താണ്? തന്റെ അധികാര പരിധിയിൽപെട്ട ജന വിഭാഗങ്ങളെ സംരക്ഷിക്കുകയല്ലേ? സ്വന്തം പ്രജകളെ കൊന്നുതിന്ന ഇദി അമീനെയല്ലല്ലോ നമ്മൾ മാതൃകയാക്കേണ്ടത്. അപ്പോൾ സസ്യ ങ്ങളുടെയും മറ്റു ജീവജാലങ്ങളുടെയും മേൽ ദൈവം മനുഷ്യനു നൽകിയ അധികാരം അവയെ സംരക്ഷിക്കാനുള്ളതല്ലേ. അതെ, ബൈബിളിന്റെ തുടക്കം തന്നെ മനുഷ്യനെ വ്യക്തമായി ചുമതല പ്പെടുത്തുന്നു, ഭൂമിയിലെ സസ്യങ്ങളെയും ജീവജാല ങ്ങളെയും സംരക്ഷിക്കാൻ.

തുടർന്നങ്ങോട്ട് ഏദൻതോട്ടം, നിനവേയി ലേക്കുപോയ യോനാ പ്രവാചകനുണ്ടായ അനുഭവം, കാടപ്പക്ഷികളുടെ കഥ തുടങ്ങി ഒട്ടേറെ ഉപമകളിലൂടെ പരിസ്ഥിതി സംരക്ഷ ണത്തിന്റെ ഉത്തരവാദിത്തം ബൈബിൾ നമ്മെ ഓർമിപ്പിക്കുന്നു. പുതിയ നിയമത്തിൽ ആകാശത്തിലെ പറവകളെ നോക്കി വാഴ്‌വിന്റെ രഹസ്യം ഗ്രഹിക്കുക എന്നു പറയുന്നിടത്തും പ്രകൃതിവിഭവങ്ങളുടെ അമിത ചൂഷണത്തി നെതിരെ താക്കീതാണ് മുഴങ്ങിക്കേൾക്കുന്നത്.

എന്റെ ശയ്യാനുകമ്പ എന്ന നോവലിൽ ആനന്ദ് വർഗീസ് എന്ന കഥാപാത്രത്തെക്കൊണ്ട് ഇക്കാര്യ ങ്ങളൊക്കെ പറയിക്കുന്നുണ്ട്. കുറെയേറെ പള്ളികളിൽ ഈ വിഷയം പ്രസംഗിച്ചിട്ടുമുണ്ട്. ●




Dear Rev.Father

എന്റെ നോവലിന്റെ പഠനം നല്കിയതിന് ഞാൻ നന്ദി പറയുന്നു. മാസികയ്ക്കും അതിന്റെ അണിയറ പ്രവർത്തകർക്കും മഞ്ജുഷ ടീച്ചർക്കും കടപ്പെട്ടിരിക്കുന്നു.

എന്റെ സ്നേഹം

**ഫ്രാൻസിസ് നൊറോണ**

*(ഇടയശബ്ദം തുടർച്ച)*

നേടിയ നൂറുകണക്കിനു രോഗികളുടെ സംഗമത്തിലും ക്രിസ്തുമസ് ആഘോഷത്തിലും പങ്കെടുത്തു. രോഗത്തിൽ നിന്നും പൂർണ്ണമായല്ലെങ്കിലും വിടുതൽ ലഭിച്ച അനേകരുടെ സാക്ഷ്യം കേൾക്കുവാൻ ഇടയായി. എല്ലാവരും പറഞ്ഞത് മനുഷ്യസ്നേഹിയായ ഡോ. ജെൻസിയെക്കുറിച്ചാണ്. തങ്ങളുടെ നിസഹായാവസ്ഥയിൽ ദൈവത്തിന്റെ സൗഖ്യദായകകരങ്ങളായി രോഗികൾ ഇവരെ കാണുന്നു; പ്രശംസിക്കുന്നു. എത്ര വലിയ പ്രത്യാശയാണ് ഈ സഹോദരി മനുഷ്യരിൽ ചെലുത്തുന്നത്. നമ്മുടെ അടുക്കൽ വരുന്നവർക്ക് ഊർജ്ജം പകരുവാൻ നമ്മുടെ പക്കൽ എന്തെങ്കിലും വേണം. അവയെ പരിപോഷിപ്പിക്കാൻ യത്നിക്കണം. എല്ലാവർക്കും പ്രത്യാശ നിർഭരമായ 2018 ആശംസിച്ചുകൊണ്ട്...

## ഉപകാരസ്മരണ

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചു തരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവിക ദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാം ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെ കൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**ലൂസി, കളരികാലായിൽ**

## 'പ്രവാസികളായ സഭാമക്കളുടെ വിശ്വാസതീഷ്ണത്തിൽ സഭ അഭിമാനിക്കുന്നു'– കർദിനാൾ ക്ലിമ്മീസ് കാതോലിക്ക ബാവ




മലങ്കര കത്തോലിക്കാ സഭാ ഗൾഫ് സംഗമം റാസൽഖൈമയിൽ കർദിനാൾ ബസേലിയോസ് ക്ലിമ്മീസ് കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്നു. ബിഷപ്പ് പോൾ ഹിന്റർ, ആർച്ചു ബിഷപ്പുമാരായ വത്തിക്കാൻ സ്ഥാനപതി ഫ്രാൻസിസ്കോ പഡീല്ല, ഡോ. തോമസ് മാർ കൂറിലോസ്, മെത്രാന്മാരായ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം, ഡോ. ജോസഫ് മാർ തോമസ്, ഡോ. എബ്രഹാം മാർ യൂലിയോസ്, ഡോ. വിൻസെന്റ് മാർ പൗലോസ്, ഡോ. ജേക്കബ് മാർ ബർണബാസ്, ഡോ. തോമസ് മാർ യൗസേബിയോസ്, ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ്, ഡോ. ഗീവർഗീസ് മാർ മക്കാറിയോസ്, ഡോ. തോമസ് മാർ അന്തോണിയോസ്, ഡോ. സാമുവേൽ മാർ ഐറേനിയോസ്, ഡോ. ജേക്കബ് പുന്നൂസ് ഐ.പി.എസ്, ഫാ. മാത്യു കണ്ടത്തിൽ, ബിരൻ ഫിലിപ്പ്, പോൾസൺ മാത്യു തുടങ്ങിയവർ സമീപം.

## ഐക്യദീപം മലയാളം ചെറുകഥാ മത്സരം

മികച്ച കഥാകൃത്തുക്കളെ സൃഷ്ടിക്കാനും ആദരിക്കാനും ഐക്യദീപം മാസിക അവസരം ഒരുക്കുന്നു. ചെറുകഥ അഞ്ചുപേജിൽ കവിയാൻ പാടില്ല. നിങ്ങളുടെ രചനയോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോ, വിലാസം ഇവ ഐക്യദീപം ഓഫീസിൽ ജനുവരി 31 നു മുൻപായി തപാലിലോ നേരിട്ടോ എത്തിക്കുക. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടുന്നവർക്ക് മികച്ച സമ്മാനങ്ങൾ നൽകുന്നു.

**വിലാസം :**

Chief Editor, Aikyadeepam Monthly
Theological and Catechetical Centre, Sameeksha, Kulakkad,
Tiruvalla-1. Phone: 0469-2600626, E-mail :
aikyadeepamtvla@gmail.com





# പുതുകുന്നിലെ പാതിരാ നക്ഷത്രങ്ങൾ

## ക്രിസ്മസിനെ വരവേൽക്കാൻ പുതുകുന്ന് ഒരുങ്ങി.



സെലേഷ് മെറിൻ തോമസ്

'ഞങ്ങൾ തിരുവനന്തപുരം പുതുകുന്ന് സി.എം.എസ്.ചർച്ചിൽ അവന്റെ നക്ഷത്രം കണ്ട്, ലോക സമാധാനത്തിനായ് പിറന്നവനെ ആരാധിക്കാൻ വന്നിരിക്കുകയാണ്. ഇതുകേട്ട് പുതുകുന്നിലെ സർവ്വജനങ്ങളും സന്തോഷവാന്മാരായി, അവരോടൊപ്പം കേരളം മുഴുവനും''. ക്രിസ്മസ്

ദിനത്തിൽ ആയിരക്കണക്കിന് നക്ഷത്ര വിളക്കുകൾ ഉയരുന്ന സ്ഥലമുണ്ട് തിരുവനന്തപുരത്ത് ഞാണ്ടൂർക്കോണം പുതുകുന്ന് സി.എം.എസ്. പള്ളി. അയ്യായിരത്തിലധികം നക്ഷത്രങ്ങൾ പ്രകാശിപ്പിച്ചാണ് പ്രദേശനിവാസികൾ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്ത ലോകത്തെ അറിയിക്കുന്നത്. ഈ അടയാളം അടിസ്ഥാനമാക്കി നാനാജാതി മതസ്ഥർ പുതുകുന്നിലെത്തി ആയിരക്കണക്കിന് നക്ഷത്രങ്ങൾ സാക്ഷിനിർത്തി പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയേശുവിനെ കണ്ട് മടങ്ങുന്നു.

''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം
ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം''

ചോരയുടെയും നീരിന്റെയും ചരിത്രം മണക്കുന്ന അടിത്തറയിൽ നിന്നാണ് പുതുകുന്ന് എന്ന മേൽപ്പുര സ്ഥാപിതമായത്. 1806-ൽ ആരംഭിക്കുന്നു ഈ ദേശത്തിന്റെ കഥ. പ്രകൃതി പ്രതിഭാസങ്ങളോടും, മാറാരോഗങ്ങളോടും പടവെട്ടി മണ്ണ് പൊന്നാക്കിയ ക്രിസ്തു പിൻമുറക്കാരുടെ സഹനത്തിന്റെ ചരിത്രം. 1924-ലെ (കൊല്ലവർഷം 1099) വെള്ളപ്പൊക്കത്തിൽ വളരെയധികം യാതനകൾ സഹിക്കേണ്ടിവന്ന നെയ്യാറ്റിൻക്കര, അമരവിള, കളിയിക്കാവിള തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾ എത്തിച്ചേർന്നപ്പോൾ അവർക്ക് മനോധൈര്യം നൽകിയത് കർത്താവ് അബ്രാമിനോട് പറഞ്ഞ വാക്കുകൾ ആയിരുന്നു.


''നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചു തരുന്ന നാട്ടിലേക്കു പോവുക. ഞാൻ നിന്നെ വലിയ ജനതയാക്കും'' (ഉൽപ 12:1,2).

ജീവിതത്തിൽ തടയിട്ടു നിന്ന പരീക്ഷണങ്ങളിൽ അവർ ആശ്രയിച്ചത് ദൈവത്തെതന്നെയായിരുന്നു. പുതുതലമുറയുടെ വളർച്ചയും, വിശ്വാസവും മുന്നിൽ കണ്ട പള്ളിയും പള്ളിക്കൂടവും സ്ഥാപിച്ചു. അവിടുത്തെ ഓരോ ശിലകളിലും അവിടുത്തെ വിശ്വാസികളുടെ രക്തം പൊടിഞ്ഞിരുന്നു. ഉദയ സൂര്യന്റെയും അസ്തമന സൂര്യന്റെയും രശ്മികളേറ്റ് തിളങ്ങി നിൽക്കുന്ന ഈ പ്രദേശം ഒരു കാലത്ത് കുറ്റവാളികളെ തൂക്കി കൊല്ലുന്നതിനായി ഉപയോഗിച്ചിരുന്നു. ചോരമണത്തിരുന്ന 'തൂക്ക് കുന്ന്' ആണ് താരങ്ങൾ നിറഞ്ഞ പുതുകുന്നായി കാലാന്തരപ്പെട്ടത്.

'സ്നേഹം' എന്ന വലിയ ആശയുമായി ക്രിസ്തുവും ശിഷ്യന്മാരും 'വള്ളവും വലയും' വലിച്ചെറിഞ്ഞ് ലോകമനസുകളിൽ സ്ഥാനം പിടിച്ചത് അവരുടെ യൗവന കാലഘട്ടത്തിലാണ്. യൗവന കാലഘട്ടത്തിൽ തന്നെ ദൈവത്തെ തിരിച്ചറിഞ്ഞവരാണ് പുതുകുന്നിലെ യുവതികളും യുവാക്കളും. ജോലിയ്ക്കും, വിദ്യാഭ്യാസത്തിനും നാനാഭാഗങ്ങളിൽ പോകുന്ന വിദ്യാർത്ഥികൾ ക്രിസ്തുമസിനൊരുക്കമായി മാസങ്ങൾക്ക് മുമ്പെ ഒന്നിച്ചുകൂടുന്നു. ഇവിടുത്തെ യുവജനങ്ങളുടെ അധ്വാനത്തിന്റെയും സർഗാത്മകതയുടെയും പ്രതിഫലനമാണ് ക്രിസ്മസ് രാത്രിയിൽ ഉയരുന്ന അയ്യായിര ത്തിൽപരം നക്ഷത്രങ്ങൾ. തുടക്കത്തിൽ ക്രിസ്തുവിന്റെ ജനനത്തെ സൂചിപ്പിക്കുന്ന 25 നക്ഷത്രങ്ങൾ കൊളുത്തി കാത്തിരുന്ന പുതുകുന്ന് പ്രതീക്ഷയുടെ പ്രത്യാശയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുവാൻ ഓരോ ക്രിസ്തുമസ്സിനും ഒരായിരം നക്ഷത്രങ്ങൾ ഒരുക്കി പുതുക്കുന്നിന്റെ പ്രകാശമായി വിത........ ഈ ക്രിസ്തുമസ്സിനെയും വരവേല്ക്കാൻ അയ്യായിരത്തോളം നക്ഷത്രകണ്ണുകൾ വിടരും. വെളിപാടുകിട്ടിയവന്റെ പ്രകാശത്തെ ഒരു കാറ്റിനും അണയ്ക്കാനാവില്ല. നക്ഷത്രവിളക്കു കൊളുത്തി ക്രിസ്തുവിന്റെ പ്രകാശത്തെ അപരനിലേയ്ക്ക് നൽകുവാൻ നിയോഗിക്കപ്പെട്ടവരാണ് തങ്ങൾ എന്ന തിരിച്ചറിവ് സഹജനിലേയ്ക്ക് കരുതലിന്റെ കൈത്താങ്ങേകുവാൻ ഓരോ ക്രിസ്തുമസ്സിനും ആയിരിക്കണക്കിനു നക്ഷത്രങ്ങളുടെ അകമ്പടിയോട് പുതുകുന്ന് തയ്യാറാകുന്നു. അവ ആ പ്രദേശം മുഴുവൻ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും പ്രകാശം പരത്തുന്നു. ചാരിറ്റി വർക്കുകൾ, ഭവന നിർമ്മാണ പ്രവർത്തനങ്ങൾ, ഭക്ഷണ ദാനം തുടങ്ങി വിവിധ സാമൂഹിക പ്രവർത്തനങ്ങൾ ക്രിസ്തുവിന്റെ ആഗമനത്തിന് മുന്നോടിയായി ഒരുക്കുന്നു. സമകാലികരിൽ നിന്ന് വ്യത്യസ്തരായി പുതിയ സന്ദേശം ലോകത്തിനു മുമ്പിൽ സമർപ്പിച്ച് മാതൃകകളാകുന്നു പുതുകുന്നിലെ ഈ കൗമാരക്കാർ.

നൂറ്റാണ്ടുകൾക്ക് മുമ്പ് ചരിത്രത്തിന്റെ ആരംഭത്തിൽ സ്നേഹനാഥൻ പുൽക്കൂട്ടിൽ ജാതനായപ്പോൾ അടയാളമായി വഴിക്കാട്ടിയത് നക്ഷത്രമായിരുന്നു. ആ അടയാളം മനുഷ്യമനസിൽ ഒഴിച്ചുകൂടാനാവാത്ത പ്രതീകമായി ഇന്നും നിലനിൽക്കുന്നു. ഒരു ജനത മരിച്ചുപോയ തങ്ങളുടെ ആത്മാക്കളെ നക്ഷത്രങ്ങളിൽ കാണുമ്പോൾ, മറ്റു വിഭാഗം ക്രൈസ്തവർ (മാലാഖമാരായും) പ്രത്യാശയുടെയും സന്തോഷത്തിന്റെയും പ്രതീകമായി ഇതിനെ ദർശിക്കുന്നു. ''മനുഷ്യ മനസിന്റെ ആശ്വാസമാണ് താരങ്ങൾ'' എന്ന നിഗമനത്തിലെത്താം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കണ്ടും കേട്ടും അറിഞ്ഞ് പുതുകുന്നിലെത്തുന്ന ജനങ്ങൾ പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങളിൽ കണ്ടെത്തുന്നത് മനസിന്റെ സമാധാനത്തിന്റെ, സന്തോഷത്തിന്റെ, പുതുമയുടെ ആശ്വാസം തന്നെയാണ്.

●




### ചരിത്രത്തിലെ നിർണായക ക്രിസ്തുമസ്

# ദൈവിക ഇടപെടലിന്റെ സ്മരണ



**ഫാ. ചെറിയാൻ രാമനാലിൽ കോർ എപ്പിസ്ക്കോപ്പ**

**ക്രി**സ്തുവിന് സമശീർഷനായ ഒരു വ്യക്തിയോ ക്രിസ്തുമസിന് പകരം നിർത്താവുന്ന ഒരു ജന്മദിനാഘോഷമോ ചരിത്രത്തിലില്ല. 2000 വർഷം തുടർച്ചയായി ആഘോഷിക്കപ്പെടുന്നു. വിപുലമായ ഒരു ജനസമൂഹം ലോകത്തിന്റെ എല്ലാഭാഗങ്ങളിലും ആഘോഷിക്കുന്നു. ആരും നിർബന്ധിച്ചിട്ടോ, പ്രചരണം കൊടുത്തിട്ടുമല്ല. ദരിദ്രമായ ജീവിതസാഹചര്യങ്ങളായിരുന്നെങ്കിലും, സ്വർഗ്ഗീയ ഇടപെടലുകൾ ജനിക്കുന്നതിനു മുമ്പുതന്നെ ഉണ്ടായി. ആ ശിശു അതുല്യമായ പ്രബോധനങ്ങളുടെ ഉടമയായി വളർന്നു. ദൈവമനുഷ്യബന്ധത്തെ നിർണ്ണായകമായി മാറ്റി. അതിനാൽ ഈ രക്ഷാകരം, അവന്റെ ജനനവും മനുഷ്യമനസ്സിൽ തങ്ങിനിൽക്കുന്നു.

വി. ലൂക്കാ സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ യേശുതമ്പുരാന്റെ ജനനപശ്ചാത്തലങ്ങൾ വിവരിച്ചു. ഇടയന്മാർക്ക് ലഭിച്ച വെളിപ്പെടുത്തലും, ജ്ഞാനികൾക്ക് കൈവന്ന അത്ഭുതകരമായ ദർശനങ്ങളും അന്നും ഇന്നും മനുഷ്യരുടെ ശ്രദ്ധയാകർഷിക്കുന്നു. ഈ സംഭവങ്ങൾക്കുശേഷം ഉണ്ണിയേശുവിനെ കണ്ടവരാരും പ്രത്യേകതകളൊന്നും ദർശിക്കുന്നില്ല. ദൈവാലയത്തിലെ കാഴ്ചവയ്പിനു ശേഷമുള്ള സംഭവങ്ങളിൽ ദൈവികതയുടെ സൂചനകളുണ്ടായി. ബേത്ലഹേമ്യരും നസറേത്തുകാരും ഈജിപ്തുകാരും ഒരു സാധാരണ യഹൂദ ശിശുവായും ബാലനായും യേശുവിനെകണ്ടു. എന്നാൽ വി.യോഹന്നാൻ കുറെ കഴിഞ്ഞ് ആദിമ ക്രൈസ്തവർക്കുവേണ്ടി എഴുതിയപ്പോൾ ബേത്ലഹേമിൽ എന്താണ് സംഭവിച്ചതെന്നെഴുതി.

''ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടിയായിരുന്നു. വചനം ദൈവമായിരുന്നു. ഈ വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു'' യോഹന്നാൻ 1:1-14.

ദൈവത്വത്തിന്റെ തനിമ, സ്വയം അറിവ് പുത്രന്റെ ആൾരൂപമായി എന്ന് പറഞ്ഞാൽ വചനക്കാരനും കേൾവിക്കാരനും എന്ത് മനസ്സിലാക്കുമെന്ന് ഉറപ്പില്ല. ദൈവം തന്നിൽ നിന്നു വ്യത്യസ്ഥമായവയ്ക്ക് എല്ലാം രൂപം കൊടുത്തത് പുത്രനിലൂടെയാണ്. ''സമസ്തവും അവനിലൂടെ

ഉണ്ടായി. ഒന്നും അവനെ കൂടാതെ ഉണ്ടായിട്ടില്ല'' (യോഹന്നാൻ 1:2,3.) തുടർന്ന് പുത്രന്റെ രക്ഷാകര ദൗത്യം അടുത്ത വാക്യങ്ങളിൽ വർണ്ണിക്കുന്നു. ദൈവത്തിന്റെ പങ്കുവയ്ക്കുന്നതിന്റെ ആൾരൂപമായിരുന്നു പുത്രൻ തമ്പുരാൻ ആ ദൗത്യം അതിന്റെ പരമ കാഷ്ടയിൽ മനുഷ്യാവതാര സംഭവത്തിൽ ആദ്യന്തം വെളിപ്പെടുത്തി.

പഴയനിയമത്തിൽ അവസാനിക്കുന്ന ഒരു ദൈവമനുഷ്യബന്ധം മാത്രമേ നമുക്ക് ലഭിച്ചു എങ്കിൽ അത് എവിടെചെന്നു നിൽക്കുമായിരുന്നു എന്നു പറയുവാൻ സാധിക്കുകയില്ല. നശിപ്പിക്കപ്പെട്ട ജറുസലേം ദൈവാലയവും തികച്ചു നൈയാമികതയിൽ ചെന്നുറച്ച ലോകത്തിലെ ഒരു മതന്യൂനപക്ഷത്തിന്റെ മതദർശനമായി ചുരുങ്ങിയേനേം. ഇന്നു കാണുന്ന ലോകമതങ്ങളിൽ വെളിപ്പെടുന്ന ദൈവമനുഷ്യബന്ധം മാത്രമെ ഉണ്ടായിരുന്നുണ്ടെങ്കിൽ മനുഷ്യന്റെ ദൈവബോധം എത്ര ചുരുങ്ങുമായിരുന്നു! യേശുതമ്പുരാനിൽ കൂടി മനുഷ്യനു ലഭിച്ച ദൈവികബന്ധം ഇല്ലായിരുന്നെങ്കിൽ ദൈവാനുഭവം എത്ര ശുഷ്കമാകുമായിരുന്നു! ഉല്പത്തിയിലെ, സ്ത്രീയിൽ നിന്നു ജനിക്കുന്ന വൻ തിന്മയുടെ ശക്തിയെ തന്റെ പ്രബോധനത്തിലൂടെയും, അത്ഭുതങ്ങളിലൂടെയും പകരം വയ്ക്കാനില്ലാത്ത വചന സാന്നിധ്യത്തിലൂടെയും വിശിഷ്യ കുരിശുമരണം ഉയർപ്പിലൂടെ നൽകപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ മാനവ ദൈവാ നുഭവം എത്ര ദുർബലമാകുമായിരുന്നു. പരിശുദ്ധാത്മാവിന്റെ ഇടപെടലിലൂടെ ദൈവം വ്യക്തിക്ക് അനുഭവവേദ്യമായില്ലായിരുന്നെങ്കിൽ, ദൈവാനുഭവം ദുർബലമായിരുന്നേനേം. വി. കുർബാനയെന്ന കൗദാശിക സാമീപ്യം ഇല്ലാത്ത ഒരു ആത്മീയജീവിതം, തകർന്നതാകുമായിരുന്നു. മാനവ ചരിത്രത്തിനും ജീവിതദർശനത്തിനും മാനവ മതങ്ങൾക്കും നിർണായകമായ ദിശാബോധം നൽകിയത് ബേത്‌ലഹേമിലെ ഈ ശിശുവാണെന്ന് തിരിച്ചറിയുമ്പോഴാണ്, ആണ്ടിലൊരിക്കൽ ആഘോഷിക്കുന്ന ക്രിസ്തുമസ്, ദൈവസാന്നിധ്യമായി വ്യതിരിക്തമായി കുടുംബത്തിന്റെയും ജീവിതത്തെ അനുദിനം ജീവസ്സുറ്റതാക്കുന്നത്. ഉണ്ണിയേശു, പുൽക്കൂട്, ഇടയന്മാർ, മറിയം, യൗസേപ്പ് ഇവരിലൂടെ... യേശുനാമം നാമാഘോഷിക്കേണ്ടിയിരിക്കുന്നു. മനുഷ്യജീവിതത്തിൽ ദൈവം നടത്തിയ ഈ ഇടപെടലിന് നന്ദി പറയാം. പകരമില്ലാത്ത ഈ സംഭവം ദൈവസ്നേഹത്തിന്റെ അനുദിനാനുഭവത്തിലേക്ക് നമ്മെ നയിക്കട്ടെ. ദൈവത്തിന്റെ പദ്ധതിയെ സ്തുതിക്കാം. അനുഗ്രഹിതമായ ജനനത്തിരുനാൾ!



# ക്രിസ്തുമസ്
## ഒരു തിരിഞ്ഞുനോട്ടം



മെറിൻ ഫിലിപ്പ്

ഒരു ക്രിസ്മസ് കാലം കൂടി വന്നെത്തി. എളിമയുടെയും ലാളിത്യത്തിന്റെയും തിരുപ്പിറവി ഏവർക്കും ആദ്യമെ തന്നെ ആശംസിക്കുന്നു. ഉണ്ണീശോയെ സ്വീകരിക്കുവാൻ ആത്മീയമായി ഒരുങ്ങുന്ന ഓരോരുത്തരുടെയും പ്രാർത്ഥനയും പുണ്യപ്രവർത്തികളും ഉണ്ണീശോയ്ക്ക് കട്ടിലും, കിടക്കയും, കമ്പിളിപ്പുതപ്പും, ആഭരണങ്ങളുമായി മാറട്ടെ. ക്രിസ്മസിനൊപ്പം നാം ആഘോഷിക്കുന്ന ഓരോന്നിനും ചരിത്രപരമായ അർത്ഥമുണ്ട്.

**ക്രിസ്മസ് കരോൾ**

കരോൾ ആദ്യമായി പാടിയത് ആയിരം വർഷങ്ങൾക്ക് മുമ്പ് യൂറോപ്പിൽ ആണ്. കരോൾ എന്ന വാക്കിന്റെ അർത്ഥം സന്തോഷത്തോടെ നൃത്തം ചെയ്യുക എന്നാണ്. എ.ഡി. 129 ൽ അന്നത്തെ റോമൻ ബിഷപ്പ് ''Angel's Hymn'' എന്ന ഗാനം റോമിൽ ക്രിസ്മസ് രാത്രിയിൽ ഗാനശുശ്രൂഷയിൽ ഉപയോഗിച്ചു. അതിനുശേഷം വളരെ പ്രസിദ്ധമായ Christmas Hymn ആലപിച്ചത് ഗ്രീക്ക് ഓർത്തഡോക്സ് പള്ളിയിൽ എ.ഡി. 760ൽ ആണ്. ഇന്നത്തെ രീതിയിലുള്ള കരോളുകൾ ആരംഭിച്ചത് എ.ഡി. 1410 മുതലാണ്. കരോളുകൾ പ്രധാനമായും മറിയത്തെക്കുറിച്ചും, ഉണ്ണിയായ യേശുക്രിസ്തുവിനെയും പ്രകീർത്തിക്കുന്നതായിരുന്നു. കരോളുകൾ പ്രധാനമായും oral tradition ആണ്. അത് ഒരു തലമുറയിൽ നിന്നും അടുത്ത തലമുറയിലേക്കാണ് കൈമാറുന്നത്. അന്നത്തെ കാലത്ത് കരോൾ നടത്തുന്നവരെ 'Waits' എന്നാണ് അറിയപ്പെട്ടിരുന്നത്. ഇന്ന് ഏറ്റവും അറിയപ്പെടുന്ന കരോൾ സർവ്വീസ് ''carols by candlelight services'' ആണ്. Candlelight Services ഇന്ന് ലോകത്തിലെ എല്ലാ രാജ്യങ്ങളിലും നടത്തുന്നുണ്ട്.

**പുൽക്കൂട്**

കാലിത്തൊഴുത്തിന്റെ മാതൃകകൾ ആദ്യകാലം മുതൽ യൂറോപ്യൻ രാജ്യങ്ങളിൽ സജീവമായിരുന്നു. ആദ്യമായി 1223 ൽ സെന്റ് ഫ്രാൻസിസ് ആണ് ക്രിസ്തുവിന്റെ ജനനം പുതിയ രീതി യിൽ ആഘോഷിച്ചത്. അവിടുത്തെ സാധാരണ ജനങ്ങളുടെ സഹായത്തോടെ പുൽക്കൂടു നിർമിക്കുകയും ക്രിസ്മസ് രാത്രിയിൽ മെഴുകുതിരികൾ കത്തിച്ച് വി. കുർബാന



വിശുദ്ധന്റെ കൂടെ ആഘോഷിക്കുകയും ചെയ്തു. പ്രധാനമായും എളിമയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കാനാണ് സെന്റ് ഫ്രാൻസിസ് കാലിത്തൊഴുത്തിന്റെ മാതൃകകൾ ഉണ്ടാക്കിയത്. പ്രധാനമായും വിശുദ്ധനാട്ടിലെ olive wood nativity ഫിലിപ്പിയൻസിലെ ''childrens wood nativity'' പ്രസിദ്ധമാണ്.

**സൈലന്റ് നൈറ്റ്**

ക്രിസ്മസ് എന്നു കേൾക്കുമ്പോൾ ആദ്യം നമ്മുടെ മനസ്സിൽ വരുന്നത് 'Silent night holy night' എന്ന ലോകപ്രസിദ്ധമായ സംഗീതമാണ്. ഈ കരോൾ ആദ്യമായി പാടിയത് 1818 ഒരു ക്രിസ്മസ് രാത്രിയിൽ Austrian Empire ഉള്ള oberndorf വില്ലേജിലെ സെന്റ് നിക്കോളാസ് പള്ളിയിലാണ്. Joseph Mohr എന്ന യുവവൈദികനാണ് ഈ കരോളിന്റെ വരികൾ 1816 ൽ രചിച്ചത്. ''Stille Nacht'' എന്ന പേരിലാണ് കരോൾ ആദ്യമായി പുറത്തിറങ്ങിയത്. Franz Xaver എന്ന സ്കൂൾ അദ്ധ്യാപകനാണ് ഈ കരോളിന്റെ മെലഡി കമ്പോസ് ചെയ്തത്. 1818 ലെ ഡിസംബർ 24-ാം തീയതി രാത്രി കുർബാനയ്ക്കാണ് ആദ്യമായി ഈ ഗാനം ആലപിച്ചത്. യുവവൈദികൻ രചിച്ച യഥാർത്ഥ manuscript നഷ്ടപ്പെട്ടുവെങ്കിലും 1995ൽ Joseph mohrന്റെ കൈയ്യക്ഷരത്തിലുള്ള manuscript കളിൽ ഏറ്റവും പഴക്കമുള്ള ഒന്നായി ഇന്നും കരുതി സൂക്ഷിക്കുന്നു.

''Silent night holy night
All is calm, all is bright
Round yon virgin Mother and Child
Holy Infant So tender and mild
Sleep in heavenly peace (2)''

**ക്രിസ്മസ് ഫാദർ**

4-ാം നൂറ്റാണ്ടിൽ ഏഷ്യാ മൈനറിൽ ജീവിച്ച സെന്റ് നിക്കോളാസ് എന്ന ബിഷപ്പാണ് ക്രിസ്മസ് ഫാദർ അഥവാ സാന്താക്ലോസ് എന്ന പേരിൽ അറിയപ്പെടുന്നത്. ധാരാളം പണം ഉള്ള കുടുംബത്തിലാണ് സെന്റ് നിക്കോളാസ് ജനിച്ചത്. യുവാവായിരുന്നപ്പോൾതന്നെ മാതാപിതാക്കൾ നഷ്ടപ്പെട്ട അദ്ദേഹത്തിന് പാവങ്ങളെ സഹായിക്കാനും ആവശ്യമുള്ളവർക്ക് രഹസ്യമായി സമ്മാനം കൊടുക്കാനും താല്പര്യമായിരുന്നു. സെന്റ് നിക്കോളാസിനെ സംബന്ധിച്ച ഏറ്റവും പഴക്കമേറിയ കഥ ഒരു പാവപ്പെട്ട മനുഷ്യന്റെ മൂന്നു പെൺമക്കളെ സഹായിച്ചതാണ്. ആ മനുഷ്യന് തന്റെ മക്കളെ വിവാഹം കഴിപ്പിക്കാൻ ആവശ്യമായ പണം ഇല്ലായിരുന്നു. ഒരു ദിവസം രാത്രിയിൽ



നിക്കോളാസ് ഒരു ബാഗ് നിറയെ സ്വർണ്ണം വീടിന്റെ ചിമ്മിനിയിൽ നിന്നും താഴേക്ക് എറിഞ്ഞു കൊടുത്തു. മൂത്തമകളെ വിവാഹം കഴിപ്പിക്കുന്നതിനാവശ്യമായ പണം അതിലുണ്ടായിരുന്നു. അതു പിന്നീട് രണ്ടാമത്തെ മകൾക്ക് തുടർന്നു.അവസാനം പിതാവ് രഹസ്യമായി സഹായിക്കുന്ന നിക്കോളാസിനെ കണ്ടുപിടിച്ചു. ആരും അറിയരുതെന്ന് കർശനമായി പറഞ്ഞെങ്കിലും ഈ രഹസ്യം നാടു മുഴുവൻ അറിഞ്ഞു. അതിനുശേഷം, ആർക്കെങ്കിലും രഹസ്യമായി സമ്മാനം കിട്ടിയാൽ സെന്റ് നിക്കോളാസ് ആണെന്ന് വിചാരിക്കാനും തുടങ്ങി.

ക്രിസ്മസ് രാത്രികളിൽ സമ്മാനവുമായി വരുന്ന സാന്താക്ലോസ്, സെന്റ് നിക്കോളാസിനെയാണ് പ്രതിനിധീകരിക്കുന്നത്.

**ക്രിസ്മസ് കേക്ക്**

ക്രിസ്മസ് കേക്ക് എന്നത് ഇംഗ്ലീഷ് സംസ്കാരത്തിന്റെ ഭാഗമാണ്. ഇത് ആദ്യമായി plum porridge എന്ന ഭക്ഷണമായിട്ടാണ് ഉപയോഗിച്ചത്. ഒരു ദിവസത്തെ ഉപവാസത്തിനു ശേഷം ക്രിസ്മസ് രാത്രിയിലാണ് plum porridge കഴിച്ചിരുന്നത്. പിന്നീട് dried fruit, honey എന്നിവ ചേർത്ത് ക്രിസ്മസ് പുഡ്ഡിംഗായി ഉപയോഗിച്ചു തുടങ്ങി. 16-ാം നൂറ്റാണ്ടിലാണ് ഇന്നത്തെ രീതിയിലുള്ള ക്രിസ്മസ് കേക്ക് നിർമ്മിക്കുകയും ക്രിസ്മസ് രാത്രികളിൽ പള്ളികളിൽ സന്തോഷത്തിന്റെ അടയാളമായി വിശ്വാസികൾക്ക് കൊടുക്കാനും തുടങ്ങി.



എല്ലാ ക്രിസ്മസ് കേക്കുകളും നവംബർ മാസം മുതൽ നിർമിക്കാൻ തുടങ്ങും. ക്രിസ്മസ് രാത്രി വരെ ഓരോ ആഴ്ചയും ചെറിയ തോതിൽ ബ്രാൻഡി അല്ലെങ്കിൽ വിസ്ക്കി കേക്കിന്റെ റെസിപ്പിയിൽ ചേർക്കുന്നു. ഇതിനെയാണ് ''feeding'' the cake എന്നു പറയുന്നത്.

ജപ്പാനിൽ ക്രിസ്മസ് കേക്കുകൾ നിർമിക്കുന്നത് സ്ട്രോബറി, ചോക്ലേറ്റ്സ്, സീസണൽ ഫ്രൂട്ട് എന്നിവ കൊണ്ടാണ്. പരമ്പരാഗത ബ്രിട്ടീഷ് ഫ്രൂട്ട് കേക്ക് പ്രസിദ്ധമാണ്.

**ക്രിസ്മസ് ട്രീ**

ആയിരം വർഷങ്ങൾക്ക് മുമ്പ് നോർത്തേൺ യൂറോപ്പിലാണ് ''Fir trees'' അലങ്കരിച്ച് ക്രിസ്മസ് ട്രീ ആയി ഉപയോഗിച്ചിരുന്നത്. പേപ്പർ കൊണ്ടും, മെഴുകുതിരികൾ കൊണ്ടും ആപ്പിളുകൾ കൊണ്ടുമാണ് ആദ്യകാലങ്ങളിൽ ക്രിസ്മസ് ട്രീ അലങ്കരിച്ചത്. ക്രിസ്മസ് ട്രീ അലങ്കരിക്കുകയും അതിനുചുറ്റും ഡിസംബർ 24 ന് രാത്രിയിൽ



നൃത്തം ചെയ്യുകയും ചെയ്യുന്നത് യൂറോപ്യൻ രാജ്യങ്ങളിൽ ഇന്നും സജീവമാണ്. ക്രിസ്മസ് ട്രീ യെപ്പറ്റി ജർമനിയിൽ പ്രസിദ്ധ മായ കഥ ഇതാണ്. ഒരു മരംവെട്ടുകാരനും കുടുംബവും ഒരു ക്രിസ്മസ് രാത്രിയിൽ വീടിനുള്ളിൽ തീയ്ക്കു ചുറ്റും ഇരിക്കു കയായിരുന്നു. പെട്ടെന്ന് വീടിന്റെ വാതിൽക്കൽ നിന്നും ഒരു കൊച്ചുകുട്ടി യുടെ കരച്ചിൽ കേൾക്കു കയും മരംവെട്ടുകാരൻ ആ പാവപ്പെട്ട ബാലനെ എടുത്ത് ആഹാരം കൊടുക്കുകയും രാത്രിയിൽ തന്റെ ഇളയമകനോടൊപ്പം കട്ടിലിൽ കിടത്തുകയും ചെയ്തു. പിറ്റേന്ന് ആ കുടുംബം എഴുന്നേൽ ക്കുന്നത് മാലാഖമാരുടെ ഗാനം കേട്ടുകൊണ്ടാണ്. ആ ബാലൻ ഉണ്ണീശോയായി മാറുകയും പൂന്തോട്ട ത്തിൽ നിന്നും Fir tree യുടെ ഒരു ശാഖ മുറിച്ച് കുടുംബ ത്തിനു കൊടുത്തുകൊണ്ട്, അപ്രതീക്ഷമാകുകയും ചെയ്തു. ഇതിനുശേഷമാണ് ജർമനിയിൽ ക്രിസ്മസ് ട്രീകൾ ഉണ്ടാക്കിയിരുന്നത്.

**ക്രിസ്മസ് സ്റ്റാർ**

ക്രിസ്മസ് സ്റ്റാറുകൾ യേശുക്രിസ്തുവിന്റെ ജനനം സൂചിപ്പിക്കുന്ന മഹത്തായ അടയാളമാണ്. സുവിശേഷകനായ വി.മത്തായി, മൂന്നു രാജാക്ക ന്മാരെ ഉണ്ണിയുടെ അടുത്ത് എത്തിക്കാൻ വാൽനക്ഷത്രം വഴികാട്ടിയകാര്യം വിവരിക്കുന്നുണ്ട്. ഇന്നത്തെ കാലത്ത് 25 നോമ്പ് തുടങ്ങുമ്പോൾ തന്നെ വീടുകളിൽ നക്ഷത്രവിളക്കുകൾ തൂക്കുകയും വരാൻ പോകുന്ന ക്രിസ്മസ് ഏറ്റവും സന്തോഷത്തോടെ ആഘോഷിക്കുകയും ചെയ്യുന്നു. ഓരോ ഭവന ത്തിലും ജനിക്കുന്ന ഉണ്ണിയെ കാണാൻ രാജാക്കന്മാർ വരുമ്പോൾ ഉള്ള അടയാളമാണ് വാൽ നക്ഷത്രങ്ങൾ.

**ക്രിസ്മസ് ബെൽസ്**

ക്രിസ്മസ് ബെൽസ് അഥവാ പള്ളി മണികൾ ക്രിസ്മസുമായി ഏറ്റവും ചേർന്ന ഒരു ഘടകമാണ്. ക്രിസ്മസ് രാത്രിയിൽ രാത്രി പ്രാർത്ഥനയും ദിവ്യബലിയും ക്രിസ്മസ് ബെൽസ് കഴിഞ്ഞാണ് ആരംഭിക്കുന്നത്. യു.കെ.യിൽ ക്രിസ്മസ് ആഘോഷം ആരംഭി ക്കുന്നത് പള്ളിയിലെ മണികൾ 4 പ്രാവശ്യം അടിച്ചതിനുശേഷമാണ്.

**ക്രിസ്മസ് മെഴുകുതിരി**

ക്രിസ്മസ് രാത്രിയിൽ മെഴുകുതിരികൾ ഉപയോഗിക്കുന്നതിന് പല കാരണങ്ങൾ ഉണ്ട്. വസന്തകാലം വരുന്നതിന്റെ ഒരു ഓർമ പുതുക്കലാണ് പ്രധാന കാരണം. ബേത്‌ല ഹേമിലെ നക്ഷത്രമായ ഉണ്ണിയെ സൂചിപ്പി ക്കാനും മെഴുകുതിരികൾ ഉപയോഗിക്കുന്നു. ക്രിസ്മസ് ട്രീ ഒരുക്കാനും, candle night കരോൾ സർവീസിനും മെഴുകുതിരികൾ കൊണ്ട് അലങ്കരിക്കുന്നുണ്ട്.

**ക്രിസ്മസ് കാർഡ്**

ക്രിസ്മസ് കാർഡ് കൈമാറുന്ന പതിവ് യു.കെ.യിൽ 1843 ൽ Sir Henry Cole ന്റെ കാലം മുതലാണ് ആരംഭിച്ചത്. അദ്ദേഹത്തിന്റെ സുഹൃത്തായ ജോൺ ഹോസ്‌ലിയ്ക്ക് അയച്ച ക്രിസ്മസ് കാർഡാണ് ആദ്യത്തേത്. അദ്ദേഹം പിന്നീട് വിലകുറഞ്ഞ കാർഡുകൾ നിർമിക്കു കയും ആൾക്കാർക്ക് കൊടുക്കുകയും ചെയ്തു. പ്രധാനമായും മൂന്നു ഭാഗമായിട്ടാണ് അദ്ദേഹം കാർഡ് ഡിസൈൻ ചെയ്തത്. പുറത്തെ രണ്ടു ഭാഗങ്ങൾ പാവപ്പെട്ടവരെ സഹായിക്കുന്ന സന്ദേശവും അകത്തെ ഭാഗം ക്രിസ്മസ് ഡിന്നർ ക്ഷണവും ആയിരുന്നു. ●





# ആത്മത്യാഗം

## സിസ്റ്റർ റാണി മരിയ അനുസ്മരണം

**പെരുമ്പാവൂരിലെ** പുല്ലുവഴിഗ്രാമത്തിൽ
ഉദിച്ച് ജ്വലിച്ചൊരു ദീപശിഖ;
നന്മതൻ വഴിയിൽ പുണ്യപ്രകാശമായ്
മലയാളത്തനിമയിൽ രക്തസാക്ഷിണി - ധന്യ!
    വട്ടാലിൽ പൈലീ- ഏലീശാ ദമ്പതികളിൽ
    മൂത്തമകളായി ജനിച്ച മേരീ.....
    ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കീ ചേലിൽ
    സമർപ്പിത ജീവിതം പരിശീലിച്ചു!
നിത്യവ്രതവാഗ്ദാനം ചെയ്തകർത്യദാസീ
ബിജ്നോർ- ഇൻഡോർ- സത്നാ- രൂപതകളിൽ;
ഏഴകൾ- രോഗികൾ- ആശ്രിതർ എന്നോർക്കായ്
അശ്രാന്ത വിശ്രമം സേവചെയ്തു..സ്തുത്യം!
    ഇൻഡോർ ജില്ലയിൽ ഉദയനഗർ ഗ്രാമത്തിൽ
    നച്ചൻബോർ എന്നൊരു കുഗ്രാമത്തിൽ;
    ആതുരസേവനം ചെയ്യവേ..മതസ്പർദ്ദ-
    വിദ്വേഷാൽ തദ്ദേശ- നേതാക്കൾ ക്രുദ്ധരായീ!
ജീവൻസിംഗ് എന്നൊരു പ്രാദേശികനേതാവ്,
പതിനായിരം രൂപാ പ്രതിഫലമുരചെയ്ത്;
സമന്ദർസിംഗ് എന്നൊരു വാടകഗുണ്ടയെ
നരഹത്യക്കായിട്ട് ദത്തെടുത്തു!
    യേശുവിൻ മണവാട്ടി- തന്റെ- പതിവുശുശ്രൂഷയ്ക്കായ്
    ബസ്സിൽക്കയറി- പിൻസീറ്റിലിരുന്നീടവേ...
    നച്ചൻ ബോറിലെ നാല്ക്കവലയിൽ വച്ച്-
    മന്ദസ്മിതം തൂകീ- സമന്ദർസിംഗ് കയറീ ബസ്സിനുള്ളിൽ!
ക്ഷണത്തിലാപുഞ്ചിരി- കൊലച്ചിരിപോലായീ,
എന്തിന്നിത്രമേൽ മോദമെന്നാരാഞ്ഞു- സോദരീ;
ഇതുതന്നിന്നെന്റെയുന്മാദമെന്ന് പറഞ്ഞിട്ടായാത്രികൻ,
ലില്ലിപുഷ്പമാം- സോദരീമരിയായെ- ആഞ്ഞുകുത്തീ!
    എന്റെ ഈശോ എന്ന് ഉരുവിട്ട സോദരിയെ-
    നിരത്തിലേയ്ക്കാക്രൂരൻ വലിച്ചിഴച്ചൂ നിന്ദ്യം;
    ചെന്നിയിൽ- പുരികത്തിൽ- കവിൾത്തടത്തിൽ-
    എന്നല്ല- മെയ്യാകേ തുരുതുരാ- ആഞ്ഞുകുത്തി!
അമ്പത്തിനാല് മുറിവുകളേറ്റിട്ടാ- കുസുമം പിടയുമ്പോൾ-
കാണികൾ യാത്രക്കാർ പ്രജ്ഞയറ്റുനിന്നു!
ഈശോയെന്നാ രക്ഷാനാമം ജപിച്ചതിൽ ധന്യയായീട്ടവൾ,
അക്ഷണം നിത്യമണവാളനായിതൻ നിണബലിയർപ്പിച്ചു!
    ശ്രേഷ്ഠാചാര്യരും സന്യസ്തരും ചേർന്ന്
    കണ്ണീർക്കയത്തിന്റെ അന്ത്യാഞ്ജലിയർപ്പിച്ചൂ;
    ആദരാഞ്ജലികൾ അർപ്പിച്ചിട്ടൊടുവിലാ-
    വാടാമുല്ലയെ- സംസ്ക്കരിച്ചാനഗറിൽ!

നാല്പത്തിയൊന്ന് വത്സരം ചിരിതൂകി-
ചുടുനിണബലിയർപ്പിച്ച കർത്യദാസീമരിയ;
ഉദയനഗറിലും- നച്ചൻബോറിലും
മിക്കവർക്കും സ്മൃതി- സ്തുതി പാഠകയായി!
    കാട്ടിലേയ്ക്കോടീയൊളിച്ചയാ- ഘാതകൻ സിംഗിനെ-
    പോലീസ് മുറപോലെ ജയിലിലാക്കീ വേഗം;
    എന്നാലോ ദൈവത്തിൻ കരുണയും കരുതലും
    ക്രൂരനാം സിംഗിനെ മാപ്പേകി- മോചിപ്പിച്ചൂ!
രക്തസാക്ഷിണീ മരിയതൻ സോദരീ-
സിസ്റ്റർ സെൽമീ - ധന്യസ്നേഹസൂനം;
ജയിലറ തന്നിലെ ലോക്കപ്പിൽച്ചെന്നിട്ടാ-
സമന്ദർസിംഗിന് - സൗഹൃദം - രാഖികെട്ടി!
    കാലം കനിയവേ...വട്ടാലിൽ കുടുംബക്കാർ-
    മാതാപിതാക്കളും സോദരൻ ഫ്രാൻസീസും;
    പ്രാർത്ഥിച്ചും ധ്യാനിച്ചും - ഒട്ടേറെ ചിന്തിച്ചും
    സമന്ദർസിംഗിനെ - ഇളവേകി വിടുവിച്ച്- വീടണച്ചു!
ക്രൂരതയെ വെല്ലുന്ന ആത്മീയചേതനയാൽ,
നിണമണിഞ്ഞ ലില്ലിയാം - റാണീമരിയായേ;
സാർവ്വത്രീകസഭയുടെ പരമാദ്ധ്യക്ഷൻ - പാപ്പാ-
വിളംബരത്താൽ - രക്തസാക്ഷിയാക്കി!
    ഇന്നു നാം ഇൻഡോറിൽ - ഉദയനഗറിൽച്ചെന്നാൽ-
    തൂവെൺ നിലാവൊത്ത സ്മൃതിമണ്ഡപം - മുന്നിൽ;
    അവിടെ ആ ഫലകത്തിൽ - ഏവർക്കും വായിക്കാം...
    "പ്രിയപ്പെട്ടോർക്കുള്ളോരാത്മത്യാഗം" - ഇത്!
ഇൻഡോറിലെത്തിയാ സ്മൃതിമണ്ഡപം കാണ്മാൻ
എത്തുന്നൂ പരശ്ശതം - തദ്ദേശ്ശ വിദേശസുമനഃസുകൾ -
നിത്യം
കൃപകൾക്കായ് യാചിച്ച് മാപ്പിരന്നീടുന്നു-
മാദ്ധ്യസ്ഥം പ്രാർത്ഥിച്ച് - കണ്ണീരകറ്റുന്നു!



**പോൾ ജെ. കക്കാട്ട്**

# ആടുകളെ അടുത്തറിഞ്ഞ അജപാലകൻ



**ഫാ. ചെറിയാൻ താഴമൺ**
**വികാരി ജനറാൽ**



## ഫാ. തോമസ് പടിഞ്ഞാറേക്കുറ്റ്
**(03.03.1939-12.12.1993)**

**അ**ഞ്ചരപ്പതിറ്റാണ്ടുകാലത്തെ ജീവിതം, ഇരുപത്തിയെട്ട് വർഷത്തെ വൈദിക ശുശ്രൂഷ, കടന്നുപോയ സ്ഥലങ്ങളിലെല്ലാം പാദമുദ്രകൾ പതിക്കുകയും കണ്ടുമുട്ടിയവരുടെ ഹൃദയങ്ങളിലെല്ലാം ഇടം കണ്ടെത്തുകയും ചെയ്തിരുന്ന വൈദികൻ. കൈവച്ച സംരംഭങ്ങളെയെല്ലാം വിജയത്തിലെത്തിച്ച സംഘാടകൻ. പ്രവർത്തിച്ച മേഖലകളിലെല്ലാം സകലരുടെയും സഹകരണം നേടിയെടുത്ത നേതാവ്, മത സമുദായ സഭാപരിഗണനകൾക്കതീതമായി വ്യക്തിബന്ധങ്ങൾ പുലർത്തിയിരുന്ന പട്ടക്കാരൻ, ലക്ഷ്യം നേടുന്നതുവരെ വിശ്രമമില്ലാതെ പരിശ്രമം തുടർന്നിരുന്ന അദ്ധ്വാനി. മലങ്കര സുറിയാനി കത്തോലിക്കാ സഭയെ നെഞ്ചിലേറ്റിയിരുന്ന സഭാസ്നേഹി, അധികാരികൾക്ക് ഏത് ഉത്തരവാദിത്വവും ഉറപ്പോടെ ഏല്പിക്കാമായിരുന്ന അജപാലകൻ, യുവജനങ്ങളുടെ ഉള്ളറിഞ്ഞു പ്രവർത്തിച്ചിരുന്ന ഇടയൻ, സ്വകാര്യതകളിൽപോലും സുതാര്യത ഉറപ്പാക്കിയിരുന്ന ഉത്തമ ഇടയൻ. ബഹു. തോമസ് പടിഞ്ഞാറേക്കുറ്റ് അച്ചന്റെ വിശേഷണങ്ങൾ ഇങ്ങനെ അനവധിയാണ്.

യാക്കോബായ സഭയിൽ പാത്രീയർക്കീസ് വിഭാഗത്തിന്റെ ശക്തനായ പ്രവർത്തകന്റെ മകനായിരുന്നെങ്കിലും വട്ടശേരിൽ തിരുമേനിയുടെ മുടക്കും തുടർന്നുണ്ടായ സഭാഭിന്നതയും സഭാസ്നേഹിയായ തോമസിന്റെ ഹൃദയത്തെ ഏറെ വേദനിപ്പിച്ചിരുന്നു എന്നു മാത്രമല്ല വേദപുസ്തകപഠനവും സഭാചരിത്രപഠനവും അദ്ദേഹത്തിന്റെ മനസിൽ ഗൗരവകരമായ ചില സംശയങ്ങളും ഉളവാക്കിയിരുന്നു. വേദപുസ്തകമനുസരിച്ച് അപ്പസ്തോല സംഘത്തിന്റെ തലവൻ പത്രോസ് ശ്ലീഹാ ആയിരിക്കണമെന്നത് യേശുനാഥന്റെ മാറ്റമില്ലാത്ത കല്പനയാണ്. നിഖ്യാ വിശ്വാസപ്രമാണത്തിൽ സത്യസഭയുടെ ചതുർലക്ഷണങ്ങളായ; ഏകവും വിശുദ്ധവും സാർവത്രികവും ശ്ലൈഹികവും പൂർണമായി ഉൾച്ചേർന്നിരിക്കുന്നത്. വിശുദ്ധ പത്രോസ് ശ്ലീഹായുടെ പിൻഗാമിയായ റീശ് പാത്രീയർക്കീസ് റോമിലെ പരിശുദ്ധ മാർപാപ്പാ നേതൃത്വം നൽകുന്ന സാർവത്രിക സഭയിലാണെന്നത് സഭാശാസ്ത്രപരമായി വ്യക്തമാണ്. യേശുനാഥൻ സ്ഥാപിച്ച അപ്പസ്തോല കൂട്ടായ്മയുടെ ഇടമുറിയാത്ത തുടർച്ച റോമാ മാർപാപ്പാ നേതൃത്വം നൽകുന്ന പരിശുദ്ധ കത്തോലിക്കാ സഭയാണെന്ന് ചരിത്രവും സാക്ഷിക്കുന്നു. ഈ തിരിച്ചറിവുകൾ പരിശുദ്ധ കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ചങ്ങനാശേരി രൂപതയിലെ വേദപ്രചാര ഡയറക്ടർ

ആയിരുന്ന ബഹു. ഡൊമിനിക് തോട്ടാശേരിൽ അച്ചന്റെ നേതൃത്വത്തിൽ മല്ലപ്പള്ളി പ്രദേശത്ത് നടന്നിരുന്ന പുനരൈക്യ പ്രേഷിത പ്രവർത്തനങ്ങൾ പരിശുദ്ധ കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ അദ്ദേഹത്തിന് അവസരവും നൽകി.

അന്ത്യോക്യൻ ആരാധനക്രമം അതിയായി ഇഷ്ടപ്പെട്ടിരുന്നെങ്കിലും സത്യസഭ പരിശുദ്ധ കത്തോലിക്കാ സഭയാണെന്നുള്ള തിരിച്ചറിവ് കാലവിളംബമെന്യേ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുവാൻ അദ്ദേഹത്തെ നിർബന്ധിച്ചു. അങ്ങനെ അദ്ദേഹം 1920കളുടെ ഉത്തരാർധത്തിൽ പുനരൈക്യപ്പെട്ട് മല്ലപ്പള്ളി (നെടുങ്ങാടപ്പള്ളി) സെന്റ് അത്തനേഷ്യസ് കത്തോലിക്ക ഇടവകയിൽ അംഗമായി. ബഹു. ഡൊമിനിക് തോട്ടാശേരിൽ അച്ചന്റെ വേദപ്രചാരക സംഘത്തിൽ പ്രവർത്തകനുമായി. സത്യസഭയിൽ എത്തിയതിന്റെ സന്തോഷം ഹൃദയത്തിൽ നിറഞ്ഞുനിന്നിരുന്നപ്പോഴും താൻ ഏറെ ഇഷ്ടപ്പെട്ടിരുന്ന അന്ത്യോക്യൻ ആരാധനക്രമം കൈവിട്ടുപോകുന്നതിന്റെ നഷ്ടം മനസിൽ തങ്ങിനിന്നിരുന്നു. അന്ത്യോക്യൻ ആരാധനക്രമവും പൈതൃകങ്ങളും അംഗീകരിച്ചുകൊണ്ടുള്ള പുനരൈക്യത്തിന് ഓർത്തഡോക്സ് സഭയുടെ സുന്നഹദോസ് 1926 നവംബർ ഒന്നാം തീയതി പ്രാരംഭ നടപടികൾ ആരംഭിച്ചതായും ബഥനിയുടെ മാർ ഈവാനിയോസിനെ അതിനായി ചുമതലപ്പെടുത്തിയതായുമുള്ള ശ്രുതികൾ അദ്ദേഹത്തിന് വലിയ പ്രതീക്ഷ നൽകിയിരുന്നു. 1930 സെപ്റ്റംബർ 20ന് സഫലമായ പുനരൈക്യ സംഭവവും തുടർന്നുണ്ടായ മലങ്കര സുറിയാനി ഹയരാർക്കി സ്ഥാപനവും അദ്ദേഹത്തിന് വലിയ സന്തോഷം നൽകി. താൻ ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന അന്ത്യോക്ക്യൻ ആരാധനക്രമം അനുഷ്ഠിച്ചുകൊണ്ട് പരിശുദ്ധ കത്തോലിക്കാ സഭയിൽ അംഗമായിരിക്കുവാനുള്ള സാധ്യത കൈവന്നിരിക്കുന്നു. എങ്കിലും തന്റെ താമസസ്ഥലത്തിനു സമീപത്ത് മലങ്കര സുറിയാനി കത്തോലിക്ക ഇടവക കൂട്ടായ്മ ഇല്ലാതിരുന്നതിനാൽ സീറോ മലബാർ സഭയിൽപെട്ട സെന്റ് അത്തനേഷ്യസ് ഇടവകയിൽ കുറച്ചുനാൾകൂടി അംഗമായി തുടരേണ്ടിവന്നു. ചെങ്ങരൂർ പ്രദേശത്ത് പുനരൈക്യപ്പെട്ടവർക്കായി ഒരു താൽക്കാലിക പള്ളി 1938ൽ സ്ഥാപിതമായി. തുടർന്ന് സ്വന്തമായി സ്ഥലം വാങ്ങി സൗകര്യപ്രദമായ ഒരു പള്ളി 1939ൽ പണി ആരംഭിച്ച് 1941 മേയ് ഏഴാം തീയതി വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ കൂദാശ ചെയ്തതോടുകൂടി പടിഞ്ഞാറേക്കുറ്റ് തോമസും കുടുംബവും അവിടെ ഇടവക ചേർന്നു, അങ്ങനെ തന്റെ ആഗ്രഹവും സാധിച്ചു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ശക്തനായ അല്മായ പ്രേഷിതനായി അദ്ദേഹം. മാരേട്ട് എ. ഫിലിപ്പോസ് ജഡ്ജി ഡയറക്ടറായി പ്രവർത്തിച്ചിരുന്ന തിരുവല്ല രൂപതയിലെ കത്തോലിക്ക സാക്ഷ്യസംഘത്തിന്റെ മുന്നണി പ്രവർത്തകരിൽ ഒരാളുമായി അദ്ദേഹം.

തോമസ്-തങ്കമ്മ ദമ്പതികൾക്ക് മൂന്ന് പുത്രന്മാരും രണ്ട് പുത്രിമാരും ജാതരായി. പുത്രന്മാരിൽ രണ്ടാമനായിരുന്നു നമ്മുടെ കഥാപുരുഷൻ ഫാ. തോമസ് പടിഞ്ഞാറേക്കുറ്റ്. ജനനം 1939 മാർച്ച് മാസം മൂന്നാം തീയതി. ജ്ഞാനസ്നാനം 1939 മാർച്ച് 19ാം തീയതി വിശുദ്ധ യൗസേപ്പ് പിതാവിന്റെ മരണ തിരുനാൾ ദിവസം മല്ലപ്പള്ളി സെന്റ് അത്തനേഷ്യസ് പള്ളിയിൽ വികാരി ബഹു. മാത്യു മാളിയേക്കൽ അച്ചനിൽ നിന്ന്. പ്രാരംഭ വിദ്യാഭ്യാസം ഭവനത്തിനടുത്തുള്ള സെന്റ് തോമസ് ലോവർ പ്രൈമറി സ്കൂളിലും തുടർന്നുള്ള വിദ്യാഭ്യാസം നെടുങ്ങാടപ്പള്ളി സി.എം.എസ് ഇംഗ്ലീഷ് ഹൈസ്കൂളിലുമായിരുന്നു. 1957ൽ ഇ.എസ്.എൽ.സി പൂർത്തിയാക്കി.

രക്തത്തിൽ അലിഞ്ഞുചേർന്നിരുന്ന സഭാസ്നേഹവും പിതാവിൽ നിന്ന് പകർന്നു ലഭിച്ച പ്രേഷിത താല്പര്യവും അദ്ദേഹത്തിൽ വൈദിക ശുശ്രൂഷയോട് ആഭിമുഖ്യം ഉളവാക്കി. 1957 ജൂണിൽ അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത തോമസിനെ വൈദികപഠനത്തിനായി തിരുവല്ല ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ സ്വീകരിച്ചു. രണ്ടു വർഷത്തെ ഭാഷാ പഠനത്തിനും ആത്മിക പരിശീലനത്തിനുംശേഷം ബ്രദർ തോമസ് പടിഞ്ഞാറെക്കുറ്റ് തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾക്കായി തൃശനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിൽ പ്രവേശനം നേടി. കലശലായ തലവേദന അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നെങ്കിലും മൂന്നു വർഷത്തെ തത്വശാസ്ത്ര പഠനവും നാലു വർഷത്തെ ദൈവശാസ്ത്ര പഠനവും പ്രശസ്തമായ രീതിയിൽ അദ്ദേഹം പൂർത്തിയാക്കി. നേതൃഗുണങ്ങളും പരോപകാര സ്വഭാവവും അദ്ദേഹത്തെ അധ്യാപകരുടെയും സഹപാഠികളുടെയും പ്രിയങ്കരനാക്കിയിരുന്നു. തമിഴ് ഭാഷയിലുള്ള അറിവ് തമിഴ് ഭാഷക്കാരുടെയും സേവനസന്നദ്ധത മലയാളികളുടെയും സാങ്കേതിക കാര്യങ്ങളിലുള്ള പരിജ്ഞാനം അധികാരികളുടെയും താല്പര്യം നേടിയെടുക്കുവാൻ അദ്ദേഹത്തിന് സഹായമായി. 1966 മാർച്ച് 26ാം തീയതി തൃശനാപ്പള്ളി രൂപതാധ്യക്ഷൻ അഭിവന്ദ്യ ജയിംസ് മെന്റോൻസായുടെ കൈവയ്പാൽ തൃശനാപ്പള്ളി കത്തീഡ്രലിൽ വച്ച് വൈദികനായി അഭിഷിക്തനായി. മാർച്ച് അവസാനം നാട്ടിൽ മടങ്ങി

യെത്തി മാതൃഇടവകയിൽ പ്രഥമദിവ്യബലി അർപ്പിച്ചു.

ബഹു. ചെറിയാൻ മൈലക്കാട്ട് അച്ചന്റെ സഹായിയായി മാനന്തവാടി പ്രദേശത്തെ പ്രേഷിത വയലിലേക്കായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ അജപാലകനിയമനം. 'നട്ടെപ്പെടുന്നിടത്ത് പുഷ്പിക്കുക' എന്ന ജീവിത ദർശനവുമായി 1966 മേയ് മാസത്തിൽ അദ്ദേഹം മാനന്തവാടിയിലെത്തി. ആറാട്ടുതറ എന്ന സ്ഥലത്ത് താമസിച്ചുകൊണ്ടായിരുന്നു കണിയാംപറ്റ, അഞ്ചുകുന്ന് (കമ്മന) കൊറോം, മാനന്തവാടി തുടങ്ങിയ സമീപ സ്ഥലങ്ങളിലെല്ലാം പ്രേഷിത ശുശ്രൂഷ നടത്തിയിരുന്നത്. ബഹു. ചെറിയാൻ മൈലക്കാട്ട് അച്ചനോടൊത്തുള്ള താമസവും പ്രവർത്തനങ്ങളും അജപാലന ശുശ്രൂഷയുടെ പ്രായോഗിക പാഠങ്ങൾ പഠിക്കു

**ഒരു നല്ല സംഘാടകനും സംരംഭകനുമായിരുന്ന ബഹു. പടിഞ്ഞാറെക്കുറ്റ് അച്ചൻ തന്റെ സാമൂഹ്യ പ്രവർത്തനങ്ങളുടെ ഭാഗമായി മാനന്തവാടി പട്ടണത്തിൽ ഒരു ഹോട്ടൽ ആരംഭിച്ച് ഏതാനും യുവാക്കൾക്ക് തൊഴിൽ നൽകാനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി.**

വാൻ അവസരം നൽകിയിരുന്നതായി ബഹു. പടിഞ്ഞാറേക്കുറ്റ് അച്ചൻ അനുസ്മരിക്കാറുണ്ടായിരുന്നു. പ്രേഷിത ശുശ്രൂഷയോടൊപ്പം രൂപതവകയായി അവിടെ ഉണ്ടായിരുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്ത് ആദായകരമാക്കുന്നതിലും ബഹു. മൈലക്കാട്ട് അച്ചനോടൊപ്പം അദ്ദേഹം അധ്വാനിച്ചിരുന്നു. ഒരു വർഷത്തിനു ശേഷം ബഹു. പടിഞ്ഞാറേക്കുറ്റ് അച്ചൻ അഞ്ച്കുന്ന്, കണിയാംപറ്റ, കോറോം ഇടവകകളുടെ വികാരിയായി ചുമതലയേറ്റു. ആറാട്ടുതറ, പന്നിച്ചാൽ ഇടവകകകളുടെ ചുമതല ബഹു. തോമസ് പുതിയവീട്ടിൽ അച്ചനും. ഒരു നല്ല സംഘാടകനും സംരംഭകനുമായിരുന്ന ബഹു. പടിഞ്ഞാറെക്കുറ്റ് അച്ചൻ തന്റെ സാമൂഹ്യ പ്രവർത്തനങ്ങളുടെ ഭാഗമായി മാനന്തവാടി പട്ടണത്തിൽ ഒരു ഹോട്ടൽ ആരംഭിച്ച് ഏതാനും യുവാക്കൾക്ക് തൊഴിൽ നൽകാനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി. ഊർജസ്വലനായ യുവവൈദികന്റെ സേവനം നാട്ടിൽ ആവശ്യമാണെന്നു കണ്ട് അഭിവന്ദ്യ മാർ അത്തനാസിയോസ് തിരുമേനി അദ്ദേഹത്തെ നാട്ടിലേക്ക് തിരികെ വിളിച്ച് 1970ൽ ഏതാനും കാലം പാണ്ടങ്കരി, തലവടി സൗത്ത് ഇടവകകളിൽ ചുമതല നൽകി. അദ്ദേഹത്തിന്റെ അടുത്ത നിയമനം പൂഴിക്കുന്ന്, തൃക്കോമല ഇടവകകളിലേക്കായിരുന്നു. 1971 മുതൽ 1975 വരെ നാല് വർഷക്കാലം റാന്നി മേഖലയിലെ പൊതു അജപാലന കാര്യങ്ങളിലും എക്യൂമെനിക്കൽ പ്രവർത്തനങ്ങളിലും വിയാനി യൂണിയന്റെ പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമായി സഹകരിച്ചിരുന്നു. ഈ കാലഘട്ടത്തിൽ പൂഴിക്കുന്ന്, തൃക്കോമല ഇടവകകളെ സൺഡേസ്കൂൾ, യുവജന സംഘടന എന്നിവയുടെ പ്രവർത്തനങ്ങളിൽ റാന്നി വൈദിക ജില്ലയിലെ ഏറ്റവും നല്ല യൂണിറ്റുകളാക്കുവാൻ അദ്ദേഹത്തിന്റെ നേതൃത്വം സഹായിച്ചു.

അദ്ദേഹത്തിന്റെ അടുത്ത ശുശ്രൂഷാവേദി കോട്ടയം വൈദിക ജില്ലയിൽ കീച്ചാൽ, പുതുപ്പള്ളി, വാകത്താനം ഇടവകകളായിരുന്നു. 1975ൽ കീച്ചാൽ, പുതുപ്പള്ളി ഇടവകകളുടെ വികാരിയായി നിയമിതനായി. കീച്ചാലിൽ താമസിച്ചുകൊണ്ട് പുതുപ്പള്ളി പള്ളിയുടെ ചുമതലയും പുതുപ്പള്ളിയിലും ഗാന്ധിനഗറിൽ മെഡിക്കൽ കോളജിന് സമീപം ഇപ്പോൾ ഗുഡ്സമരിറ്റൻ ഹോസ്റ്റൽ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ചുമതലയും അദ്ദേഹം വഹിച്ചിരുന്നു. ഒരു വർഷത്തിനുശേഷം 1976 മേയ് മാസത്തിൽ കീച്ചാൽ ഇടവകയുടെ ചുമതലയിൽ നിന്നും ഒഴിഞ്ഞ് വാകത്താനം ഇടവകയുടെ വികാരി സ്ഥാനം ഏറ്റെടുക്കുകയും താമസം പുതുപ്പള്ളിയിലേക്ക് മാറ്റുകയും ചെയ്തു. ഗാന്ധിനഗറിലും പുതുപ്പള്ളിയിലുമുള്ള സ്ഥലങ്ങൾ മതിൽകെട്ടി സുരക്ഷിതമാക്കി റബറും കശുമാവും കൃഷി ചെയ്ത് ആദായകരമാക്കുവാൻ അദ്ദേഹം ശ്രമിച്ചു.

പുതുപ്പള്ളി പ്രദേശത്ത് ഇതരസഭാസമൂഹങ്ങളും സമുദായങ്ങളുമായി വളരെ നല്ല ബന്ധം വളർത്തുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. ശ്രീ ഉമ്മൻ ചാണ്ടിയുടെ കുടുംബവുമായി വളരെ അടുത്ത ബന്ധം അദ്ദേഹം പുലർത്തിയിരുന്നു. അന്ന് എം.എൽ.എ ആയിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി പുതുപ്പള്ളിയിൽ രൂപതയ്ക്കുള്ള സ്ഥലത്ത് ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ തുടങ്ങാൻ അച്ചനോട് ആവശ്യപ്പെടാറുണ്ടായിരുന്നു. സർക്കാർ തലത്തിൽ നിന്നു ലഭിക്കേണ്ട അംഗീകാരങ്ങൾ വാങ്ങിക്കൊടുത്തുകൊള്ളാമെന്നും അദ്ദേഹം ഉറപ്പുകൊടുത്തിരുന്നു.

പുതുപ്പള്ളി-വാകത്താനം ഇടവകകളുടെ ചുമതലവിട്ട് 1979 ജൂൺ ആറാം തീയതി അദ്ദേഹം ചുങ്കപ്പാറ പള്ളിയുടെ വികാരിയായി ചുമതലയേറ്റു. ഏതാണ്ട് പന്ത്രണ്ട് വർഷക്കാലം അവിടെ അദ്ദേഹം ശുശ്രൂഷകൾ നിർവഹിച്ചു. ചുങ്കപ്പാറ ഇടവകയുടെയും ആ പ്രദേശത്തിന്റെയും വികസനത്തിന് പുനർജീവൻ നൽകിയ കാലമായിരുന്നു അത്. കാലപ്പഴക്കം വന്ന പള്ളിമേട പുതുക്കി പണിതു. സെന്റ് ജോർജ് ഹൈസ്കൂൾ പടിക്കൽ മനോഹരമായ കുരിശടി

നിർമിച്ചു. പള്ളിയുടെ മദ്ബഹാ മോടിപിടിപ്പിക്കുയും പള്ളി പടിഞ്ഞാറോട്ട് നീട്ടി വിപുലപ്പെടുത്തുകയും ചെയ്തു. നാടിനു നൽകിയ ഏറ്റവും വലിയ സംഭാവന ക്രിസ്തുരാജ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ തുടക്കമായിരുന്നു. ഇടവകക്കാരിൽ നിന്നും നാട്ടുകാരിൽ നിന്നും വിദേശത്തുള്ള സുഹൃത്തുക്കളിൽ നിന്നും ചെറുതും വലുതുമായ സംഭാവനകൾ സ്വീകരിച്ചാണ് അദ്ദേഹം ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്ന ചുങ്കപ്പാറ ഗ്രാമത്തിന്റെ ആഗ്രഹം സഫലമാക്കിയത്. സ്കൂളിന് ഫണ്ട് ശേഖരിക്കാനായി അദ്ദേഹം രണ്ടു പ്രാവിശ്യം ഗൾഫ് രാജ്യങ്ങളിൽ സന്ദർശനം നടത്തിയിരുന്നു. മത, സമുദായ, രാഷ്ട്രീയ, സഭാ ഭേദമെന്യേ എല്ലാവരോടും അദ്ദേഹത്തിനുണ്ടായിരുന്ന വ്യക്തിബന്ധങ്ങൾ സ്കൂൾ നിർമാണത്തിൽ അദ്ദേഹത്തിന് സഹായമായി.

അദ്ദേഹം ആരംഭിച്ച ചുങ്കപ്പാറ ബൈബിൾ കൺവൻഷൻ അദ്ദേഹത്തിന്റെ സുവിശേഷ ആഭിമുഖ്യത്തിന്റെ സ്മാരകമായി ഇന്നും സജീവമായി തുടരുന്നു. ചുങ്കപ്പാറ ഇടവകയിലെ ചുമതലകളോടൊപ്പം മുക്കട ഇടവകയുടെ വികാരി സ്ഥാനവും പുന്നവേലി ഇടവകയുടെ ചുമതലയും കുറെക്കാലം അദ്ദേഹം വഹിച്ചിരുന്നു. എഴുമറ്റൂർ കേന്ദ്രമാക്കി ഒരു ഇടവക കൂട്ടായ്മ തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ അദ്ദേഹം നടത്തുകയും അതിനായി ഒരു വസ്തു രൂപതയ്ക്കുവേണ്ടി വാങ്ങുകയും ചെയ്തിരുന്നു. എഴുമറ്റൂർ കേന്ദ്രമാക്കി ഇടവക കൂട്ടായ്മ ആരംഭിക്കുവാൻ നടത്തിയ പരിശ്രമങ്ങളാണ് പിന്നീട് അരീക്കൽ ഇടവകയുടെ രൂപീകരണത്തിന് സഹായകമായത്.

അദ്ദേഹത്തിന്റെ അടുത്ത നിയമനം തോട്ടഭാഗം ഇടവകയുടെ വികാരിയും തിരുവല്ല രൂപതയുടെ വിദ്യാഭ്യാസ ഏജൻസിയുടെ കോർപറേറ്റ് മാനേജരും ആയിട്ടായിരുന്നു. 1991 ഫെബ്രുവരി 17ാം തീയതി മുതൽ ഈ രണ്ട് ചുമതലകളും അദ്ദേഹം ഏറ്റെടുത്തു. ഏതാണ്ട് മൂന്നു വർഷത്തോടടുത്ത കാലംകൊണ്ട് തോട്ടഭാഗം ഇടവക സമൂഹത്തെ സഭാപരമായി സജീവമാക്കാൻ അദ്ദേഹത്തിന് സാധിച്ചു. പാടത്തുപാലത്ത് വേളാങ്കണ്ണിമാതാവിന്റെ നാമത്തിൽ സ്ഥാപിതമായിരുന്ന കുരിശടിയിൽ പ്രതിവാര വിശുദ്ധ കുർബാനയും മധ്യസ്ഥപ്രാർത്ഥനയും കൂടുതൽ ജനകീയമാക്കി. വൈദികമന്ദിരം നവീകരിക്കുകയും അതിനോടനുബന്ധിച്ച് ഒരു മിനി ഓഡിറ്റോറിയം നിർമിക്കുകയും ചെയ്തു. ആധുനിക കവിയൂരിന്റെ ശില്പി എന്ന് വിളിക്കപ്പെടാവുന്ന കലേക്കാട്ടിൽ വന്ദ്യ തോമസ് അച്ചന്റെ സ്മാരകമായി തോട്ടഭാഗം പള്ളിയങ്കണത്തിൽ ബൃഹത്തും മനോഹരവുമായ ഓഡിറ്റോറിയം നിർമിക്കുകയും പള്ളിമുറ്റത്തുണ്ടായിരുന്ന വിശുദ്ധ അന്തോണിയോസിന്റെ കുരിശടി നവീകരിക്കുകയും ചെയ്തു. തന്നോടൊപ്പം ഒരേ പാത്രത്തിൽ നിന്നു ഭക്ഷിച്ച യൂദാസ് തന്റെ ഗുരുവിനെ വധകർക്ക് ഏല്പിച്ചു കൊടുത്തതു പോലെ താൻ ആർക്ക് തന്നോടൊപ്പം ഭക്ഷണം പങ്കുവച്ച് നൽകിയിരുന്നോ ആ ഒരു യുവാവ് 1993 ഡിസംബർ 12ാം തീയതി രാത്രിയിൽ കൂട്ടുകാരുമായി സംഘം ചേർന്ന് അച്ചനെ അപായപ്പെടുത്തി. മധ്യതിരുവിതാംകൂറിനെ നടുക്കിയ സംഭവം. തിരുവല്ല രൂപതയെയും ബഹു. തോമസ് പടിഞ്ഞാറെക്കുറ്റ് അച്ചനെ അറിയുന്ന സകലരെയും ദു:ഖത്തിലാഴ്ത്തിയ സംഭവം. നിയമപരമായ പോലീസ് നടപടികൾക്കുശേഷം മൃതദേഹം ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളി സെമിത്തേരിയിൽ പ്രത്യേകം തയാറാക്കിയ കല്ലറയിൽ ഡിസംബർ 14ാം തീയതി സംസ്കരിച്ചു.

'തുറയിൽ' കുടുംബത്തിലൂടെ 'പകലോമറ്റം' തറവാടിന് മാർത്തോമ്മാ ശ്ലീഹായിൽ നിന്നു ലഭിച്ച വിശ്വാസത്തിന്റെ ദൃഢതയും 'പാറയ്ക്കൽ' കുടുംബത്തിലൂടെ ലഭിച്ച സഭാസ്നേഹവും സംയുക്തമായി സമ്മേളിച്ചിരുന്ന വ്യക്തിത്വമായിരുന്നു ബഹു. തോമസ് പടിഞ്ഞാറേക്കുറ്റ് അച്ചന്റേത്. അദ്ദേഹത്തിലെ തീക്ഷ്ണമതിയായ വൈദികനെ രൂപപ്പെടുത്തിയ കുടംബ-സഭാ പശ്ചാത്തലങ്ങളുടെയും ഇരുപത്തിയെട്ട് വർഷത്തെ അജപാലന ശുശ്രൂഷയിലൂടെ അനേകർക്ക് നന്മ നൽകിയ പൗരോഹിത്യ ജീവിതത്തിന്റെയും നേർക്കാഴ്ചകളാണ് മുൻ താളുകളിൽ വരച്ചുകാട്ടുവാൻ ശ്രമിച്ചത്. അടുത്തറിഞ്ഞവരെല്ലാം അദ്ദേഹത്തെ സ്നേഹിച്ചു. അദ്ദേഹത്തിന്റെ പൗരോഹിത്യ രജതജൂബിലി 1991ൽ തന്റെ ജന്മനാട്ടിൽ ചെങ്ങരൂർ ഇടവകയിലും കർമ്മനാട്ടിൽ ചുങ്കപ്പാറ ഇടവകയിലും ജാതിമതഭേദമെന്യേ സകലരും ചേർന്ന് സാഘോഷം കൊണ്ടാടിയത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തെയും ശുശ്രൂഷകളെയും സമൂഹം എപ്രകാരം അംഗീകരിച്ച് ആദരിച്ചിരുന്നു എന്നതിന്റെ അടയാളമായിരുന്നു. അദ്ദേഹത്തിന്റെ ആകസ്മിക വേർപാടിൽ തന്റെ പ്രധാന കർമ്മമേഖലയായിരുന്ന ചുങ്കപ്പാറ ദേശവാസികൾ ഒന്നടങ്കം ഹർത്താൽ ആചരിച്ചത് അദ്ദേഹത്തിന്റെ ആചാര്യ ശുശ്രൂഷയെ ജനം എത്രമാത്രം ആഴത്തിൽ അംഗീകരിച്ചിരുന്നു എന്നതിന്റെ പ്രകടമായ തെളിവുമായിരുന്നു.


ചരമത്തിന്റെ രജതജൂബിലിയോടടുത്തിട്ടും അദ്ദേഹത്തിന്റെ ഓർമ്മ ജനഹൃദയങ്ങളിൽ ഇന്നും സജീവം. നിയതിയുടെ നിശ്ചയത്തിനു മുമ്പിൽ നമ്രശിരസ്കരാകാം.



**മലങ്കര കത്തോലിക്കാ സഭ വേദപാഠം**

## ക്ലാസ്സ് – 5
## സ്യഷ്ടാവായ ദൈവം
## പാഠം – 16
# നമ്മുടെ ഭദ്രാസനങ്ങളും മെത്രാപ്പോലീത്തമാരും

തയ്യാറാക്കിയത് : **റോബിൻ ചിരിവുപുരയിടത്തിൽ**



**യൂഹാനോൻ മാർ തിയോഡോഷ്യസ്** | **ഗീവർഗീസ് മാർ മക്കാറിയോസ്**

മാർ തോമാശ്ലീഹായാൽ സ്ഥാപിതമായ ഭാരതത്തിലെ ക്രൈസ്തവസഭയിൽ 1653 ൽ ഭിന്നതയുണ്ടായി. ഈ ഭിന്നതമൂലം ഒരു വിഭാഗം കത്തോലിക്കാസഭയുമായുള്ള ഐക്യം നഷ്ടപ്പെടുത്തി. ഈ നഷ്ടപ്പെട്ട ഐക്യം 1930 സെപ്റ്റംബർ 20 ന് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ വീണ്ടെടുത്തു. ഇപ്രകാരം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടവരാണ് മലങ്കര കത്തോലിക്കർ. ക്രിസ്റ്റോ പാസ്തോരും പ്രിൻചിപ്പി എന്ന തിരുവെഴുത്തുവഴി 1932 ജൂൺ 11 ന് മലങ്കര കത്തോലിക്കർക്കുവേണ്ടി തിരുവനന്തപുരം, തിരുവല്ല എന്നീ ഭദ്രാസനങ്ങളോടെ മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപിതമായി.

മലങ്കര കത്തോലിക്കാസഭക്ക് ഇന്ന് പതിനൊന്ന് ഭദ്രാസനങ്ങളും ഭദ്രാസനങ്ങൾക്ക് പുറത്ത് ഭാരതത്തിനുള്ളിൽ ഒരു എക സ്സാർക്കേറ്റും ഉണ്ട്. സഭയിൽ ഇന്ന് 16 മെത്രാപ്പോലീത്താമാരാണുള്ളത്. അവരിൽ ബസേലിയോസ് ക്ലീമീസ് കാതോലിക്ക ബാവ സഭാദ്ധ്യക്ഷനും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മേജർ ആർച്ചുബിഷപ്പുമാണ്. ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, ഗീവർഗീസ് മാർ തിമോത്തിയോസ്, ഗീവർഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, എബ്രഹാം മാർ യൂലിയോസ്, ജോസഫ് മാർ തോമസ്, ജേക്കബ് മാർ ബർണബാസ്, വിൻസെന്റ് മാർ പൗലോസ്, സാമുവേൽ മാർ ഐറേനിയസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്, തോമസ് മാർ അന്തോണിയോസ്, തോമസ് മാർ യൗസേബിയോസ്, യൂഹാനോൻ മാർ തിയോഡോഷ്യസ്, ഗീവർഗീസ് മാർ മക്കാറിയോസ് എന്നിവർ മെത്രാപ്പോലീത്തമാരായി സഭയെ ശുശ്രൂഷിക്കുന്നു. മലങ്കര സഭയ്ക്ക് അഞ്ചു ലക്ഷത്തോളം വിശ്വാസികളും ആയിരത്തോളം ഇടവകകളും 750 ലധികം വൈദികരും രണ്ടായിരത്തിമുന്നൂറോളം സന്യസ്തരും ഉണ്ട്. ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുരലായങ്ങളും സാമൂഹിക പ്രസ്ഥാനങ്ങളും സഭയിലുണ്ട്.

**1. തിരുവനന്തപുരം മേജർ അതിഭദ്രാസനം** : 1933 മാർച്ച് 12 ന് സ്ഥാപിതമായ തിരുവനന്തപുരം അതിഭദ്രാസനം രണ്ട് ഭദ്രാസനങ്ങൾക്ക് ജന്മം കൊടുത്ത് സഭയുടെ കേന്ദ്രഭദ്രാസനമായി നിലകൊള്ളുന്നു. രണ്ടു ലക്ഷത്തിൽപരം വിശ്വാസികളും 154 വൈദികരും 317 പള്ളികളും അതിരൂപതയിലുണ്ട്. മാർ ഈവാനിയോസ് (1930 - 1953), മാർ ഗ്രിഗോറിയോസ് (1953 - 1994), സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവ (1995 - 2007) എന്നീ മെത്രാപ്പോലീത്തമാർ ഈ അതിഭദ്രാസനത്തെ വളർച്ചയുടെ പാതയിലൂടെ നയിച്ചു. ഈ വന്ദ്യ പിതാക്കന്മാരുടെ ക്രാന്തദർശിത്വവും ദീർഘവീക്ഷണവും സഭയ്ക്ക് ഇന്നും മുതൽകൂട്ടായി നിൽക്കുന്നു.

സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കബാവയാണ് ഇപ്പോൾ തിരുവനന്തപുരം മേജർ അതിരൂപതയുടെ മെത്രാപ്പോലീത്താ. അദ്ദേഹം 1959 ജൂൺ 15 ന് തിരുവല്ലായ്ക്കടുത്ത് മുക്കൂറിൽ ജനിച്ചു. 1986 ജൂൺ 11-ാം തീയതി ബത്തേരി രൂപതയ്ക്കുവേണ്ടി വൈദികപട്ടം സ്വീകരിച്ചു. 2001 ആഗസ്റ്റ് 15ന് തിരുവനന്തപുരം സഹായമെത്രാനായും യൂറോപ്പിന്റെയും വടക്കേ അമേരിക്കയുടെയും "അപ്പസ്തോലിക് വിസിറ്റേറ്റർ" ആയും അഭിഷിക്തനായി. തിമോത്തിയോസ് തിരുമേനി വിരമിച്ചതിനെ തുടർന്ന് 2003 ഒക്ടോബർ 2ന് തിരുവല്ല ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി സ്ഥാനമേറ്റു. 2006 ജൂൺ 10ന് തിരുവല്ല ഭദ്രാസനം അതിഭദ്രാസനമായി ഉയർത്തുകയും അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി അദ്ദേഹം സ്ഥാനമേൽക്കുകയും ചെയ്തു. 2007 ഫെബ്രുവരി 10ന് അഭിവന്ദ്യ സിറിൽ ബസേലിയോസ് കാതോലിക്കബാവ തിരുമേനിയുടെ പിൻഗാമിയായി ബസേലിയോസ് ക്ലീമീസ് കാതോലിക്കബാവ എന്ന പേരിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദ്വിതീയ കാതോലിക്കയായി തിരഞ്ഞെടുക്കപ്പെട്ടു. 2007 മാർച്ച് 5ന് അദ്ദേഹം സ്ഥാനമേല്ക്കുകയും സഭയ്ക്ക് ശക്തമായ നേതൃത്വം നല്കുകയും ചെയ്യുന്നു. 2012 നവംബർ 24ന് അദ്ദേഹം കർദ്ദിനാളായി അഭിഷേകം ചെയ്യപ്പെട്ടു.

അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയസ് മെത്രാപ്പോലീത്തയാണ് തിരുവനന്തപുരം മേജർ അതിരൂപതയുടെ ഇപ്പോഴത്തെ സഹായ മെത്രാൻ. അദ്ദേഹം 1952 മെയ് 13ന് പത്തനംതിട്ട ജില്ലയിൽ കടമനിട്ട എന്ന സ്ഥലത്ത് ജനിച്ചു. 1978 ഡിസംബർ 22ന് അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. 2010 മാർച്ച് 13-ാം തീയതി തിരുവനന്തപുരം മേജർ അതിരൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായി.

**2. തിരുവല്ല അതിഭദ്രാസനം** : 1933 നവംബർ 6ന് ഔദ്യോഗികമായി തിരുവല്ല ഭദ്രാസനം സ്ഥാപിതമായി. വളരെ വിസ്തൃതമായി വ്യാപിച്ചു കിടക്കുന്ന ഈ ഭദ്രാസനത്തിൽ 120 വൈദികരും 132 പള്ളികളും 50,000 വിശ്വാസികളുമുണ്ട്. 2006 ജൂൺ 10-ാം തീയതി തിരുവല്ല ഭദ്രാസനം ഒരു അതിഭദ്രാസനമായി പരി.പിതാവ് ഉയർത്തി. മാർ തെയോഫിലോസ് (1933 - 1950), മാർ സേവേറിയോസ് (1950 - 1955), മാർ അത്തനാസിയോസ് (1955 - 1977), മാർ യൂഹാനോൻ (1978 - 1987), മാർ തിമോത്തിയോസ് (1988 - 2003), മാർ ക്ലീമീസ് (2003 - 2007) എന്നിവർ ഈ ഭദ്രാസനത്തിന് നേതൃത്വം കൊടുത്തു. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായാണ് ഇപ്പോഴത്തെ ആർച്ചുബിഷപ്പ്. 1958 ഒക്ടോബർ 19ന് നിരണത്തു ജനിച്ച അദ്ദേഹം 1985 ഡിസംബർ 30ന് വൈദികനായി. 1997 ജൂലൈ 17ന് തിരുവല്ല അതിരൂപതയുടെ സഹായമെത്രാനായി അദ്ദേഹം നിയമിക്കപ്പെട്ടു. 2003-ൽ പുതുതായി രൂപം കൊണ്ട മൂവാറ്റുപുഴ രൂപതയുടെ പ്രഥമമെത്രാനായി ചുമതലയേറ്റു. 2007 മെയ് 1 മുതൽ തിരുവല്ല അതിരൂപതയുടെ ദ്വിതീയ ആർച്ചുബിഷപ്പായി ചുമതല വഹിക്കുന്നു. മലങ്കര കത്തോലിക്ക സൂന്നഹദോസിന്റെ സെക്രട്ടറി പദവും അദ്ദേഹം വഹിക്കുന്നു.

അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് പിതാവ് പത്തനംതിട്ട ജില്ലയിൽ റാന്നി കരിമ്പനാംകുഴിയിൽ 1952 മെയ് 9 ന് ജനിച്ചു. 1979 ഏപ്രിൽ 27 ന് വൈദികപട്ടം സ്വീകരിച്ചു. 2010 മാർച്ച് 13 ന് അദ്ദേഹം തിരുവല്ല അതിരൂപതയുടെ

സഹായമെത്രാനായി അഭിഷിക്തനായി. 2017 ഒക്ടോബർ 28 ന് അദ്ദേഹം അമേരിക്ക - കാനഡ ഭദ്രാസനാധിപനായി ചുമതലയേറ്റു.

തിരുവല്ല രൂപതയുടെ അഞ്ചാമത്തെ മെത്രാനായിരുന്നു അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത. കോട്ടയം ജില്ലയിലെ അമയന്നൂരിൽ 1928 ഫെബ്രുവരി 2ന് ജനിച്ച അദ്ദേഹം 1953 ആഗസ്റ്റ് 24ന് വൈദികനായി. 1988 ആഗസ്റ്റ് 6ന് തിരുവല്ല രൂപതയുടെ മെത്രാനായി വാഴിക്കപ്പെട്ടു. 2003-ൽ രൂപത ഭരണത്തിൽനിന്നും വിരമിച്ച അദ്ദേഹം ഇപ്പോൾ വിശ്രമജീവിതം നയിക്കുന്നു.

**3. ബത്തേരി ഭദ്രാസനം :** 1978 ഒക്ടോബർ 28ന് തിരുവല്ല രൂപത വിഭജിച്ച് മലങ്കര സഭയുടെ മൂന്നാമത്തെ രൂപതയായ ബത്തേരി സ്ഥാപിക്കപ്പെട്ടു. ഇന്ന് ഈ ഭദ്രാസനത്തിൽ 100 പള്ളികളും 85 വൈദികരും ഏകദേശം 30,000 വിശ്വാസികളുമുണ്ട്. ബത്തേരി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ സിറിൽ മാർ ബസേലിയോസ് ആയിരുന്നു. അദ്ദേഹം തിരുവനന്തപുരം അതിഭദ്രാസനാധിപൻ ആയപ്പോൾ അഭിവന്ദ്യ ഗീവറുഗീസ് മാർ ദിവന്നാസിയോസ് ആ സ്ഥാനം വഹിച്ചു. 2010 ഏപ്രിൽ 13-ാം തീയതി ബത്തേരി ഭദ്രാസനത്തിന്റെ പുതിയ മെത്രാനായി ജോസഫ് മാർ തോമസ് തിരുമേനി നിയമിതനായി.

അഭിവന്ദ്യ പിതാവ് 1952 ഏപ്രിൽ 20ന് വടശ്ശേരിക്കര കോന്നാത്തുവീട്ടിൽ ജനിച്ചു. 1978 ഡിസംബർ 23ന് അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. 2005ൽ തിരുവനന്തപുരം രൂപതയുടെ സഹായമെത്രാനായും അമേരിക്ക, യൂറോപ്പ് തുടങ്ങിയ സ്ഥലങ്ങളുടെ അപ്പസ്തോലിക് സന്ദർശകനായും അദ്ദേഹം നിയമിതനായി.

**4. മാർത്താണ്ഡം ഭദ്രാസനം :** കന്യാകുമാരി ജില്ലയിലെ മലങ്കര സഭാംഗങ്ങൾക്കായി തിരുവനന്തപുരം അതിഭദ്രാസനം വിഭജിച്ച് 1996 ഡിസംബർ 16-ന് മാർത്താണ്ഡം ഭദ്രാസനം നിലവിൽ വന്നു. തമിഴ് മേഖലയിലുള്ള ഈ ഭദ്രാസനത്തിൽ 80 പള്ളികളും 38 വൈദികരും ഏകദേശം 70,000 വിശ്വാസികളുമുണ്ട്. 1997 ജനുവരി 23 ന് ലോറൻസ് മാർ അപ്രേം തിരുമേനി മാർത്താണ്ഡം രൂപതയുടെ പ്രഥമ മെത്രാനായി നിയമിക്കപ്പെട്ടു. 1997 ഏപ്രിൽ 8ന് അദ്ദേഹം കാലം ചെയ്യുകയും തുടർന്ന് യൂഹാനോൻ മാർ ക്രിസോസ്റ്റം മാർത്താണ്ഡം ഭദ്രാസനത്തിന്റെ അധിപനായി നിയോഗിക്കപ്പെടുകയും ചെയ്തു. 2010 മാർച്ച് 13 ന് മാർത്താണ്ഡം രൂപതയുടെ ത്രിതീയ മെത്രാനായി അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് നിയമിതനായി.

അഭിവന്ദ്യ പിതാവ് തമിഴ്നാട്ടിൽ കന്യാകുമാരി ജില്ലയിലെ കുമാരൻകുടിയിൽ 1964 ഫെബ്രുവരി 20 ന് ജനിച്ചു. 1991 ജനുവരി 2 ന് മാതൃ ഇടവകയായ അണക്കരയിൽ വച്ച് അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. അദ്ദേഹം 2010 മാർച്ച് 13-ാം തീയതി തിരുവനന്തപുരത്തു വച്ച് ബസേലിയോസ് ക്ലീമീസ് കാതോലിക്ക ബാവായിൽ നിന്ന് മെത്രാൻപട്ടം സ്വീകരിക്കുകയും മാർത്താണ്ഡം രൂപതയുടെ ത്രിതീയ മെത്രാനായി സ്ഥാനമേൽക്കുകയും ചെയ്തു. മാർത്താണ്ഡം രൂപതയുടെ തദ്ദേശീയനായ മെത്രാനാണ് വിൻസെന്റ് മാർ പൗലോസ് തിരുമേനി.

**5. മൂവാറ്റുപുഴ ഭദ്രാസനം :** മലങ്കര കത്തോലിക്ക സഭയുടെ വളർച്ചയുടെ ഉത്തമ ഉദാഹരണമാണ് 2003 ഫെബ്രുവരി 6 ന് ഉദ്ഘാടനം ചെയ്യപ്പെട്ട മൂവാറ്റുപുഴ ഭദ്രാസനം. തിരുവല്ല അതിഭദ്രാസനം വിഭജിച്ചാണ് മൂവാറ്റുപുഴ രൂപത സ്ഥാപിതമായത്. ഈ ഭദ്രാസനത്തിൽ 65 ഇടവകകളും 50 വൈദികരും ഏകദേശം 20,000 വിശ്വാസികളുമുണ്ട്. ഇതിന്റെ സാരഥ്യം ആദ്യമായ് ഏറ്റെടുത്തത് തിരുവല്ല സഹായ മെത്രാനായിരുന്ന തോമസ് മാർ കൂറിലോസ് പിതാവായിരുന്നു. 2008 മുതൽ അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്തയാണ് മൂവാറ്റുപുഴയുടെ അദ്ധ്യക്ഷൻ.

1945 മെയ് 25 ന് തിരുവല്ലായ്ക്കടുത്ത് കല്ലൂപ്പാറ കടമാൻകുളം എന്ന സ്ഥലത്ത് അഭിവന്ദ്യ പിതാവ് ഭൂജാതനായി. 1970 ഒക്ടോബർ 10-ാം തീയതി തിരുവല്ല രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. 2008 ഫെബ്രുവരി 9 ന് മൂവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രലിൽ വച്ച് എബ്രഹാം മാർ യൂലിയോസ് എന്ന പേരിൽ ബസേലിയോസ് ക്ലീമീസ് കാതോലിക്ക ബാവ അദ്ദേഹത്തിന് മെത്രാൻപട്ടം നല്കി. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാനായി അദ്ദേഹം രൂപതയെ നയിക്കുന്നു.

**6. മാവേലിക്കര ഭദ്രാസനം :** തിരുവനന്തപുരം അതിഭദ്രാസനം വിഭജിച്ച് ചെങ്ങന്നൂർ മുതൽ കളയിക്കാവിള വരെ വ്യാപിച്ചുകിടക്കുന്ന തിരുവനന്തപുരം അതിഭദ്രാസനം വിഭജിച്ചാണ് 2006 ൽ മാവേലിക്കര ഭദ്രാസനം രൂപം കൊണ്ടത്. ഈ ഭദ്രാസനത്തിൽ 60ൽ അധികം വൈദികരും 100 ദൈവാലയങ്ങളും 50,000 വിശ്വാസികളും ഉണ്ട്.

ഈ രൂപതയുടെ പ്രഥമ സാരഥ്യം ഏറ്റെടുത്തത് തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ സഹായ മെത്രാനായിരുന്ന അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തയാണ്.

അഭിവന്ദ്യ പിതാവ് 1950 മെയ് 24 ന് കൊട്ടാരക്കര കിഴക്കെത്തെരുവ് എന്ന സ്ഥലത്ത് ജനിച്ചു. 1978 ഏപ്രിൽ 2 ന് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്ന് കശ്ശീശ്ശാപട്ടം സ്വീകരിച്ചു. സിറിൽ ബസേലിയോസ് കാതോലിക്ക ബാവയിൽ നിന്ന് 1998 ൽ തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാനായി മെത്രാൻപട്ടം സ്വീകരിച്ചു. 2006 മാർച്ച് 5-ാം തീയതി പുതുതായി രൂപം കൊണ്ട മാവേലിക്കര രൂപതയുടെ പ്രഥമ അദ്ധ്യക്ഷനായി അദ്ദേഹം സ്ഥാനമേറ്റു.

**7. പത്തനംതിട്ട ഭദ്രാസനം :** മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ഏഴാമത് രൂപതയായി 2010 മാർച്ച് 20-ാം തീയതി പത്തനംതിട്ട രൂപത നിലവിൽ വന്നു. തിരുവനന്തപുരം അതിഭദ്രാസനം വിഭജിച്ചാണ് പത്തനംതിട്ട രൂപത സ്ഥാപിച്ചത്. ഈ ഭദ്രാസനത്തിൽ ഇപ്പോൾ 100 ദൈവാലയങ്ങളും 88 വൈദികരും 50,000 വിശ്വാസികളുമുണ്ട്. ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായി അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി നിയമിതനായി.

പത്തനംതിട്ട ജില്ലയിലെ കടമ്മനിട്ടയിൽ 1944 മെയ് 19 ന് ജനിച്ച അദ്ദേഹം 1973 മെയ് 5 ന് ഗ്രിഗോറിയോസ് പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. അമേരിക്കയിലെ മലങ്കര മിഷനുകളുടെ ചുമതലയുണ്ടായിരുന്ന അദ്ദേഹം 1998 ജൂൺ 29 ന് സിറിൽ ബസേലിയോസ് കാതോലിക്ക ബാവയിൽ നിന്നും മെത്രാനായി. 1998 ൽ മാർത്താണ്ഡം രൂപതയുടെ ദ്വിതീയ മെത്രാനായി സ്ഥാനമേറ്റു. 2010 മാർച്ച് 20ന് പുതുതായി രൂപം കൊണ്ട പത്തനംതിട്ട ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി അദ്ദേഹം ചുമതലയേറ്റു.

**8. പുത്തൂർ ഭദ്രാസനം :** കേരളത്തിന് പുറത്ത് കർണ്ണാടക, തമിഴ്നാട് ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന മലങ്കര സുറിയാനി കത്തോലിക്കർക്കായി ബത്തേരി ഭദ്രാസനം വിഭജിച്ച് രൂപം കൊടുത്തതാണ് പുത്തൂർ ഭദ്രാസനം. സൗത്ത്കാനറാ, ഷിമോഗ, കർണ്ണാടകത്തിലെ മറ്റ് അഞ്ച് ജില്ലകൾ, തമിഴ്നാടിന്റെ കുറച്ചു ഭാഗങ്ങൾ തുടങ്ങിയവ ഈ ഭദ്രാസനത്തിൽ ഉൾപ്പെടുന്നു. ഇവിടെ സഭയ്ക്ക് 25 ദേവാലയങ്ങളും 20 വൈദികരും 10,000 വിശ്വാസികളുമുണ്ട്. പുതുതായി രൂപം കൊണ്ട ഭദ്രാസനത്തിന്റെ ചുമതല അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിക്കാണ്.

1950 നവംബർ 1 ന് കുന്നന്താനത്തു ജനിച്ച അദ്ദേഹം 1978 ഏപ്രിൽ 20 ന് പൗരോഹിത്യം സ്വീകരിച്ചു. അദ്ദേഹം 1997

*(ശേഷം 45-ാം പേജിൽ)*

# ദൈവം സ്പർശിച്ച വിരലുകൾ

**ഇ**ടുക്കി ജില്ലയിലെ പഴയരിക്കണ്ടം സ്വദേശിയായ ജോസഫ് എന്ന അനുഗ്രഹീത ചിത്രകാരന്റെ ജീവിതത്തിലൂടെ ഒരു യാത്ര. തന്റെ കരങ്ങളിലൂടെ ഒത്തിരിയേറെ ചിത്രങ്ങൾക്ക് ജന്മംനൽകിയ ജോസഫിന്റെ ജീവിതത്തിൽ എപ്പോഴും ദൈവത്തിന്റെ കരസ്പർശം നിഴലിക്കുന്നു. കഞ്ഞിക്കുഴി സെന്റ് തോമസ് സ്കൂളിൽ 1992 എസ്.എസ്.എൽ.സി. ബാച്ചാണ് ജോസഫ്. തനിക്ക് എന്നും പ്രചോദനമായിരുന്ന സ്കൂളിലെ ഡ്രോയിംഗ് മാഷായിരുന്ന റ്റി.ജെ. ജോസ് എന്ന അദ്ധ്യാപകന്റെ വർക്കുകൾ ജോസഫിനെ ചിത്രലോകത്തിലേക്ക് കൂടുതൽ ആകർഷിച്ചു. പഠന കാലഘട്ടത്തിൽ ചിത്രങ്ങളെക്കുറിച്ചും അതിന്റെ പിറവിയെക്കുറിച്ചും ജോസ് സാറിൽ നിന്നും പ്രാഥമിക പാഠങ്ങൾ ലഭിച്ചു. ജോസഫിന്റെ ഉള്ളിലെ ചിത്രകാരനെ കണ്ടുപിടിച്ചതും ജോസ് സാർ തന്നെയാണ്. പത്താം ക്ലാസ്സ് പഠനത്തിനു ശേഷം തന്റെ ജീവിതം മുഴുവൻ ചിത്രകലയ്ക്കായി അദ്ദേഹം മാറ്റിവച്ചു. പത്താം ക്ലാസ്സ് കഴിഞ്ഞ് രണ്ട് വർഷക്കാലം തൊടുപുഴയിലെ Young India School of Arts ൽ ചേർന്ന് പഠനം നടത്തി. എന്നാൽ നിർഭാഗ്യവശാൽ അവിടുത്തെ കോഴ്സ് നിർത്തലാക്കിയതുകൊണ്ട് പഠനം പൂർത്തിയാക്കാൻ സാധിച്ചില്ല. അതിനുശേഷം തനിയെ ഉള്ള കഠിനാദ്ധ്വാനം വഴി ചെറിയ ചിത്രങ്ങൾ വരയ്ക്കുകയും ബോർഡുകൾ എഴുതി കൊടുക്കുകയും ചെയ്തു. അതായിരുന്നു ജോസഫ് എന്ന കലാകാരന്റെ



തുടക്കം. അതിനുശേഷം ദൈവാലയത്തിൽ ഒരു ചിത്രം വരയ്ക്കാൻ അവസരം ലഭിച്ചത് സുഹൃത്തായ ആന്റണി പാലയ്ക്കാമണ്ണിൽ എന്ന വ്യക്തിയിലൂടെയാണ്. ആന്റണി പഴയരിക്കണ്ടം മലങ്കര കത്തോലിക്കാ ഇടവകാംഗം ആണ്. ആന്റണിയുടെ കടയിൽ ജോസഫ് വരച്ചുവച്ച ഒരു ചിത്രം കണ്ട് അവിടെ വികാരിയായിരുന്ന ഷാജി ബഹനാൻ അച്ചൻ ആണ് ദൈവാലയത്തിൽ ചിത്രം വരയ്ക്കുവാൻ അവസരം നൽകിയത്. അത് ജോസഫിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. അങ്ങനെ ബഹനാനച്ചന്റെ നിർദ്ദേശപ്രകാരം പഴയരിക്കണ്ടം പള്ളിയിൽ വി. ഗീവർഗീസ് സഹദായുടെ ചിത്രം വരച്ച് നല്കി. ഒരു ദൈവാലയത്തിലെ ജോസഫിന്റെ ആദ്യ ചിത്രമായിരുന്നു അത്. ഇപ്പോഴും ആ ചിത്രം പള്ളിയിൽ സൂക്ഷിക്കുന്നു. അതിനുശേഷം മൂന്ന് ചിത്രങ്ങൾക്കൂടെ ആ ദൈവാലയത്തിനുവേണ്ടി വരയ്ക്കുവാൻ ജോസഫിന് ഭാഗ്യം ലഭിച്ചു. ആ സമയത്താണ് വെൺമണി പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുക്കൊണ്ടിരുന്നത്. അവിടെയും ചിത്രം വരയ്ക്കുവാൻ അവസരം ലഭിച്ചു. ഈ സമയത്ത് ഫ്ളക്സിന്റെ വരവോടുകൂടി കൊമേഴ്സ്യൽ ആർട്ട് നശിച്ചുപോകുന്ന ഒരു സാഹചര്യമുണ്ടായി. എന്ത് ചെയ്യണം എന്നോർത്ത് ഇരിക്കുമ്പോഴാണ് സിനിമ രംഗത്ത് ലൈറ്റ് ബോയ് ആയി ജോലിചെയ്തുക്കൊണ്ടിരുന്ന ഒരു സുഹൃത്ത് വഴി സിനിമയ്ക്ക് വേണ്ടി ആർട്ട് വർക്കുകൾ ചെയ്യുവാൻ അവസരം ലഭിച്ചത്.

ഈ സമയത്താണ് ബഹനാനച്ചൻ മാന്നാറിലേക്ക് സ്ഥലം മാറിപ്പോയത്. അച്ചന്റെ നിർദ്ദേശപ്രകാരം സിനിമാരംഗത്തെ ജോലി ഉപേക്ഷിച്ച് മാന്നാറിലേക്ക് അച്ചൻ പറഞ്ഞ പ്രകാരം യാത്ര തിരിച്ചു. മാന്നാർ ഈസ്റ്റ് പള്ളിയുടെ മുഖവാരത്ത് ഒരു ചിത്രം വരയ്ക്കുവാൻ അച്ചൻ ജോസഫിന് അവസരം നൽകി. അതിൻപ്രകാരം അവിടെ പരി. ദൈവമാതാവിന്റെയും ദൈവാലയത്തിന്റെ ഉള്ളിൽ ഉത്ഥിതനായ ഈശോയുടെയും ചിത്രങ്ങൾ വരച്ചു. അതിനുശേഷം ജോസഫിന് പിറകിലേക്ക് തിരിഞ്ഞു നോക്കേണ്ടതായിട്ട് വന്നില്ല. അത് ജോസഫിന്റെ ചിത്രകലാ ലോകത്തിലേയ്ക്കുള്ള ഒരു രണ്ടാം വരവ് തന്നെയാണ്. ആ ചിത്രം തന്നെ മുപ്പതോളം ദൈവാലയത്തിൽ വരയ്ക്കുവാൻ ജോസഫിന് അവസരം ലഭിച്ചു. അഭിവന്ദ്യ ബാവാ തിരുമേനി തിരുവല്ലയുടെ മെത്രപ്പോലീത്തയായി ശുശ്രൂഷ ചെയ്യുന്ന സമയത്ത് പിതാവിന്റെ ആവശ്യപ്രകാരം മേരിഗിരി അരമനയിലും പരി. ദൈവമാതാവിന്റെ ചിത്രം വരച്ചു. അതേതുടർന്ന് ജോസഫ് വരച്ച പരി. അമ്മയുടെ ചിത്രം 'മാന്നാർ മാതാവ്' എന്ന ഓമനപേരിൽ അറിയപ്പെടാൻ തുടങ്ങി. ഈ കഴിഞ്ഞ സമയത്ത്, ഇപ്പോഴത്തെ വികാരിയായിരിക്കുന്ന ബഹു. വർഗീസ് ഈരാച്ചേരിൽ അച്ചൻ പറഞ്ഞതനുസരിച്ച് ആ പഴയ ചിത്രം പുതുക്കി വരയ്ക്കാനും ദൈവം ഇടയാക്കി.

നൂറോളം പള്ളികളിൽ ചിത്രം വരയ്ക്കുവാൻ ജോസഫിന് സാധിച്ചു. അഭിവന്ദ്യ ബാവാ തിരുമേനിയുടെ നിർദ്ദേശപ്രകാരം പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ 'മാന്നാർ മാതാവിന്റെ' ചിത്രം വരയ്ക്കുവാൻ അവസരം ലഭിച്ചത് വലിയ അനുഗ്രഹമായി ജോസഫ് കാണുന്നു. കുറേയേറെ സ്കൂളുകളിലും വളരെ കുറച്ച് മഠങ്ങളിലും ചിത്രം വരയ്ക്കുവാൻ ഇതിനോടകം തന്നെ ജോസഫിന് സാധിച്ചു. നേഴ്സറി സെക്ഷനുകളിൽ മാലം സ്കൂളിൽ ചിത്രം വരച്ച് കൊണ്ട് സ്കൂളുകളിലേക്കും ജോസഫ് എന്ന ചിത്രകാരന്റെ പ്രാവീണ്യം കടന്നു ചെന്നു. ഒത്തിരിയേറെ തിരക്കുകൾക്കിടയിലും ഭാവിതലമുറയ്ക്ക് ചിത്രകലയുടെ ബാലപാഠങ്ങൾ പകർന്നു കൊടുക്കുവാൻ ജോസഫ് സമയം കണ്ടെത്തുന്നു. എന്നാൽ ചിത്രകല പഠിപ്പിക്കുക എന്നത് മറ്റൊരു കലയാണ് എന്ന് ജോസഫ് പറയുന്നു. ദൈവം നൽകിയ ഈ കലയെ യാതൊരു പ്രതിഫലവും കൂടാതെ പുതുതല മുറയ്ക്ക് തന്നെക്കൊണ്ട് ആവുന്ന പോലെ ജോസഫ് പഠിപ്പിക്കുന്നു.



അന്ധകാരത്തിന്റെ അവസ്ഥയെ നോക്കി ദൈവം പറഞ്ഞു 'ഉണ്ടാകട്ടെ' ആ വചനത്താൽ ഇരുട്ടിന് വിപരീതമായ പ്രകാശം ഉണ്ടായി. ഇരുട്ടിന്റെയും വെളിച്ചത്തിന്റെയും ഇടയിൽ കലാകാരന്റെ മനസ്സിലെ സൃഷ്ടിയെ മനുഷ്യ കരങ്ങളാൽ മറ്റൊരുവന്റെ മനസ്സിൽ ലയിപ്പിക്കുന്നതാണ് ചിത്രകല എന്ന് ജോസഫ് അഭിപ്രായപ്പെടുന്നു. ഈ അന്ധകാരത്തെ മാറ്റി പ്രകാശം നൽകുന്നത് ദൈവമാണ്.



അതിനാൽ തന്നെ പ്രകാശം ദൈവീകമാണ് എന്ന് ജോസഫ് പറയുന്നു. ഒരു ചിത്രത്തിൽ എപ്പോഴാണ് ദൈവീകാംശം കടന്നുവരുക എന്നുള്ളത് ഇപ്പോഴും ചോദ്യ ചിഹ്നമായി ജോസഫിന്റെ മുമ്പിൽ നിൽക്കുന്നു. ഈ ചോദ്യത്തിന് ഉത്തരം തേടിപ്പോയപ്പോൾ ഒക്കെ 'അതെ നീ അന്വേഷിക്കേണ്ടാ' എന്നാണ് ദൈവത്തിൽ നിന്ന് ജോസഫിന് ശ്രവിക്കുവാൻ സാധിച്ചത്. എല്ലാ ചിത്രത്തിലും ദൈവീക കരസ്പർശം ഉണ്ട് എന്ന് ജോസഫ് അടിയുറച്ച് വിശ്വസിക്കുന്നു. അതുകൊണ്ട് തന്നെയാണ് ദൈവാലയങ്ങളിലെ ചിത്രങ്ങൾക്ക് മുമ്പിൽ ജനങ്ങൾക്ക് കരങ്ങൾ കൂപ്പാൻ സാധിക്കുക. മനുഷ്യന്റെ കരങ്ങൾക്കപ്പുറം ദൈവീകകരസ്പർശം നാമറിയാതെ ഇതിലേക്ക് കടന്നുവരുന്നതുകൊണ്ടാണ് ആരാധനയ്ക്ക് യോഗ്യമായി ഈ ചിത്രങ്ങൾ മാറുക. തന്റെ ചിത്രങ്ങളിലൂടെ ജനങ്ങളുടെ ഹൃദയത്തിലേക്ക് ദൈവത്തിന്റെ കൈയ്യൊപ്പ് പകരുവാൻ സാധിക്കുന്നു. പ്രസംഗപ്രാവീണ്യമോ, ബൈബിൾ വ്യാഖ്യാനിക്കുവാനുള്ള കഴിവോ ഇല്ലാത്ത ഈ കലയിലൂടെ സുവിശേഷവത്കരണത്തിന്റെ എളിയ ഒരു ഭാഗമാകാൻ സാധിക്കുന്നു. താൻ വരച്ച ചിത്രങ്ങളിലൂടെ ജനങ്ങളുടെ ജീവിതത്തിൽ വിശ്വാസത്തിന്റെ തിരിനാളം അൽപം തെളിയിക്കുവാൻ സാധിക്കുന്നതാണ് തന്റെ ജന്മത്തിന്റെ പുണ്യം എന്ന് ജോസഫ് മനസ്സിലാക്കുന്നു. ദൈവത്തെ മനുഷ്യർക്ക് തന്റെ ചിത്രങ്ങളിലൂടെ കൊടുക്കുവാൻ സാധിക്കുന്ന താണ് തന്റെ Evangelization. അത് തന്നെയാണ് കുടുംബത്തിന്റെയും തന്റെയും ഭാഗ്യം എന്ന് കരുതുന്നു. ദൈവം ലോകത്തിലേയ്ക്ക് കന്യകയിലൂടെ മനുഷ്യനായി അവതരിച്ചതുപ്പോലെ ജോസഫും തന്റെ ചെറിയ ജീവിതത്തിലൂടെ അനേകം വ്യക്തികളുടെ ഹൃദയത്തിൽ ദൈവത്തെ ജനിപ്പിക്കുവാൻ പരി. അമ്മയെ പോലെ പതിനഞ്ചു വർഷക്കാലമായി ശ്രമിക്കുന്നു. താൻ മരിച്ചുപോയാലും തന്റെ ഓർമ്മയ്ക്കായി ഒത്തിരിയേറെ ചിത്രങ്ങൾ ദൈവാലയങ്ങളിൽ നിലനിൽക്കുന്നു എന്നത് ഏറെ അഭിമാനത്തോടെയും നന്ദിയോടെയും ഓർക്കുന്നു.

ഈ കഴിഞ്ഞ പുനരൈക്യ വാർഷികത്തിന് കൂദാശ ചെയ്ത അടൂർ തിരുഹൃദയ മലങ്കര കത്തോലിക്കാ ദൈവാലയം, പത്തനംതിട്ട രൂപതയിലെ വി. കോട്ടയം പള്ളി, തിരുവല്ല അതിഭദ്രാസനത്തിലെ ചുങ്കപ്പാറ പള്ളി എന്നിവടങ്ങളിലെ ചിത്രങ്ങൾ ഒത്തിരിയേറെ ശ്രദ്ധേയമായി. വി. കോട്ടയം ദൈവാലയത്തിലെ വികാരിയച്ചൻ ജോസഫിന്റെ സഹധർമ്മിണിയെ വിളിച്ചുപറഞ്ഞ വാക്കുകൾ ജോസഫിന് എന്നും പ്രചോദനമാണ്. ''ദൈവീക സ്പർശം ഉള്ള ഒരാളെ ഭർത്താവായി കിട്ടിയതിൽ അഭിമാനിക്കാം'' എന്ന് അച്ചൻ പറയുകയുണ്ടായി.

പഴയരിക്കണ്ടം കഞ്ഞിക്കുഴി കടപ്പൂർ കുടുംബാംഗമായ ജോസഫ്, ഇടുക്കി രൂപതാംഗമാണ്. എന്നാൽ ചിത്രങ്ങൾ എല്ലാം വരച്ചിരിക്കുന്നത് മലങ്കര പള്ളികളിലാണ്. വീട്ടിൽ ചാച്ചനും അമ്മയും പെങ്ങളും ഭാര്യയും മൂന്ന് മക്കളും ഉണ്ട്.

ഈ കമ്പ്യൂട്ടർ യുഗത്തിൽ എല്ലാം വിരൽതുമ്പിൽ ലഭിക്കുന്ന പുതുതലമുറയ്ക്ക് ക്ഷമ നഷ്ടപ്പെട്ടു വരുന്നു എന്ന് ജോസഫ് പറയുന്നു. ഈ കലയ്ക്ക് ക്ഷമ അത്യന്താപേക്ഷിതമാണ്. നിരന്തരമായ അർപ്പണ ബോധ്യവും കഠിനാദ്ധ്വാനവും ഉണ്ടെങ്കിൽ മാത്രമേ ഈ കല വിരൽതുമ്പിൽ എത്തുകയുള്ളൂവെന്ന് ജോസഫിന്റെ ജീവിതം നമുക്ക് കാട്ടി തരുന്നു.



തയ്യാറാക്കിയത് :
**ബ്ര. ബിജിൻ കുരിശുംമൂട്ടിൽ**



# കാരുണ്യ സ്പർശം



ഫാ. മാത്യു ചിറയിൽ

## ദിവ്യകാരുണ്യ ആശ്രമം

# ആകാശപറവകൾ

ചങ്ങനാശ്ശേരി അതിരൂപതാംഗമായ ശ്രീ. ജോസഫ് തോമസ് കല്ലറക്കൽ എന്ന വ്യക്തി തന്റെ പ്രാർത്ഥനയുടെ ഫലമായി ജീവിതം അനാഥർക്കായി മാറ്റിവയ്ക്കുവാൻ തീരുമാനിച്ചു. 1995ൽ ഫാ. ജോർജ്ജ് കുറ്റിക്കൽ MCVS ന്റെ ധ്യാനം കൂടിയപ്പോഴാണ് ഈ ഉൾവിളി ലഭിച്ചത്. അതിനുശേഷം അച്ചന്റെ കൂടെ തൃശ്ശൂരിൽ ചെന്നായ്പാറ എന്ന സ്ഥലത്ത് ആകാശപറവകളെ ശുശ്രൂഷിക്കുവാൻ ആരംഭിച്ചു. രോഗികളെ പരിപാലിക്കുകയും പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.

ആത്മഹത്യ പ്രവണതയ്ക്കെതിരെ കേരളത്തിലെ എല്ലാ ജില്ലകളിലും ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. അതിന്റെ ഭാഗമായി 2004 ൽ റാന്നിയിൽ എത്തി. ഒരു ഭവനത്തിൽ താമസിച്ച് രോഗികൾക്കുവേണ്ടി പ്രാർത്ഥന ആരംഭിച്ചു. ദൈവം നൽകിയ വെളിപാടനുസരിച്ച് റാന്നിയിൽ അനാഥർക്കായും മാനസിക രോഗികൾക്കായും ഒരു ഭവനം ആരംഭിക്കുവാൻ തീരുമാനിച്ചു. റാന്നിയിൽ അഞ്ചുകുഴി എന്ന പ്രദേശത്ത് ഒരു വ്യക്തി 10 സെന്റ് സ്ഥലം സൗജന്യമായി നൽകി. നാട്ടുകാരുടെ സഹകരണത്തോടെ ഒരു കെട്ടിടം പണിതു. 5 പേർക്ക് അവിടെ താമസസൗകര്യം നൽകി. ആകാശപറവകൾ എന്ന ഭവനം പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ 60 അന്തേവാസികൾ ഇവിടെ യുണ്ട്. 3 പേരെ തെരുവിൽനിന്ന് കിട്ടിയതാണ്. എല്ലാ ദിവസവും ഭക്ഷണം മുടങ്ങാതെ നൽകുന്നു. ഇതു വരെ ദൈവകൃപയാൽ ഭക്ഷണത്തിന് മുടക്കം വന്നിട്ടില്ല. നാനാജാതി മത സ്ഥർ ഈ ഭവനം സന്ദർശിച്ച് സഹായം നൽകുന്നു. ഈ ഭവനത്തിൽ നിന്നും താലൂക്ക് ആശുപത്രിയിലെ പാവപ്പെട്ട രോഗികൾക്ക് 2005 മുതൽ എല്ലാ ദിവസവും ഉച്ചഭക്ഷണം സൗജന്യമായി നൽകുന്നു. ശ്രീ. ജോസഫ് തനിക്ക് സ്വന്തമായതെല്ലാം ഈ ഭവനത്തിനുവേണ്ടി നൽകി. ഒരു ദിവസത്തേക്ക് ആഹാരത്തിന് 3500 രൂപ വേണ്ടിവരും. അനാഥരേയും മാനസിക രോഗികളെയും ശുശ്രൂഷിക്കുമ്പോൾ ദൈവത്തെയാണ് ശുശ്രൂഷിക്കുന്നതെന്ന അടിയുറച്ച വിശ്വാസമാണ് ഈ ഭവനം മുന്നോട്ടു കൊണ്ടുപോകുവാനുള്ള ആത്മവിശ്വാസം നൽകുന്നത്. ഒരു വ്യക്തി തന്റെ കുടുംബവും തനിക്കുള്ള സമ്പത്തുമെല്ലാം ഉപേക്ഷിച്ച് ഈ അനാഥരെ സംരക്ഷിക്കുമ്പോൾ ദൈവം സംരക്ഷിക്കും എന്ന ബോദ്ധ്യം ഈ സഹോദരന് ഉണ്ട്. നമുക്കും ആകുംവിധം ഈ ഭവനത്തെ സഹായിക്കാം. ഈ ഭവനത്തിനു വേണ്ടി പ്രാർത്ഥിക്കാം. ഈ ഭവനം നമുക്ക് സന്ദർശിക്കാം. അങ്ങനെ 'ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നതെന്ന' വേദവാക്യം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാം.

**ഡയറക്ടർ**
**ദിവ്യകാരുണ്യ ആശ്രമം**
**ആകാശപറവകൾ**
**കരികുളം പി.ഒ., അഞ്ചുകുഴി**
**റാന്നി – 9495542477**



# ഭാരതത്തിന് ആത്മീയ പ്രകാശമേകി
# ഗ്വാദലൂപേ മാതാവിന്റെ പ്രതിഛായാ പ്രതിഷ്ഠ



ഡോ.ജോർജ് എം കാക്കനാട്ട്

**നി**സ്സഹായരും സാധാരണക്കാരുമായ മനുഷ്യർക്കു മുമ്പിൽ പ്രത്യാശയുടെ വെളിച്ചവുമായി പ്രത്യക്ഷപ്പെട്ട ഗ്വാദലൂപേ മാതാവിന്റെ സാന്നിദ്ധ്യം ഭാരതത്തിലും ഉണ്ടായിരിക്കുന്നു. കല്പറ്റയിൽ പുതുതായി നിർമിച്ച സെന്റ് അൽഫോൻസാ മലങ്കര കത്തോലിക്കാ ദേവാലയത്തിന്റെ കൂദാശയോടൊപ്പം പരിശുദ്ധ ഗ്വാദലൂപേ മാതാവിന്റെ പ്രതിഛായാ പ്രതിഷ്ഠയും നടന്നു. ബത്തേരി രൂപതാ അദ്ധ്യക്ഷൻ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തയും ഫാ. പോൾ ഫെലിക്സ്, റോയ് വർഗീസ്, ഡോ. ജോർജ് കാക്കനാട്ട് എന്നിവരുടെയും അപേക്ഷ പ്രകാരം മെക്സിക്കോയിൽ നിന്നുള്ള കർദ്ദിനാൾ ഫെർണാണ്ടോ അഞ്ചു സ്റ്റെഗൂയിയുടെ അനുഗ്രഹാശിസ്സുകളോടെയാണ് പ്രതിഛായാ പ്രതിഷ്ഠ നടന്നത്.

മെക്സിക്കോ സിറ്റി ആർച്ച് ബിഷപ്പ് നോർബർട്ടോ റവേരാ കരേര സ്പർശിച്ച് നൽകിയ ഛായാചിത്രമാണ് കല്പറ്റയിലും മൂവാറ്റുപുഴ രൂപതാ ആസ്ഥാനത്തും പ്രതിഷ്ഠിച്ചിരിക്കുന്നത്. മൂവാറ്റുപുഴ രൂപതാ അദ്ധ്യക്ഷൻ എബ്രഹാം മാർ യൂലിയോസ് തിരുമേനിയും മെക്സിക്കോയിലെ ഗ്വാദലൂപേ മാതാവിന്റെ തിരുസന്നിധിയിൽ ഇക്കഴിഞ്ഞ ഒക്ടോബറിൽ സന്ദർശനം നടത്തിയിരുന്നു. പിറവം സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക ദേവാലയത്തിൽ നിന്ന് ആരംഭിച്ച ഛായാചിത്ര പ്രയാണം ഓണക്കൂർ, അഞ്ചൽ പെട്ടി ഇടവകകളിലൂടെ മൂവാറ്റുപുഴ സെന്റ് ജോസഫ് പള്ളിയിൽ എത്തുകയും വിശുദ്ധ കുർബാന മദ്ധ്യേ ഛായാചിത്രം പ്രതിഷ്ഠിക്കുകയും ചെയ്തു.

''ആലംബഹീനരായ മനുഷ്യ ജന്മങ്ങൾക്ക് ജീവിക്കുവാനുള്ള ഊർജവും ഉണർവും നൽകുന്ന ഗ്വാദലൂപേ മാതാവിന്റെ സാന്നിദ്ധ്യം നമ്മെ കൃപയുടെ തണലിൽ ജീവിക്കുവാൻ പ്രേരിപ്പിക്കുന്നു...'' കല്പറ്റയിലെ ചടങ്ങിൽ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത പറഞ്ഞു.



''കലുഷിതമായ ലോകത്തിൽ ദൈവത്തെ മറന്ന് ജീവിക്കുവാനാവില്ല. ഗ്വാദലൂപേ മാതാവിന്റെ മാധ്യസ്ഥം എല്ലാ തിന്മകളെയും തമസ്കരിക്കുന്ന തിരിച്ചറിവിന്റെയും തിരുത്തലിന്റെയും പ്രകാശപൂരിതമായ വരമാകട്ടെ...'' മൂവാറ്റുപുഴയിലെ പ്രതിഛായാ പ്രതിഷ്ഠാ വേളയിൽ എബ്രഹാം മാർ യൂലിയോസ് തിരുമേനി ആശംസിച്ചു.

നമുക്ക് ഗ്വാദലൂപേ മാതാവിന്റെ സത്യവചന വിസ്മയങ്ങളിലേക്ക് പ്രവേശിക്കാം. റോമൻ കത്തോലിക്കാ സഭയിൽ അവിരാമം ആദരിക്കപ്പെടുന്ന ദൈവമാതൃ സങ്കല്പമാണ് ഗ്വാദലൂപേ മാതാവ്. 1531ൽ മെക്സിക്കോക്കാരനായ ഹുവാൻ ഡിയേഗോ എന്ന കർഷകന് മുമ്പിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധ മാതാവിന്റെ ആവശ്യ പ്രകാരം നിർമിക്കപ്പെട്ടതാണ് മെക്സിക്കോ സിറ്റിയിലെ ഔർ ലേഡി ഓഫ് ഗ്വാദലൂപേ ബസലിക്ക. ലോകത്തിലെ ക്രൈസ്തവർ ഉൾപ്പെടെയുള്ളവർ ജീവിതത്തിലൊരിക്കലെങ്കിലും സന്ദർശിക്കണമെന്ന് മനസാ ആഗ്രഹിക്കുന്ന ഗ്വാദലൂപേ മാതാവിന്റെ തിരുനാൾ വേളയിൽ ഹുവാൻ ഡിയേഗോയ്ക്കുണ്ടായ ദൈവമാതൃ ദർശനത്തെക്കുറിച്ച് ആത്മീയ വണക്കത്തോടെ അനുസ്മരിക്കുകയാണിവിടെ...

നൂറ്റാണ്ടുകൾക്ക് മുമ്പ് സ്പെയിനിലും അതിന്റെ അധീനതയിലുണ്ടായിരുന്ന സൗത്ത് അമേരിക്കൻ പ്രദേശങ്ങളിലും മാതാവിന്റെ അമലോത്ഭവ തിരുനാളായി ആചരിക്കപ്പെട്ടിരുന്നത് ഡിസംബർ ഒൻപതാം തീയതി. മഞ്ഞുമൂടിയ പ്രഭാതം. ഹുവാൻ ഡിയേഗോ എന്ന കൃഷിക്കാരൻ തന്റെ ഗ്രാമത്തിൽ നിന്ന് മെക്സിക്കോ നഗരത്തിലേക്ക് യാത്രചെയ്യുകയാണ്. തെപെയാക് മലയുടെ താഴ്‌വാരത്തു കൂടി നടക്കുമ്പോൾ അങ്ങകലെ കുന്നിൻ മുകളിൽ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശവലയം അയാൾ കണ്ടു. തൊട്ടുപിന്നാലെ ദിവ്യസംഗീതത്തിന്റെ മധുര ശബ്ദവും.

അത്ഭുതപ്പെട്ട ഹുവാൻ ഡിയേഗോ അവിടെ നിന്നു. പെട്ടെന്ന്, കുന്നിൻ മുകളിലേക്ക് കയറി വരാൻ അഭ്യർത്ഥിക്കുന്ന സ്ത്രീ ശബ്ദം അയാൾ കേട്ടു. ഡിയേഗോ കുന്നിൻ മുകളിലേക്ക് ഓടിയെത്തി. അയാൾക്ക് വിശ്വസിക്കാൻ ആയില്ല. ഇത് സ്വപ്നമാണോ എന്ന് ഡിയേഗോ ഒരു വേള ചിന്തിച്ചു. സ്വർണവർണത്തിലുള്ള ഉടുപ്പിനു പുറമേ നീല കുപ്പായമിട്ട് സർപ്പത്തലയിലും ചന്ദ്രക്കലയിലും ചവുട്ടി നിൽക്കുന്നു സ്വർണപ്രഭയോടെ ഒരു സ്ത്രീരൂപം. അത് വിശുദ്ധമാതാവാണെന്ന് തിരിച്ചറിയാൻ ഹുവാൻ ഡിയേഗോയ്ക്ക് അധിക സമയം വേണ്ടിവന്നില്ല.

നാലു മാലാഖമാർക്കൊപ്പം നിൽക്കുന്ന മാതാവിന്റെ യൗവനയുക്തമായ മുഖഭാവവും സ്നേഹവും ദയയും തുളുമ്പുന്ന നോട്ടവും ഡിയേഗോയിൽ ഭക്തിപാരവശ്യത്തിന്റെ തിരമാല





കൾ ഉയർത്തി. മാതാവ് തന്റെ ഒരു ആഗ്രഹം ഹുവാനെ അറിയിച്ചു. പ്രാദേശികമായ 'നവ്വാട്ടിൽ' ഭാഷയിലാണ് മാതാവ് സംസാരിച്ചത്. ഈ സ്ഥലത്ത് തന്റെ സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും സംരക്ഷണത്തിന്റെയും പ്രതീകമായി, തന്റെ വണക്കത്തിന് ഒരു ദേവാലയം നിർമിക്കണമെന്നും ഇക്കാര്യം സ്ഥലത്തെ ബിഷപ്പിനെ അറിയിക്കണമെന്നും പറഞ്ഞു. തുടർന്ന് മാതാവ് അപ്രത്യക്ഷയായി. അവാച്യമായ ആത്മീയ ഉണർവോടെ ഡിയേഗോ ഓടിച്ചെന്ന് തന്റെ അനുഭവം ബിഷപ്പിനോട് വിവരിച്ചു. എന്നാൽ സ്പെയിൻകാരൻ ബിഷപ്പ് ഫ്രേ ഡി സുമരാഗോ, ഡിയേഗോയുടെ കഥ വിശ്വസിച്ചില്ല. അതിനാൽ തന്നെ ദേവാലയം നിർമിക്കണമെന്ന ആവശ്യം മെത്രാൻ തള്ളിക്കളയുകയും ചെയ്തു. അടുത്ത ദിവസം മനോവിഷമത്തോടെ ഡിയേഗോ തെപെയാക് മലമുകളിലെത്തി. അവിടെ വീണ്ടും പ്രത്യക്ഷപ്പെട്ട മാതാവിനോട് ബിഷപ്പിന്റെ സമീപനത്തെക്കുറിച്ച് ഡിയോഗോ വേദനയോടെ പറഞ്ഞു. ഒന്നു കൂടി ബിഷപ്പിനെ ചെന്നു കണ്ട് തന്റെ ആഗ്രഹം നിറവേറ്റി തരാൻ അഭ്യർത്ഥിക്കണമെന്ന മാതാവ് ആവശ്യപ്പെട്ടു. അതനുസരിച്ച് ഡിയേഗോ വീണ്ടും ബിഷപ്പിന്റെ അടുത്ത് എത്തി. ഈ കഥ വിശ്വസിക്കണമെങ്കിൽ എനിക്ക് എന്തെങ്കിലും അടയാളം വേണമെന്ന് ബിഷപ്പ് ഉപാധി വച്ചു. അന്ന് വൈകുന്നേരം ഡിയേഗോ ഇക്കാര്യം മാതാവിനെ അറിയിക്കുകയും പിറ്റെ ദിവസം രാവിലെ അടയാളം നൽകാമെന്ന് മാതാവ് ഉറപ്പ് നൽകുകയും ചെയ്തു.

ഇതിനിടെ ഡിയേഗോയുടെ അമ്മാവൻ ജുവാൻ ബർണാർഡിനോ ഗുരുതരമായ അസുഖം മൂലം കിടപ്പിലായി. അമ്മാവനെ പരിചരിക്കേണ്ടി വന്നതിനാൽ പറഞ്ഞ ദിവസം മലമുകളിലെത്താൻ ഡിയേഗോയിക്ക് കഴിഞ്ഞില്ല. രണ്ടു ദിവസം കഴിഞ്ഞ്, അതായത് ഡിസംബർ 12-ാം തീയതി തന്റെ ഇടവക പള്ളിയിലേക്ക് പോവുകയായിരുന്നു ഡിയേഗോ. അമ്മാവന് അന്ത്യകൂദാശ കൊടുക്കുന്നതിനായി വൈദികനെ വിളിക്കാൻ പോയതാണ്. തെപെയാക് മലയുടെ സമീപമെത്തിയപ്പോൾ പരിശുദ്ധമാതാവ് ഡിയേഗോയെ തടഞ്ഞു നിർത്തി, എന്തുകൊണ്ട് വന്നില്ല എന്ന് ചോദിച്ചു. ഡിയേഗോ തന്റെ അമ്മാവന്റെ അസുഖകാര്യം പറഞ്ഞു. അമ്മാവൻ എത്രയും പെട്ടെന്ന് സുഖം പ്രാപിക്കുമെന്ന് മാതാവ് അരുളിച്ചെയ്തു. വളരെയധികം സന്തോഷവാനായ ഡിയേഗോ, ദേവാലയം നിർമിക്കണമെങ്കിൽ ബിഷപ്പ് വിശ്വസനീയമായ ഒരു അടയാളം ആവശ്യപ്പെട്ട കാര്യം മാതാവിനോട് പറഞ്ഞു.

മാതാവ് ഡിയേഗോയെ മലമുകളിലേക്ക് വീണ്ടും ക്ഷണിച്ചു. പാറക്കൂട്ടങ്ങൾ നിറഞ്ഞ മലയിൽ കഴിഞ്ഞ ദിവസം വരെ ഒരു പുൽനാമ്പു പോലും കിളിർത്തിരുന്നില്ല. പക്ഷേ ഇന്നിവിടെ എത്തിയപ്പോൾ ഡിയേഗോയ്ക്ക് സ്വന്തം കണ്ണുകളെ വിശ്വസിക്കാനായില്ല. അന്ന് പൂക്കാലം അല്ലാതിരുന്നിട്ടും, സാധാരണ വരണ്ടു കിടക്കുന്ന ആ മലമുകളിലും താഴ് വാരങ്ങളിലുമെല്ലാം സ്നേഹത്തിന്റെ പ്രതീകങ്ങളായ ചുവന്ന റോസാപ്പൂക്കൾ ഇതൾ വിരിച്ച് സുഗന്ധം വാരി വിതറി നിൽക്കുന്നു. മെക്സിക്കോയിൽ ഒരിക്കലുമില്ലാത്ത കാസ്റ്റിലിയൻ റോസാപ്പൂക്കളുടെ വർണവന്തമായിരുന്നു അത്.

ഉടൻ തന്നെ കുറച്ച് പൂക്കൾ സംഘടിപ്പിച്ചു

കൊണ്ടു വരാൻ ഡിയേഗോയോട് മാതാവ് ആവശ്യപ്പെട്ടു. ഡിയേഗോയുടെ മേൽക്കുപ്പായത്തിനു താഴെ അദ്ദേഹം ശേഖരിച്ചു കൊണ്ടു വന്ന പൂക്കൾ ക്രമപ്പെടുത്തി വച്ച ശേഷം മാതാവ് ഡിയേഗോയെ തിരികെ അയച്ചു. ബിഷപ്പിന്റെ അടുത്തെത്തിയ ഡിയേഗോ മേൽക്കുപ്പായം നീക്കിയപ്പോൾ റോസാപ്പൂക്കൾ ധാരധാരയായി തറയിലേക്ക് വീണു. കുപ്പായത്തിൽ പൂക്കൾ സൂക്ഷിച്ചിരുന്ന സ്ഥാനത്ത് ഡിയേഗോയ്ക്ക് പ്രത്യക്ഷപ്പെട്ട രൂപത്തിൽ വിശുദ്ധ കന്യകയുടെ ചിത്രം അപ്പോൾ അത്ഭുതകരമായി ആലേഖനം ചെയ്യപ്പെട്ടിരുന്നു. ഗ്വാദലൂപേ മാതാവിന്റെ ബസലിക്കയിൽ ദർശനത്തിനു വച്ചിരിക്കുന്ന ദൈവമാതൃ ചിത്രം ഇങ്ങനെ സംഭവിച്ചതാണ്.

ഈ അത്ഭുത കാര്യത്തോടെ ബിഷപ്പ് ദേവാലയം നിർമിക്കുവാൻ അനുവാദം നൽകുകയും ചെയ്തു. ബിഷപ്പിനെ കണ്ട ശേഷം അമ്മാവനെ കാണുവാനായി ജുവാൻ പോയി. വീട്ടിലെത്തിയപ്പോൾ കണ്ടത് രോഗമെല്ലാം ഭേദമായി പുഞ്ചിരിച്ച് തന്നെ സ്വീകരിക്കുവാൻ നിൽക്കുന്ന 68 വയസ്സുള്ള അമ്മാവനെയാണ്.

മാതാവിന്റെ ആഗ്രഹപ്രകാരം 1531 ഡിസംബർ 26ന് കന്യാമാതാവിന്റെ പരിശുദ്ധമായ പ്രതിഛായ പതിഞ്ഞ ഡിയേഗോയുടെ ഉടുപ്പ് ബിഷപ്പ് ചെറിയ പള്ളിയിൽ നിന്ന തെപെയാക്ക് മലയടിവാരത്ത് പുതുതായി നിർമിച്ച ആശ്രമത്തിലേക്ക് ആഘോഷപ്പെരുമയോടെ, ആത്മീയ ഹർഷത്തോടെ മാറ്റി. ഈ ചടങ്ങിൽ ഒട്ടേറെ സഭാ വിശ്വാസികളും വൈദികരും പങ്കെടുത്തു. അത്ഭുത മലയിൽ പരിശുദ്ധ മറിയം റോസാപ്പൂക്കളുടെ വസന്തമൊരുക്കിയ സംഭവത്തോടെ മെക്സിക്കോ പൂർണമായും ഒരു കത്തോലിക്കാ രാജ്യമായി മാറ്റം ചെയ്യപ്പെട്ടു. അന്നു വരെ നടമാടിയിരുന്ന അന്തവിശ്വാസവും അരാജകത്വവും അരുതായ്കകളുമൊക്കെ കടൽ കടന്ന് ആത്മീയ ഹർഷത്തിന്റെ കളിത്തൊട്ടിലായി മാറുകയായിരുന്നു മെക്സിക്കോ. 22 ഭാഷകളും 50 ഓളം പ്രാദേശിക ഭാഷകളുമാണ് അക്കാലത്തെ ജനങ്ങൾ മെക്സിക്കോയിൽ സംസാരിച്ചിരുന്നത്. കുറഞ്ഞ കാലത്തിനുള്ളിൽ തന്നെ എട്ട് മില്ല്യനോളം തദ്ദേശവാസികൾ ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു.

പരിശുദ്ധ രൂപമടങ്ങിയ ഹുവാൻ ഡിയേഗോയുടെ കുപ്പായം തുടർന്നുള്ള കാലഘട്ടങ്ങളിൽ പുതുക്കിപ്പണിത പള്ളികളിലേക്ക് മാറ്റി. 01-07-09 ലാണ് ആദ്യത്തെ ബസലിക്ക നിർമ്മിച്ചത്. പടിഞ്ഞാറൻ അർദ്ധ ഭൂഗോളത്തിലെ ഏറ്റവും സുന്ദരമായ പള്ളികളിലൊന്നാണ് ഇത്. കന്യാമറിയത്തിന്റെ നിർമല രൂപം ഏവർക്കും വണക്കത്തോടെ കാണത്തക്കവിധത്തിൽ അൾത്താരയുടെ മുകളിലാണ് പ്രതിഷ്ഠിച്ചത്. പിന്നീട് അർദ്ധവൃത്താകൃതിയിലുള്ള പുതിയ ബസലിക്ക നിർമിക്കപ്പെട്ടത്. ഇവിടെ ദിനം പ്രതി എത്തുന്നവരുടെ എണ്ണം അവിശ്വസനീയമാണ്. മറിയത്തിന്റെ ദിവ്യരൂപം പതിഞ്ഞ ജുവാന്റെ കുപ്പായം കൈത്തറിയാണ്. ഒരുതരം കള്ളിമുൾച്ചെടിയുടെ നൂലുകൊണ്ട് നെയ്തെടുത്തതാണത്രേ. സാധാരണ ഗതിയിൽ മുപ്പത് വർഷത്തിൽ താഴെ മാത്രമേ ഈ തുണിത്തരം ഈട് നിൽക്കുകയുള്ളു. ആറര അടി നീളവും നാല്പത്തി രണ്ട് ഇഞ്ച് വീതിുയും ഉണ്ട്. അതിന്. എന്നാൻ അഞ്ച് നൂറ്റാണ്ടോളം കഴിഞ്ഞിട്ടും ഈ ചിത്രവിസ്മയത്തിന് യാതൊരു കേടു ം സംഭവിച്ചിട്ടില്ല എ്നനത് അത്ഭുതാവഹമാണ്. ദിവയ് രൂപം യഥാർത്ഥത്തിൽ ഒരു ചിത്രലിപിയാണ്. ഇതിലെ ഓരോ സ്ട്രോക്കും പ്രതീകാത്മകമാാേണ്. മാതാവിന്റെ ഈ രൂപം സൂര്യതേജസ്സുള്ളതാണ്. കാലുകൾ ചന്ദ്രനിൽ തൊട്ടു നിൽക്കുന്നു. കുപ്പായത്തിലെ നക്ഷത്രക്കൂട്ടങ്ങൾ 1531 ഡിസംബർ 12ലെ ആകാശത്തിലെ അതേ വിതാനത്തിൽ കാണാം. ഈ മനോഹര ആധ്യാത്മിക ചിത്രത്തിന് നാലടി എട്ടിഞ്ച് ഉയരമാണ് ഉള്ളത്.


അത്ഭുത ചിത്രം ഏറ്റവും പേരുകേട്ട ധാർമിക സാംസ്കാരിക പ്രതീകമാണ്. 'മെക്സിക്കോയുടെ റാണി' വാഴ്ത്തപ്പെടുന്ന ഈ ദൈവമാതൃസങ്കല്പത്തിന്, 'ഫിലിപ്പീൻസിന്റെ മധ്യസ്ഥ' തുടങ്ങിയ ഇതര വിശേഷങ്ങളും നൽകപ്പെട്ടു. 1999ൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഗാദലോപ്പെ മാതാവിനെ 'അമേരിക്കയുടെ മധ്യസ്ഥ, ലാറ്റിനമേരിക്കയുടെ രാജ്ഞി, ഗർഭസ്ഥ ശിശുക്കളുടെ സംരക്ഷക എന്നീ പേരുകൾ നൽകി ആദരിച്ചു.ര്യാ

ഒരു രാജ്യത്തെ ജനങ്ങളെ, അവരുടെ ദുരാചാരങ്ങളെ, വൃത്തകേടുകള എല്ലാം അടിമുടി മാറ്റിയെടുത്ത് അവരെ നന്മയുടെയും ഈശ്വരചിന്തയുടെയും ഉത്തമ വഴിത്താരകളിലേക്ക് തിരിച്ചുവിടാൻ പര്യാപ്തമായ സംഭവമാണ് പരിശുദ്ധ മറിയത്തിന്റെ പ്രത്യക്ഷപ്പെൽ. നൂറ്റാണ്ടുകൾ ഏറെ കഴിഞ്ഞിരിക്കുന്നു. ദിനം പ്രതി പരിശുദ്ധമാതാവിന്റെ ദിവ്യ രൂപം കാണാൻ എത്തുന്നവരുടെ എണ്ണം കണക്കാക്കാനാവുന്നില്ല. സൽക്രിയകൾ ചെയ്യാൻ പ്രേരിപ്പിക്കുന്ന, ഇവിടേക്കുള്ള സഞ്ചാരം, ജീവിതത്തെ പുഷ്ടിപ്പെടുത്താനും സംസ്കരിച്ചെടുക്കാനുമുള്ള തീർത്ഥ യാത്രകൾ ജീവിതത്തിലൊരിക്കലും മറക്കുകയില്ല.

തെപെയാക് മലയിൽ ജുവാൻ ഡിയേഗോയ്ക്ക് മുന്നിൽ മൂന്നാം വട്ടം മാതാവ് പ്രത്യക്ഷപ്പെട്ട ഡിസംബർ 12-ാം തീയതിയാണ് എല്ലാ വർഷവും ഗ്വാദലൂപേ മാതാവിന്റെ പെരുന്നാളായി ആഘോഷിക്കുന്നത്. ഭക്തിപാരവശ്യത്തിന്റെ ഈ വർണത്തിരുനാൾ നിറവിൽ, പാപക്കറകൾ കഴുകിക്കളഞ്ഞ് സന്മനസ്സിന്റെ ഇടയന്മാരാകാൻ നമുക്ക് നമ്മുടെ സ്വന്തം നാട്ടിലും ആ ദൈവമാതൃദർശനം സാധ്യമാകട്ടെ.

# മൗനം ഉടഞ്ഞു ചിതറുന്ന രാവിൽ

റോബിൻസ് ജോൺ



മൗനം
ഉടഞ്ഞു ചിതറുന്നൊരീ രാവിൽ
കൂരിരുട്ടിന്നറ തുറന്നുദിക്കുന്നു
ദിവ്യ തേജസ്സാം
മർത്ത്യ പുത്രൻ
ഈ അർദ്ധരാത്രി തൻ
തമോമയമാം നിഗൂഢ സ്ഥലികളിൽ
ചിതറിത്തെറിക്കുന്നു നിൻ
ദിവ്യമാം പ്രണയത്തിൻ
അഗ്നി സ്ഫുലിംഗങ്ങൾ
അപ്പത്തിൻ ഭവനമാകുമീ
ബെത്‌ലഹേമിൽ
വചനമായ നീ
മാംസമായ്
പിറക്കുമ്പോൾ
നിനക്കു
തുണയായ്
നിൽപ്പതോ
പാരിലെ മിണ്ടാ പ്രാണികൾ
തുറന്നു തന്നില്ലാരും
നിനക്കു പിറക്കുവാനുള്ളമെങ്കിലും
സത്യമാം വചനമേ
അവതാരം കൊൾകയെന്നുടലിനുള്ളിലും
നിനക്കായ് തീർത്തൊരെൻ
ഹൃദയത്തിനുള്ളിലെ പുൽക്കൂട്ടിലും
നീ അന്നവും ജലവുമായ്
മാറുന്നുവല്ലോ
എന്നാത്മാവിൻ
വിശപ്പും ദാഹവും ശമിപ്പിക്കുവാൻ
കുന്തിരിക്കത്തിൻ
ഗന്ധം പടരുമീ
സന്ധ്യയിൽ
നിൻ സ്നേഹ ലാവണ്യമിന്നെന്നെ
പൊതിയുമ്പോൾ
യേശുവേ ആവില്ലെനിക്കല്പവും
സന്തോഷിക്കുവാൻ
അകലെയതാ നിന്നെ
കാത്തിരിപ്പൂ
ചോരക്കറ
കൊതിച്ചിരിക്കും
കഴുകൻ കണ്ണുകൾ
പുറത്ത് കത്തി മൂർച്ചാൽ
പിടയുന്ന ചോരക്കുഞ്ഞുങ്ങൾ തൻ കരച്ചിൽ

ഈ പച്ച പടർന്ന
ദേവദാരു വൃക്ഷത്തിൻ
ഉടൽച്ചില്ലയിലിളം കാറ്റേറ്റാടുമീ
നക്ഷത്രത്തിൻ
പ്രഭാവലയമെന്നാത്മാവിൽ
നോവിറ്റിക്കുന്നു
ഈ മരത്തിൻ ഉടൽപ്പരപ്പിൽ
മുഖം ചേർത്തു ഞാൻ പിടയുന്നു
അറിയാതെന്നുള്ളിൽ അടരും
ഒരു തുള്ളി
മിഴിനീർ നിനക്കായ് ഞാൻ കരുതട്ടെ
ഏകനായ് നീ കഴുമരത്തിൽ
പിടയുമ്പോൾ
നിൻ വരണ്ടു കീറിയ നാവിലല്പം
നനവിറ്റിച്ചു നൽകുവാൻ.




ജൂനിയർ
മോസസ്
കുട്ടികളുടെ കൂട്ടുകാരൻ
SAMEEKSHA
CATECHISM
Thiruvalla


നാട്ടിലെങ്ങും കുട്ടികൾ ലഹരി മരുന്നിന് അടിമപ്പെട്ടു
അവർ പരസ്പരം കലഹിച്ചു.
ദൈവമേ എന്താണീ സംഭവിക്കുന്നത്... ഇതു കുട്ടിസാത്താന്റെ പരീക്ഷണമാണോ?
വരൂ നമുക്ക് മോസസിനെ വിവരം അറിയിക്കാം.



**ഫാ. ചെറിയാൻ താഴമൺ**
**വികാരി ജനറാൾ**



*നവംബർ ലക്കം തുടർച്ച*

# അങ്ങേയ്ക്ക് തുല്യനായി ആരുമില്ല...

**(നവതിയുടെ നിറവിൽ ബഹു. സൈമൺ പുളിയങ്കീഴ് അച്ചൻ)**

### സഹനദാസൻ

'അവനെ കണ്ടവർ അമ്പരന്നുപോയി; മനുഷ്യനെന്നു തോന്നാത്തവിധം അവൻ വിരൂപനായിരിക്കുന്നു. അവന്റെ രൂപം മനുഷ്യന്റേതല്ല' (ഏശയ്യ 52:14). രക്തധമനി വാർത്തെടുക്കൽ ശസ്ത്രക്രിയ കഴിഞ്ഞ സമയത്ത് 2008ൽ ബഥാനിയ മഠത്തിൽ വിശുദ്ധ കുർബാന മധ്യേ തലകറങ്ങിവീണപ്പോൾ തലച്ചോറിലുണ്ടായ ക്ഷതത്തിന് കഴിച്ച മരുന്നിന്റെ അലർജിമൂലം ശരീരമാസകലം തൊലി പോയി വായിലും അണ്ണാക്കിലും അന്നനാളത്തിലുംവരെ വ്രണങ്ങളുണ്ടായി. ഗൗരവതരമായി രോഗാവസ്ഥയിലായ ബഹു. സൈമൺ അച്ചന് രോഗീലേപന കൂദാശയും നൽകിയിരുന്ന അവസരത്തിൽ അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ മനസിലേക്ക് കടന്നുവന്ന വിശുദ്ധഗ്രന്ഥവാക്യമാണ് ആരംഭത്തിൽ ഉദ്ധരിച്ചത്. കണ്ടാൽ ആളിനെ തിരിച്ചറിയാൻ സാധിക്കാത്തത്ര വിരൂപമായിരുന്ന അവസ്ഥ. ഭക്ഷണം കഴിക്കുവാനോ വെള്ളം കുടിക്കുവാനോപോലും സാധിക്കാത്ത സ്ഥിതി. സാധാരണ ഏതൊരു വ്യക്തിക്കും മാനസികയും ശാരീരികവുമായി തകർന്നുപോകാവുന്ന അവസ്ഥ. എന്നാൽ, ബഹു. സൈമൺ അച്ചന് അശേഷം ആകുലതയില്ല. കാരണം, 'തീയിൽ കുരുത്തത് വെയിലിൽ വാടില്ല' എന്നാണല്ലോ വാമൊഴി. 'എങ്കിലും അവൻ ഉരിയാടിയില്ല... അവൻ മൗനം പാലിച്ചു' (ഏശയ്യാ 53:7).

വൈദിക ജീവിതത്തിന്റെ ആരംഭവർഷത്തിൽ വയനാട്ടിൽ വച്ചുണ്ടായ സൈക്കിൾ അപകടത്തിൽ ഇടതുകൈയുടെ അസ്ഥിക്കുണ്ടായ വളവ് ഇന്നും അതേപടി തുടരുന്നു. അജപാലന ശുശ്രൂഷയുടെ രണ്ടാം വർഷത്തിൽ നീലഗിരിയിൽ വച്ചുണ്ടായ സ്കൂട്ടർ അപകടത്തിൽ അടിവയറ്റിലെ അവയവങ്ങൾക്ക് മുഴുവൻ പരിക്ക് പറ്റിയതിനെ തുടർന്ന് നടത്തിയ മുപ്പതിൽ അധികം ശസ്ത്രക്രിയകൾ മൂലമുണ്ടായ അസ്വസ്ഥതകളും വേദനകളും സഹനങ്ങളും കുടൽ ആറടിയിലധികം നീക്കം ചെയ്തിട്ട് ക്രിത്രിമ കുഴൽ ഘടിപ്പിച്ച് അൻപത്തിയഞ്ച് വർഷമായുള്ള അജപാലന ശുശ്രൂഷാ ജീവിതം. ഗൂഡല്ലൂർ, ഊട്ടി, തിരുവല്ല മെഡിക്കൽ മിഷൻ, പുഷ്പഗിരി, തിരുവനന്തപുരം മെഡിക്കൽ കോളജ്, ഗുജറാത്ത് എന്നിവിടങ്ങളിൽ വിവിധ അവസരങ്ങളിലായി ഒരു വർഷത്തിലധികം കിടന്നുള്ള ചികിത്സ. ആഴ്ചകളും മാസങ്ങളും വർഷങ്ങളും നീണ്ട വേദനകൾ; ചികിത്സ സംബന്ധിച്ച യാത്രകൾ, പരിശോധനകളുടെ നൂലാമാലകൾ, കാത്തിരിപ്പുകൾ, സഹായികളുടെ അഭാവം, പരാതിയും പരിഭവവും ഇല്ലെന്നു മാത്രമല്ല തൊണ്ണൂറാം വയസിലും സദാ കർമ്മനിരതൻ.

### അത്ഭുതമനുഷ്യന്റെ ആകാശയാത്രകൾ

രോഗത്തിനും ചികിത്സയ്ക്കും അജപാലന തിരക്കുകൾക്കുമിടയിൽ സമയവും സാഹചര്യവും കണ്ടെത്തി ഭാരതത്തിലും പുറത്തുമായി തീർത്ഥാടനങ്ങളും യാത്രകളും അദ്ദേഹം നടത്തിയിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഭാരതകത്തോലിക്കാ സഭാചരിത്രത്തിലെ ഏറ്റവും പ്രധാന സംഭവമായിരുന്നു ബോംബെയിൽവച്ചു നടന്ന 'ദിവ്യകാരുണ്യകോൺഗ്രസും' പരിശുദ്ധ പോൾ ആറാമൻ മാർപാപ്പയുടെ ഭാരത സന്ദർശനവും. ബഹു. സൈമൺ അച്ചൻ ദിവ്യകാരുണ്യ കോൺഗ്രസിൽ സംബന്ധിക്കുകയും ഭാരതത്തിലെ വിവിധ പട്ടണങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളും ചരിത്ര സ്മാരകങ്ങളും സന്ദർശിക്കുകയും ചെയ്തു.

സഹോദരപുത്രി അമേരിക്കയിൽ ജോലി ചെയ്യുന്ന മറിയാമ്മ ഫിലിപ്പിന്റെ താല്പര്യത്തിൻ പ്രകാരം 1985ൽ രണ്ട് മാസക്കാലം അമേരിക്കൻ ഐക്യനാടുകളിൽ സന്ദർശനം നടത്തുവാൻ സാധിച്ചു. ഈയവസരത്തിൽ ന്യൂയോർക്കിൽ

മൻഹാറ്റനിലെ മലങ്കര കത്തോലിക്കാ കൂട്ടായ്മയിൽവച്ച് ബഹു. ജോൺ മേളാംപറമ്പിൽ അച്ചനെ കോർ എപ്പിസ്കോപ്പയും റമ്പാനുമായി വാഴിക്കുന്ന കർമത്തിൽ സംബന്ധിക്കുകയുമുണ്ടായി. 1978 ൽ ഐസക് മാർ യൂഹാനോൻ, സിറിൽ മാർ ബസേലിയോസ് പിതാക്കന്മാരുടെ മെത്രാഭിഷേക കർമത്തിൽ സഹകാർമികനായിരുന്ന ബേറൂട്ടിലെ അഭി. മുണയർ തിരുമേനിയായിരുന്നു ബത്തേരി രൂപതാധ്യക്ഷൻ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ ശിപാർശ പ്രകാരം പ്രസ്തുത പദവികൾ വന്ദ്യ ജോൺ മേളാംപറമ്പിലിന് നൽകിയത്.
ദീർഘകാലം തിരുവല്ല രൂപതയിലെ 'സേവ് എ ഫാമിലി പ്ലാൻ' പദ്ധതിയുടെ ഡയറക്ടർ ആയിരുന്ന ബഹു. സൈമൺ അച്ചന് 'സേവ് എ ഫാമിലി പ്ലാൻ' സ്ഥാപക ഡയറക്ടർ മോൺ. അഗസ്റ്റിൻ കണ്ടത്തിലിന്റെ ക്ഷണപ്രകാരം കാനഡയിൽ സന്ദർശനത്തിന് അവസരം ലഭിച്ചു. മടക്കയാത്രയിൽ വത്തിക്കാനിൽ പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ നേരിൽ കാണുവാനും അനുഗ്രഹം വാങ്ങുവാനുമുള്ള അവസരം ലഭിച്ചു. മാർപാപ്പ അച്ചന്റെ ശിരസിൽ കരംവച്ച് അനുഗ്രഹിക്കുന്ന ചിത്രം നിധിപോലെ അദ്ദേഹം മുറിയിൽ സൂക്ഷിച്ചിട്ടുണ്ട്. നേരിൽ കണ്ട സന്ദർഭത്തിൽ അങ്ങ് ഭാരതത്തിലേക്ക് വരണമെന്ന് പറഞ്ഞതായും 'Hope so' എന്നു മാർപാപ്പ പറഞ്ഞതായും 1986 ഫെബ്രുവരിയിൽ മാർപാപ്പ ഭാരതത്തിൽ വന്നത് തന്റെകൂടി ക്ഷണപ്രകാരമാണെന്നും തമാശയായി ബഹു. സൈമൺ അച്ചൻ പറയാറുണ്ട്.

2000ൽ മഹാജൂബിലി വർഷത്തിൽ ബഹു. വൈദികരോടും സന്യസ്തരോടും നാല്പത്തിയഞ്ച് പേര് ഉൾപ്പെട്ട സംഘത്തോടുമൊപ്പം വിശുദ്ധ നാട്ടിൽ തീർത്ഥാടനം നടത്തി.

വ്യക്തിപരമായ ആവശ്യങ്ങൾക്കായി സിംഗപ്പൂരിലും മലേഷ്യയിലും സന്ദർശനം നടത്തിയിട്ടുണ്ട്. ഇത്രയേറെ ശസ്ത്രക്രിയകൾക്കും രോഗങ്ങൾക്കും വിധേയനായിട്ടുള്ള അദ്ദേഹത്തിന്റെ ഈ വിദേശയാത്രകൾ എല്ലാവർക്കും അത്ഭുതമായിരുന്നു.

**സദാകർമ്മനിരതൻ**

'ഞാൻ ഒരു ഓപ്പറേഷന് പോവുകയാണ്. ഒരു ആഴ്ചകഴിഞ്ഞ് വന്നാൽ മതി, ഞാൻ എല്ലാം ശരിയാക്കിവച്ചേക്കാം'. 1980 ജൂൺ മാസത്തിൽ ഒരു ദിവസം പുഷ്പഗിരിയിൽ ക്ലെർജി ഹോമിൽ ബഹു. സൈമൺ അച്ചനെ കാണാൻ ചെന്നപ്പോൾ സേവ് എ ഫാമിലി പ്ലാൻ പ്രകാരമുള്ള എന്തോ സഹായത്തിനുള്ള അപേക്ഷയുമായി ഒരു സാധു സ്ത്രീയും അച്ചനെ കാണാൻ അവിടെ എത്തിയിട്ടുണ്ട്. അവരുടെ ആവശ്യം സാധിച്ചു കൊടുക്കുവാൻ അപ്പോൾ അദ്ദേഹത്തിന് സാവകാശമില്ല. കിഡ്നി സംബന്ധമായി ഗൗരവകരമായ ഒരു ശസ്ത്രക്രിയക്കായി പോകുവാനുള്ള തയാറെടുപ്പിലായിരുന്നു അദ്ദേഹം അപ്പോൾ. അദ്ദേഹം ആ സാധുസ്ത്രീയോടു പറയുന്നതായി ഞാൻ നേരിട്ടു കേട്ട വാചകമാണ് മുകളിൽ.

ഗൗരവതരമായ ഓപ്പറേഷനാണ്, അതിന്റെ വിജയംതന്നെ നിശ്ചയമില്ല. എത്രനാൾ ആശുപത്രിയിൽ കഴിയേണ്ടിവരുമെന്നറിയില്ല. ആശുപത്രിയിൽ നിന്ന് വിടുതൽ കിട്ടിയാലും എത്രദിവസം കഴിഞ്ഞാൽ ജോലികൾ ചെയ്യാൻ സാധിക്കുമെന്നറിയില്ല, ഇങ്ങനെയെല്ലാമാണെങ്കിലും സൈമൺ അച്ചൻ പറയുകയാണ്; 'ഒരാഴ്ച കഴിഞ്ഞ് വരിക, എല്ലാം ഞാൻ ശരിയാക്കി വച്ചേക്കാം എന്ന്'. രോഗമായതുകൊണ്ടോ ചികിത്സയിലായതുകൊണ്ടോ ഒന്നും തന്റെ ചുമതല നിർവ്വഹണത്തിന് യാതൊരു കുറവും അദ്ദേഹം വരുത്തിയിരുന്നില്ല. സ്കൂട്ടർ അപകടത്തിനും തുടർന്നുള്ള മുപ്പതിലധികം ശസ്ത്രക്രിയകൾക്കു ശേഷവും ഇരുപതിലധികം ഇടവകകളിൽ, മൂന്ന് ഇടവകകളിൽ ഒന്നിൽ കൂടുതൽ പ്രാവശ്യം വികാരിയായി സേവനം ചെയ്തിട്ടുണ്ട്. പുഷ്പഗിരി ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്റർ, മേരിഗിരി അരമനയിലെ മിനിസ്റ്റർ (മാനേജർ) പുഷ്പഗിരി ക്ലെർജി ഹോമിന്റെ ഡയറക്ടർ, സേവ് എ ഫാമിലി പ്ലാൻ പ്രോഗ്രാമിന്റെ രൂപതാ ഡയറക്ടർ... എന്നിങ്ങനെ വളരെയധികം അധ്വാനം ആവശ്യമായ ശുശ്രൂഷകളും അദ്ദേഹം കാര്യക്ഷമമായി നിറവേറ്റിയിരുന്നു. ഇപ്പോൾ തൊണ്ണൂറാം വയസിലും പുഷ്പഗിരി മെഡിക്കൽ കോളജിൽ വിദ്യാർഥികളുടെ ഹോസ്റ്റൽ വാർഡനായി പതിനഞ്ച് വർഷമായി ചുമതല വഹിക്കുന്നു. പുറമെ, ബഥാനിയ മഠത്തിന്റെ ചാപ്ലെൻ ആയും ശുശ്രൂഷ ചെയ്യുന്നു. മുപ്പതിലധികം ഗൗരവമായ ശസ്ത്രക്രിയകൾക്കു വിധേയനായ ഒരു വ്യക്തിയാണ് ഈ ചുമതലകളൊക്കെ നിറവേറ്റിയതെന്നറിയുമ്പോഴാണ് അദ്ദേഹത്തിന്റെ തീക്ഷ്ണതയും കർമോത്സുകതയും നമുക്ക് ബോധ്യപ്പെടുന്നത്.

**സമാപനം**

സഹനങ്ങളുടെ തീച്ചൂളയിൽ ഉരുകി ഉറഞ്ഞു രൂപപ്പെട്ട ജീവിതത്തിനുടമ. ദുർമേദസ് അശേഷം ശരീരത്തിലില്ലാത്തതുപോലെ ആർഭാടത്തിന്റെ ആലാത്തുകളൊന്നും ജീവിതത്തിലില്ലാത്ത വ്യക്തി. 'സേവ് എ ഫാമിലി പ്ലാൻ' പദ്ധതിയിലൂടെ അനേക കുടുംബങ്ങൾക്ക് ജീവിതവഴി തുറന്നുകൊടുത്ത വൈദികൻ. വ്യക്തിജീവിതത്തിന്റെ വേദനകൾക്ക് പരസ്നേഹ പ്രവർത്തനങ്ങൾകൊണ്ട് ശമനം കണ്ടെത്തുന്ന കർമയോഗി. നടപ്പിലും സംസാരത്തിലും പെരുമാറ്റത്തിലും എന്നല്ല, ജീവിതത്തിലാകമാനം കോലാഹലങ്ങളോ കോളിളക്കങ്ങളോ അശേഷമില്ലാതെ മന്ദമാരുതനെപോലെ അനേകർക്ക് ആശ്വാസമേകുന്ന ജീവിതത്തിനുടമ. ●



അലക്സ് ഇരുമ്പിനിയ്ക്കൽ



# അസ്തമനം ഇനിയും കാതങ്ങൾ അകലെ

"You are never too old to set another goal or to dream a new dream". Clive Staples Lewis എന്ന ബ്രിട്ടീഷ് നോവലിസ്റ്റിന്റെ വാക്കുകൾ. പല സ്വപ്നങ്ങളും സ്വപ്നങ്ങൾ മാത്രമായി അവ ശേഷിപ്പിക്കുന്നവരാണ് നമ്മൾ. എന്തിനും ഏതിനും പ്രതിബന്ധങ്ങൾ കണ്ടുപിടിച്ച് ആ സ്വപ്നത്തെ ഭ്രൂണാവസ്ഥയിൽ കുഴിച്ചുമൂടും. അത് മാത്രമല്ല മറ്റൊരുവന്റെ സ്വപ്നത്തെ പോലും ഇല്ലായ്മ ചെയ്യും. ലക്ഷ്യസ്ഥാനത്തേയ്ക്ക് നടക്കുമ്പോൾ എത്ര ദൂരം താണ്ടി എന്നല്ല മറിച്ച് ഇനിയും എത്രത്തോളം ഉണ്ടാവും എന്നാണ് നമ്മളിൽ 99.99 വ്യക്തികളും നോക്കുക. ഒന്നും ചെയ്യാതെ ജീവിക്കാനാണ് നാം ശ്രമിക്കുന്നത്. എല്ലാത്തിനും കുറുക്കുവഴികൾ. സ്വപ്നങ്ങളെ ഇല്ലായ്മ ചെയ്യാൻ 1000 കാരണങ്ങൾ കണ്ടെത്തുന്ന നമുക്ക് മുമ്പിലാണ് ഹെലൻ കെല്ലർ, നിക്കോളാസ് ജെയിംസ് യുജിക്കിക്, മൈക്കിൾ ഫെല്പ്സ്, ക്രിസ്റ്റ്യാനോ റൊണാൾഡോ ഒക്കെ ജീവിച്ചതും ജീവിക്കുന്നതും. ഇവരൊന്നും ഇത്രത്തോളം കഴിവുകളും പ്രശസ്തിയുമായി ജനിച്ചവർ അല്ല.

പോർച്ചുഗലിലെ സാവോ പെഡ്രോ എന്ന സ്ഥലത്ത് ഒരു കുശിനിക്കാരന്റെയും തോട്ടം തൊഴിലാളിയുടെയും മകനായി ജനിച്ച റൊണാൾഡോ ദാരിദ്ര്യവും പട്ടിണിയും അപ്പന്റെ മദ്യപാനവും വീട്ടിലെ പട്ടിണിയും കാരണം അമ്മയോടൊപ്പം ജോലിയ്ക്ക് ഇറങ്ങി. ഒരു വലിയ ഹോട്ടലിലെ ക്ലീനർ ജോലി ആയിരുന്നു ആദ്യം. അൻഡോറ സ്റ്റേഡിയത്തിൽ അപ്പനൊപ്പം പിന്നീട് കിറ്റ്മാൻ ആയി ഒഴിവു സമയങ്ങളിൽ പോയി തുടങ്ങി. അവിടെ നിന്നാണ് സ്പോട്ടിങ്ങ് സി.പി. ഫുട്ബോൾ ക്ലബ്ബിലേയ്ക്ക് വാതിൽ തുറക്കുന്നത്. അവിടെ നിന്ന് ഓൾഡ് ട്രാസ്ഫോർഡിലെ മാഞ്ചെസ്റ്റർ ക്ലബ്ബിലേയ്ക്ക്. പിന്നീട് ലോകം സാക്ഷ്യം വഹിച്ചത് ഒരു അശ്വമേധത്തിനു തന്നെ ആയിരുന്നു. 2009 ൽ ലോകം അന്നുവരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ട്രാൻസ്ഫർ തുകയ്ക്ക് (80 മില്യൺ യൂറോ) നൂറ്റാണ്ടിന്റെ ക്ലബ്ബായ റയൽ മാഡ്രിഡിലേയ്ക്ക്. ഡിയോഗോ മറഡോണയെ നാപോളിൽ വരവേറ്റത് 75000 കാണികൾ ആയിരുന്നുവെങ്കിൽ ഇവന്റെ വരവിന് എത്തിയത് 80000 കാണികൾ. പിന്നീട് അവന്റെ നാളുകൾ. റെക്കോർഡുകൾ തകർത്തെറിഞ്ഞ് ഇപ്പോൾ അഞ്ചാം ബാലൺ ഡി ഓർ നേടാൻ തയ്യാറായി നിൽക്കുന്നു. ഇപ്പോളും തുടരുന്നു കാല്പന്ത് കളിയിലെ രാജകുമാരന്റെ തേരോട്ടം. തുടക്കം ഒന്നുമില്ലായ്മയിൽ നിന്ന്, ഭ്രൂണാവസ്ഥയിൽ മാതാപിതാക്കൾ ഇല്ലാതാക്കാൻ ശ്രമിച്ച, വ്യക്തിത്വമില്ലാത്ത ഒരു ജീവൻ. ഇന്ന് ആ ജീവന്റെ വില എത്രയെന്ന് അറിഞ്ഞുകൂടാ. വെയ്റ്റർ ആയി നിന്ന ഹോട്ടൽ സ്വന്തമാക്കി. പോർച്ചുഗലിലേ ഒരു എയർപോർട്ടിനു സ്വന്തം പേര് ലഭ്യമായി.

ഇവിടെയാണ് നാം സ്വയം പരിശോധിക്കേണ്ടത്. പലപ്പോഴും പലതിനും നാം തടസ്സ മായി പറയുന്നത് പ്രായം ആണ്. വിവാഹം കഴിഞ്ഞാൽ എല്ലാത്തിനും ഒടുക്കം എന്ന്. പിന്നീട് കുടുംബം കുട്ടികൾ എന്ന ന്യൂക്ലിയർ അവസ്ഥയിലേയ്ക്ക്. എന്നാൽ ഓർക്കണം സാവൂൾ പൗലോസ് ആയത് 20-ാം വയസ്സിൽ അല്ല. മോശ ഒരു ജനതയെ നയിച്ചത് 25-ാം വയസ്സിൽ അല്ല. ബുദ്ധൻ ശ്രീബുദ്ധൻ ആയത് 29-ാം വയസ്സിൽ. ഒരു പ്രത്യേകത ഉണ്ട്, ഉചിതമായ തീരുമാനം എടുത്തത് ഇവരെല്ലാം യൗവന കാലഘട്ടത്തിൽ ആയിരുന്നു. പിന്നീട് അതിൽ നിന്ന് പിന്തിരിഞ്ഞ് ഓടിയില്ല.

നാം ഈ ലോകത്തിൽ ജീവിച്ചു മരിക്കും. മരണം ഏത് നേരത്ത് എന്നറിയില്ല. പക്ഷേ വെറുതെ ജീവിച്ചു മരിച്ചാൽ മതിയോ? കുറഞ്ഞത് ഒരു തലമുറ എങ്കിലും ഓർക്കേണ്ട പേരുകളിൽ ഒന്നായി മാറേണ്ടേ? നമ്മുടെ ഒരടയാളം ഇവിടെ അവശേഷിപ്പിക്കേണ്ടേ? മറ്റുള്ളവർക്കു പാഠമാകേണ്ട ഒരു ജീവിതം ജീവിക്കണം. താമസിച്ചുവോ? ഇല്ല. നിന്റെ അസ്തമനം ഇനിയും കാതങ്ങൾ അകലെയാണ്. ഹൃദയത്തിനെ ശ്രവിക്കൂ. ഉദയം മാത്രം സ്വപ്നം കാണൂ. നിനക്കു ചിറകുകൾ മുളക്കട്ടെ. ഒരു ഫീനിക്സ് പക്ഷിയെപ്പോലെ തടസ്സങ്ങളാകുന്ന ചാരത്തിൽ നിന്നും ഉയിർക്കട്ടെ! ഇതാണ് സമയം. WORK HARD . NEVER GIVE UP.

"If you Fail, never give up Become Fail Means First Attempt In Learning". - APJ ABDUL KALAAM





# മൺചട്ടി

## ഹ്രസ്വചിത്രം







**കു**ശവൻ കലാകാരനായിരുന്നു. കുശവന്റെ ആദ്യസൃഷ്ടി മനുഷ്യക്കോലങ്ങളായിരുന്നു. മനുഷ്യക്കോലങ്ങൾ കുശവന്റെ പിൻഗാമികളായപ്പോൾ കുശവക്കോലങ്ങൾ മൺചട്ടിയുടെ സൃഷ്ടാക്കളായി. കലാവിരുതിന്റെ വിസ്മയമായി മാറുന്ന മൺചട്ടികളുടെ പുളവുകൾ കുശവന്റെ സ്വകാര്യമനോവ്യഥയാണ്. വിരൽചൂണ്ടപ്പെടുന്ന കുറ്റാരോപണങ്ങളിലും തന്റെ സൃഷ്ടിയുടെ മികവാണ് കുശവന്റെ വാക്ചാതുരിയിൽ നിറഞ്ഞു നിൽക്കുന്നത്. സകലതും ഉടച്ചുവാർക്കലല്ല, സൃഷ്ടിയുടെ പുനർനിർമ്മിതി തന്നെയാണ് കുശവനിലെ ജാഗ്രത. 'മൺചട്ടി' എന്ന ഹ്രസ്വചിത്രം മറ്റ് കലാസൃഷ്ടികളിൽ നിന്നും വേറിട്ടുനിൽക്കുന്നത് മനുഷ്യദൈവബന്ധങ്ങളിലെ അവാച്യമായ ഈ ഇഴയടുപ്പം തന്നെയാണ്.

ചെറുപ്രായത്തിൽ നേരെചൊവ്വെ ആഹാരംപോലും കഴിക്കാതെ തലമുറയ്ക്കുവേണ്ടി സമ്പത്ത് കൂട്ടുന്നവർ. തലമുറയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന സമ്പത്തിലൂടെ സുഖലോലുപതയിൽ നീരാടുന്നവർ. രോഗികളെയോ ക്ലേശിതരെയോ കണ്ടാൽ മുഖം തിരിക്കുന്നവർ. ഇവിടെയെല്ലാം നഷ്ടമാകുന്ന മൂല്യം മനുഷ്യത്വം തന്നെയാണ്. സ്വന്തം ഭവനങ്ങളിൽ തലമുറ മനുഷ്യത്വം നിരാകരിക്കുമ്പോൾ ശിക്ഷ ഏറ്റുവാങ്ങുന്നത് പ്രായാധിക്യത്തിന്റെ അവശതകളിൽ കാലം തള്ളിനീക്കുന്ന വയോജനങ്ങളായി മാറുന്നു. ആഡംബരത്തിന്റെ ആചാരങ്ങളായി മരണാനന്തര ഘോഷയാത്രകളും ചരമപ്രസംഗങ്ങളും അനിവാര്യഘടകങ്ങളായി തരംതാഴുമ്പോൾ പുരമുകളിൽ കൊട്ടിഘോഷിക്കപ്പെടുന്നവയല്ല, മറിച്ച് ഹൃദയങ്ങളിൽ നിറയ്ക്കപ്പെടുന്ന 'മനുഷ്യത്വം' തന്നെയാണ് ആത്യന്തികലാഭം എന്ന തിരിച്ചറിവിലേയ്ക്ക് മനസ്സ് എത്തിപ്പെടുന്നിടത്താണ് ഈ ചെറുസിനിമ അവസാനിക്കുന്നത്.

ആഖ്യാനത്തിലും, ദൃശ്യാവതരണത്തിലും, അഭിനയമികവിലും മികച്ച നിലവാരം പുലർത്തുന്ന ഈ ഷോർട്ട് ഫിലിമിന്റെ രചനയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്നത് ഷാജി കാരയ്ക്കലാണ്. കവിയൂർ പൊന്നമ്മ, ഹരീഷ് പേരടി, കലാഭവൻ ഹനീഫ്, നസീർ സംക്രാന്തി, സണ്ണി കൊല്ലംപറമ്പിൽ, പുത്തില്ലം ഭാസി, ദനീഷ് കാർത്തിക്, ഷൈനാ വർഗീസ് തുടങ്ങിയവർ അഭിനയിച്ചിരിക്കുന്ന ഈ ഹ്രസ്വചിത്രത്തിന്റെ ഗാനരചന നിർവ്വഹിച്ചിരിക്കുന്നത് പ്രശസ്ത പിന്നണി ഗാനരചയിതാവ് രാജീവ് ആലുങ്കലാണ്. ഗാനാലാപനവും സംഗീതവും നിർവ്വഹിച്ചിരിക്കുന്നത് പ്രശസ്ത ഹിന്ദുസ്ഥാനിസംഗീതജ്ഞനും മ്യൂസിക് ഡയറക്ടറുമായ പണ്ഡിറ്റ് രമേശ് നാരായണനാണ്. ലാവിത്താ പ്രൊഡക്ഷൻസിന്റെ ബാനറിൽ ബാബുകല്ലുങ്കൽ, തോമസ് ജോൺ തിരുവല്ല, ഷൈനാ വർഗീസ് തുടങ്ങിയവരാണ് ഇതിന്റെ നിർമ്മാതാക്കൾ. ●

***Manchatti Short Film*** YouTube



# എം.സി.സി.എൽ. ബൈബിൾ ക്വിസ്

തയ്യാറാക്കിയത് :
**സി.റ്റി. മത്തായി**
ഡിസംബർ 2017

1. മോശയുടെ മാതാപിതാക്കൾ ആരെല്ലാം?
2. സ്ത്രീ ആദ്യമായി പേര് വിളിക്കപ്പെട്ടു. പേര് എന്ത്?
3. സീലോഹാ എന്ന വാക്കിന്റെ അർത്ഥം എന്ത്?
4. കർത്താവിന്റെ മഹത്വത്തിന് ഞാൻ നിന്റെ മുമ്പിൽ ഇതിൽ കൂടുതൽ അധിക്ഷേപാർഹനും നിന്ദ്യനുമാകും. ആര് ആരോട് പറഞ്ഞു?
5. എന്നെ അനുഗ്രഹിച്ചിട്ടല്ലാതെ ഞാൻ നിന്നെ വിടുകയില്ല. ആര് ആരോട് പറഞ്ഞു?
6. ജോബിന്റെ പുത്രിമാർ ആരെല്ലാം? എവിടെയാണ് പറഞ്ഞിരിക്കുന്നത്?
7. മൂലപദാർത്ഥങ്ങൾ എരിഞ്ഞു ചാമ്പലാകും. ഭൂമിയും അതിലുള്ള സകലവും കത്തിനശിക്കും. എന്തിനുള്ള മുന്നറിയിപ്പാണിത്?
8. കർത്താവായ യേശുവേ വേഗം വരണമെ എന്നു പ്രാർത്ഥിച്ച അപ്പസ്തോലൻ ആര്? എവിടെയാണിതു സൂചിപ്പിക്കുന്നത്?
9. ഞാൻ ആൽഫയും ഒമേഗയുമാണ്. ആര്?
10. യേശു നല്കിയ പുതിയ കല്പന ഏത്?

*N.B* : ഉത്തരങ്ങൾ ജനുവരി 10 ന് മുൻപായി **തിയോളജിക്കൽ & കാറ്റക്കെറ്റിക്കൽ സെന്റർ, സമീക്ഷ, കുളക്കാട്, തിരുവല്ല – 689 101** എന്ന മേൽവിലാസത്തിലേക്ക് അയച്ചു തരിക

---

തയ്യാറാക്കിയത് :
**സി.റ്റി. മത്തായി**

## ബൈബിൾ ക്വിസ് ശരി ഉത്തരം

**നവംബർ 2017**

1. 119–ാം സങ്കീർത്തനം, 176 വാക്യങ്ങൾ
2. മത്തായി 10:1–4, മർക്കോസ് 3:13–19, ലൂക്കോസ് 8:6–12
3. പത്രോസ്, അന്ത്രയോസ് (മത്തായി 10:2)
   യാക്കോബ്, യോഹന്നാൻ
4. താമാർ (മത്തായി 1:3)
   സേറ (മത്തായി 1:3)
   റാഹാബ് (മത്തായി 1:5)
   റൂത്ത് (മത്തായി 1:5)
   മറിയം (മത്തായി 1:16)
5. 1. അക്കാലത്തു വടക്കേ ഇന്ത്യയിൽ മാത്രം നിലവിലുണ്ടായിരുന്ന ഗാസ്പർ എന്ന പേരാണയാൾക്കുണ്ടായിരുന്നത്.
   2. ഇന്ത്യൻ പാരമ്പര്യമനുസരിച്ച് 'പൊന്ന്' ആയിരുന്നു അയാൾ കാഴ്ചവച്ചത്.
6. എസ്തേർ 1:1, 8:9
7. ഏശയ്യാ 7:14
8. 3 (യോഹ 20:25)
   1. അവന്റെ കൈകളിൽ ആണിപ്പഴുതുകൾ കാണണം
   2. അവയിൽ എന്റെ വിരൽ ഇടണം.
   3. അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കണം.
9. അബ്രഹാം അബിമേലക്കിനോടു പറഞ്ഞു.
   ഉല്പത്തി 20:12
10. ഹോസിയ പ്രവാചകൻ (ഹോസിയ 1:1–3)

---

## ബൈബിൾ ക്വിസ് – നവംബർ 2017 വിജയികൾ

**ഒന്നാം സമ്മാനം : സയോണോ ആൻ ജോസഫ് , ഷോൺ സി ജോസഫ്,** ക്രൈസ്റ്റ് ദി കിംഗ് മലങ്കര കാത്തലിക് ചർച്ച് ചെത്തോങ്കര റാന്നി, **ലിയ മേരി തോമസ്,** സെന്റ് തോമസ് മലങ്കര കാത്തലിക് ചർച്ച് നീരേറ്റുകാവ് റാന്നി, **അൽമ അനീറ്റ് സ്റ്റാൻലി,** സെന്റ് തോമസ് മലങ്കര കാത്തലിക് ചർച്ച് കോട്ടയം
**രണ്ടാം സമ്മാനം : ഏലിയാമ്മ സെബാസ്റ്റ്യൻ,** സെന്റ് ജോസഫ് മലങ്കര കാത്തലിക് ചർച്ച് മുക്കൂർ,
**മൂന്നാം സമ്മാനം** : **ആഷ്മി കെ. ആന്റണി,** സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച്, കുമളി





# കുട്ടികൾക്കുള്ള കഥകൾ

പ്രൊഫ. ഡോ. ബാബു ഫിലിപ്പ്



## നല്ല മരണം



മഹാധനികനും മണ്ടനുമായ മാമ്മച്ചൻ മുതലാളിയെ ഒരു വക്കീലും ഡോക്ടറും വിദഗ്ദ്ധമായി പറ്റിച്ചു. വേണ്ടാത്ത വ്യവഹാരങ്ങൾ നടത്തിച്ച് വക്കീലും, അനാവശ്യമായി ചെലവേറിയ ചികിത്സ നൽകി ഡോക്ടറും, മുതലാളിയുടെ സമ്പാദ്യത്തിന്റെ ഭീമമായ ഭാഗം കൈക്കലാക്കി. നിരാശനായി, രോഗശയ്യയിൽ, മരിക്കാറായി കിടന്ന മാമ്മച്ചനെ കാണാൻ എത്തിയ വികാരിയച്ചൻ, യേശുവിന്റെ കഠിനമായ കഷ്ടാനുഭവം, രണ്ടു കള്ളന്മാരുടെ നടുവിൽ കുരിശിൽ കിടന്നുള്ള മരണം എന്നിവ വർണ്ണിച്ച് നല്ല മരണത്തിന് ഒരുക്കി.
അവശനായ മാമ്മച്ചൻ അച്ചനോടപേക്ഷിച്ചു, 'എനിക്കും യേശുവിനെപ്പോലെ മരിക്കണം.'
കൊള്ളാം, നല്ല ആഗ്രഹമാണത്. അതിന് ഞാൻ എന്താണ് ചെയ്തു തരേണ്ടത്?' അച്ചൻ ആരാഞ്ഞു.
അയാൾ പറഞ്ഞു, 'അത് എളുപ്പമാണ്. എന്നെ പറ്റിച്ച ആ രണ്ടു കള്ളന്മാരെയും അച്ചൻ വിളിച്ചു വരുത്തണം. ഞാൻ മരിക്കുമ്പോൾ, അവര് എന്റെ ഇരുവശത്തും നിൽക്കട്ടെ.'

## കാർ

ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ബാബുമോനും അച്ഛനും കൂടി, ബാറ്ററിയുടെ സഹായത്തോടെ ഓടുന്ന ചെറിയ കാർ ഓടിച്ചു കളിക്കുകയായിരുന്നു. ഓടിക്കൊണ്ടിരുന്ന കാർ പെട്ടെന്ന് നിന്നു പോയി. കുഴപ്പം എന്തെന്ന് കണ്ടുപിടിക്കാനായി, അച്ഛൻ കാർ കൈയിലെടുത്തു പരിശോധിച്ചു. ബാബുമോനും പരിശോധനയിൽ പങ്കെടുത്തു. കാറിനടുത്ത്, ഡ്രൈവറുടെ സീറ്റിൽ ഒരു ഈച്ച ചത്തിരിക്കുന്നത് അവൻ കണ്ടു. ഉടനെ, വിജയഭാവത്തിൽ അവൻ വിളിച്ചു പറഞ്ഞു, 'അച്ഛാ, അച്ഛാ, കാർ ഓടാത്തത് എന്തുകൊണ്ടാണെന്നു ഞാൻ കണ്ടുപിടിച്ചു. നോക്കിക്കേ, കാറിന്റെ ഡ്രൈവർ മരിച്ചു പോയി. കാർ പിന്നെ എങ്ങനെ ഓടാനാ?'



വിശദമായ പഠനവും പരിശോധനയും ഇല്ലാതെ പെട്ടെന്നെടുക്കുന്ന തീരുമാനങ്ങൾ പലപ്പോഴും അബദ്ധങ്ങൾ ആകാൻ ഇടയുണ്ട്.


## പൊട്ടക്കിണറ്റിൽ വീണ പട്ടി

പത്രോസ് ചേട്ടന്റെ വയസ്സായ പട്ടി, ചേട്ടന്റെ പറമ്പിലെ പൊട്ടക്കിണറ്റിൽ വീണു. അതിനെ പൊക്കിയെടുക്കാൻ ചേട്ടൻ പരമാവധി ശ്രമിച്ചു; പക്ഷേ പറ്റിയില്ല. അവസാനം അയാൾ തീരുമാനിച്ചു, " ഈ പട്ടിക്ക് എന്തായാലും വയസ്സായി. ഇനി കഷ്ടപ്പെട്ട് രക്ഷിച്ചാലും വലിയ പ്രയോജനം ഇല്ല." അതുകൊണ്ട്, അതിനെ കിണറ്റിലിട്ട് മൂടുവാൻ അയാൾ തീരുമാനിച്ചു. ചേട്ടനും മക്കളും കുറേ ജോലിക്കാരും കൂടി കുട്ടകളിൽ മണ്ണും മാലിന്യങ്ങളും ശേഖരിച്ച്, കിണറ്റിലേക്ക് കോരിയിട്ടുകൊണ്ടിരുന്നു.
ഓരോ പ്രാവശ്യവും തന്റെ ശരീരത്തിലേക്ക് വീഴുന്ന മണ്ണും മാലിന്യവും അപ്പോൾ തന്നെ ആ പട്ടി കുടഞ്ഞു കളഞ്ഞുകൊണ്ടിരുന്നു. എന്നിട്ട്, താഴെ വീണ വസ്തുക്കളിൽ കയറി നിന്നു. അങ്ങനെ അവൻ പടി പടി ആയി ഉയർന്നു വന്നു. ഒടുവിൽ കിണർ നിറഞ്ഞപ്പോഴേക്കും അവൻ കിണറ്റിൽ നിന്നും പുറത്തു വന്നു. നന്ദിപൂർവ്വം വാലാട്ടിക്കൊണ്ട് അവൻ തന്റെ യജമാനന്റെ മുമ്പിൽ നിന്നു.
ജീവിതത്തിൽ പലരും നമ്മെ വാക്കുകൊണ്ടും പ്രവൃത്തികൾകൊണ്ടും അപമാനിക്കുകയും വിമർശിക്കുകയും വേദനിപ്പിക്കുകയും ചെയ്തേക്കാം. അപ്പോഴൊക്കെ, തളരാത്ത ശരീരത്തോടും തകരാത്ത മനസ്സോടും കൂടെ, അടിയുറച്ച ആത്മവിശ്വാസത്തോടെ മുന്നേറാൻ നമുക്ക് സാധിക്കും. നമ്മുടെ നേരെ വന്നു വീഴുന്ന ശല്യങ്ങളെ ചവിട്ടുപടികൾ ആക്കി, ഉന്നതങ്ങളിലേക്ക് ഉയർന്നുവരാൻ നമുക്ക് കഴിയണം.



പുസ്തകപരിചയം

# മാതൃഭാഷയ്ക്കു വേണ്ടിയൊരു ചരിത്ര പുസ്തകം






ജിനു

‘**മാ**തൃഭാഷയ്ക്കുവേണ്ടിയുള്ള സമരം’ എന്ന ഡോ.പി പവിത്രന്റെ പുസ്തകം മാതൃഭാഷയ്ക്കു വേണ്ടിയുള്ള ഗൗരവമേറിയ ചലനങ്ങളെ തെളിവുകളോടും, യുക്തിഭദ്രതയോടുംകൂടി അവതരിപ്പിച്ചിരിക്കുന്ന ഗ്രന്ഥമാണ്. വിദ്യാഭ്യാസവും ഭരണവും, കോടതിയും മാതൃഭാഷയിൽ എന്ന അടിസ്ഥാന നയത്തിലൂന്നി പ്രവർത്തിക്കുന്ന ഭാഷാ സംഘടനയായ മലയാള ഐക്യവേദിയുടെ ആദ്യ പ്രസിദ്ധീകരണമാണ് മുന്നൂറ്റി മൂന്നോളം പേജുകളിലായി വരുന്ന ഈ ഗ്രന്ഥം. ഭാഷ അതിന്റെ അന്ത്യഘട്ടങ്ങളിലൂടെ കടന്നുപോകുന്നുവെന്ന ആശങ്കപ്പെടുന്നവർക്ക് കൃത്യമായ മറുപടി ഈ പുസ്തകത്തിന് നൽകാൻ കഴിയുന്നു. മലയാളവും കേരളീയ സമൂഹവും തലമ്മിലുള്ള ബന്ധത്തെ സൂഷ്മമായി സ്ഥാനപ്പെടുത്തി ജനകീയവും സമരോത്സുവുമായി അവതരിപ്പിച്ചിരിക്കുകയാണ് പുസ്തകം.

മാതൃഭാഷ എന്നുപറയുമ്പോൾ അത് മലയാളത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന സൂഷ്മതയിൽനിന്ന് എല്ലാ ഭാഷകളുടെയും വിശാലമായ ഇടങ്ങളിലേക്ക് പുസ്തകം വായനക്കാരനെ എത്തിക്കുന്നു. സമാന്തരമായി പുസ്തകം വായിക്കുന്ന ആളിനെ പൂർണ്ണമായി മാതൃഭാഷാ സ്നേഹിയാക്കുന്നതിൽ ഈ പുസ്തകം വലിയ സംഭാവനയാണ് ചെയ്യുന്നത്. മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരം എന്ന ഒന്നാമദ്ധ്യായത്തിൽ ഭാഷാ, നവോത്ഥാനം, ജനാധിപത്യം എന്ന ഇടങ്ങളെ കൃത്യമായി അടയാളപ്പെടുത്തുന്നു. ഭാഷ എന്നത് വെറും ഉപകരണമല്ല സാമൂഹികവും, ചരിത്രപരവും, സൗന്ദര്യാത്മകവും രാഷ്ട്രീയവുമായ ഒരു പ്രതിഭാസമാണ്; അതിനാൽ തന്നെ അത് സർഗാത്മകമായ ശക്തി കൂടിയാണ്. ഇവിടെ മാതൃഭാഷയോടുള്ള കേരള സമീപനം നവോത്ഥാനവും ജനാധിപത്യവിമായി ബന്ധപ്പെട്ടുകിടക്കുന്നുവെന്ന് പുസ്തകം ഓർമ്മപ്പെടുത്തുന്നു. മാതൃഭാഷയെന്നത് ഒരു ജനിതകമായ സങ്കല്പമല്ല, സാമൂഹ്യമായ സങ്കല്പമാണ് എന്നതാണ് ഏറ്റവും നിർണ്ണായകമായ സംഗതിയെന്ന് പുസ്തകം ഓർമ്മപ്പെടുത്തുന്നു.

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന് പെറ്റമ്മ തൻ ഭാഷ താൻ

എന്ന വള്ളത്തോളിന്റെ വരികൾ മുൻനിർത്തിയാണ് നാം മാതൃഭാഷയെ നിർവചിക്കുന്നത്. ഇവിടെ ഭാഷയ്ക്ക് പെറ്റമ്മയുടെ ഇടം നൽകണമെന്ന ഓർമ്മപ്പെടുത്തലും ഇതര ഭാഷകളെ ബഹുമാനിക്കുവാനുള്ള സൂചനയും നൽകുന്നു.

ഈ ആധ്യായത്തിൽ തന്നെ ഭാഷയും ദേശീയതയും മാതൃഭാഷകളും ഇന്ത്യയുടെ ആധുനികീകരണവും കേരളീയ നവോത്ഥാന-മതാതീതമായ മലയാളിയെന്ന ബോധത്തിന്റെ രൂപീകരണം, ജോർജ്ജ് മാത്തൻ, മക്തി തങ്ങൾ, ഭാഷാ പ്രസ്ഥാനത്തിന്റെ വൈജ്ഞാനിക തലം എന്നിവ ആഴത്തിൽ ചർച്ച ചെയ്യുന്നു.

‘ഭാഷാചരിത്രത്തിൽ പുതിയ അധ്യായം’ എന്ന ഭാഗത്തിൽ ഓറിയന്റൽ സ്കൂൾ, സി.ബി.എസ്.ഇ. - ഐ.സി.എസ്.ഇ. സ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, എന്നീ ഇടങ്ങളിലെ ഭാഷാ ബോധനത്തിനുള്ള സാധ്യതകളെക്കുറിച്ചു പറയുന്നു. തുടർന്ന് പ്രൊഫഷണൽ കോഴ്സുകളുടെ മലയാളപഠനത്തിന്റെ ആവശ്യകതയും സാധ്യതകളും രേഖപ്പെടുത്തിയിരിക്കുന്നു. ഭാഷയുടെ സജീവത അധ്യാപകരുടെ മാത്രം ഉത്തരവാദിത്തമല്ലെന്നും ഓരോ മലായളിയുടെയും കടമയാണെന്നും പുസ്തകം ഓർമ്മപ്പെടുത്തുന്നു.

2010 ഡിസംബർ 22 ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ.വി.എസ്.അച്ചുതാനന്ദൻ കേരള നിയമസഭയിൽ നടത്തിയ പ്രഭാഷണത്തെ ഉദ്ധരിച്ച് തുടങ്ങുന്ന മറ്റൊരധ്യായത്തിൽ ഒന്നാം ഭാഷാ ഉത്തരവിനെക്കുറിച്ചുള്ള എല്ലായിടങ്ങളെയും അടയാളപ്പെടുത്തുന്നു. തുടർന്ന് 2011 മെയ് 6 ന് മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുന്നതിനുള്ള ഉ

ത്തരവ് പുറത്തിറങ്ങിയത് അടക്കമുള്ള സംഭവവികാസങ്ങൾ ആ അധ്യായത്തിൽ ചർച്ച ചെയ്യുന്നു. മറ്റൊരു ഭാഷയുടെയും പഠന സമയത്തെ ബാധിക്കാത്ത അഞ്ചു കാര്യങ്ങൾ ഉത്തരവിൽ പറയുന്നു.

1. കേരളത്തിലെ എല്ലാ പൊതുവിദ്യാലയങ്ങളിലും മലയാളം നിർബന്ധിത ഒന്നാം ഭാഷയായിരിക്കും. ഇപ്പോൾ ആഴ്ചയിൽ രണ്ട് പിരീഡായി പഠിപ്പിക്കുന്ന രണ്ടാം ഭാഷയുടെ രണ്ടാം പേപ്പറിന് ഒരു പിരീഡുകൂടി ചേർത്ത് ഇനി മുതൽ പത്താം ക്ലാസ്സുവരെ മൂന്ന് പിരീഡ് മലയാളം പഠിപ്പിക്കണം.

2. മലയാളം തീരെ പഠിപ്പിക്കാതിരിക്കുന്ന, ബ്രിട്ടീഷ് കാലത്തെ രൂപം നൽകപ്പെട്ട ഓറിയന്റൽ സ്കൂളുകൾ എന് പേരിലുള്ള വിദ്യാലയങ്ങളിലും പത്താം ക്ലാസ്സുവരെ ഇനിമുതൽ ആഴ്ചയിൽ മൂന്ന് പിരീഡ് മലയാളം പഠിപ്പിച്ചിരിക്കണം.

3. കേരളത്തിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ്സുകൾ പിൻതുടരുന്ന ഇംഗ്ലീഷ് മാധ്യമത്തിലുള്ള വിദ്യാലയങ്ങളിലും മലയാളം പത്താം ക്ലാസ്സുവരെ മൂന്ന് പിരീഡ് പഠിപ്പിച്ചിരിക്കണം. അതിന് സന്നദ്ധമല്ലാത്ത സ്കൂളുകൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകരുത്.

4. കേരളത്തിൽ ചില പ്ലസ്ടു സ്കൂളുകളിൽ കുട്ടികൾ ആഗ്രച്ചിച്ചാൽ പോലും മലയാളം രണ്ടാം ഭാഷയായി പഠിക്കാൻ കഴിയാത്ത സാഹചര്യാമുണ്ട്. അത്തരം സ്കൂളുകളിൽ നിർബന്ധമായും മലയാളം പഠിപ്പിക്കാനുള്ള സാധ്യത ഉറപ്പിക്കണം. മലയാലം പഠിപ്പിക്കാത്ത പ്ലസ്ടു സ്കൂളുകൾ ഇനി ഉണ്ടായിരിക്കരുത്.

5. കേരളത്തിലെ എല്ലാ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലും മലയാളം പഠിക്കാൻ അവസരമുണ്ടാകണം.

മുകളിൽ സൂചിപ്പിച്ച പ്രഖ്യാപനത്തെത്തുടർന്നുണ്ടായ സംഭവവികാസങ്ങൾ പുസ്തകത്തിൽ പരാമർശിക്കുന്നു.

1957 ൽ ഇ.എം.എസ്. കേരളാ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തശേഷം ആദ്യം നടത്ിയ പ്രഖ്യാപനങ്ങളിലൊന്ന് കേരളത്തിലെ ഭരണത്തിന്റെയും ഉന്നതവിദ്യാഭ്യാസത്തിന്റെയും മാധ്യമം മലയാളമാക്കാൻ ശ്രമിക്കുമെന്നാണ്. 1957 ആഗസ്ത് 31 ന് ഭരണഭാഷ മലയാളമാക്കുന്നതിനായി കോമാട്ടിൽ അച്യുതമേനോൻ അധ്യക്ഷമായി കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള ഉത്തരവിറങ്ങി. ഡോ.കെ ഭാസ്കരൻ നായർ, കെ.ദാമോദരൻ, പി.ടി.ഭാസ്കരപ്പണിക്കർ, എൽ.സി.ഐസക് എന്നിവരായിരുന്നു കമ്മീഷനിലെ മറ്റംഗങ്ങൾ. കമ്മീഷന്റെ ആദ്യയോഗത്തിൽതന്നെ മുഖ്യമന്ത്രി ഇ.എം.എസും, വിദ്യാഭ്യാസ മന്ത്രി ജോസഫ് മുണ്ടശ്ശേരിയും നേരിട്ട് പങ്കെടുത്തു നിർദ്ദേശങ്ങൾ നൽകി. അടുത്ത ആഗസ്തിൽ കമ്മീഷൻ റിപ്പോർട്ട് നൽകി. ഇതിനായി ചോദ്യാവലി തയ്യാറാക്കി കമ്മീഷൻ പൊതുജനങ്ങളിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിച്ചിരുന്നു. അതിന് 578 മറുപടികൾ കമ്മീഷന് കിട്ടി., ഈ ചരിത്ര സംഭവങ്ങൾ ഉൾപ്പെടെ 1969 ൽ കേരളാ ഔദ്യോഗിക ഭാഷാ ആക്ട് നിലവിൽ വരുന്നതും 1973 അതിന് ഭേദഗതി വന്നതും ഈ അധ്യായത്തിൽ ഉൾപ്പെടുന്നു. അനുബന്ധമായി വന്ന പല ഉത്തരവുകളിൽ ചിലത് പുസ്തകത്തിൽ നൽകിയിരിക്കുന്നു.

പുസ്തകത്തിന്റെ രണ്ടാം അധ്യായം മാതൃഭാഷയുടെ ദേശീയ - അന്തർദേശീയ മാനങ്ങൾ എന്ന കേന്ദ്ര വിഷയത്തിലൂന്നി; 'ഭാഷാമരണം അപനിർമ്മിക്കപ്പെടുമ്പോൾ - മാതൃഭാഷാ സമരത്തിന്റെ അന്തർദേശീയ മാനങ്ങൾ', 'ഭാഷയുടെ മൂന്നാംലോക'ത്തെക്കുറിച്ച്, ബെൻ യഹൂദയും ഹിബ്രുവിന്റെ ആധുനീകീകരണവും', 'ലോക മാതൃഭാഷാദിനം' എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

ഐക്യരാഷ്ട്ര സഭ ഫെബ്രുവരി 21 ന് ലോകമാതൃഭാഷാദിനമായി നടത്തുന്നതിന് കാരണമായ, 1952 മുതൽ 1956 വരെ നടന്ന ബംഗ്ലാദേശിലെ (അന്നത്തെ കിഴക്കൻ പാകിസ്ഥാൻ) മാതൃഭാഷാ പോരാട്ടത്തെ വസ്തുനിഷ്ഠതയോടുകൂടി ചരിത്രപരമായി രേഖപ്പെടുത്തിയിരിക്കുന്നു.

'ഭരണഘടനയും മാതൃഭാഷകളും' എന്ന മൂന്നാമധ്യായത്തിൽ ഭാഷാനയവും തമിഴ്നാട്ടിലെ ഭാഷാ സമരം, മാതൃഭാഷയ്ക്കുവേണ്ടത് ഒരു ബഹുജനപ്രസ്ഥാനം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

'മലയാളത്തിന് ഒരു സർവകലാശാല', 'മലയാളത്തിന് വേണ്ടത് ലോകഭാഷാ പദവി' , 'ജനാധിപത്യ കേരളത്തിന്റെ രൂപീകരണത്തിൽ മലയാള സർവകലാശാലയുടെ പങ്ക്' , 'എന്തായിരിക്കരുത് മലയാളസർവകലാശാല' , 'ഹിബ്രൂ സർവകലാശാലയുടെ മാതൃക' , 'ലക്ഷ്യം മാതൃഭാഷയിലൂന്നിയ കേരളത്തിന്റെ വികസനം' എന്നീ ഗൗരവമേറിയ അക്കാദമിക വിഷയങ്ങളാണ് 'മലയാളസർവകലാശാല' എന്ന നാലാമധ്യായത്തിൽ ചർച്ചചെയ്യുന്ന വിഷയങ്ങൾ.

'സൗന്ദര്യാത്മകവിദ്യാഭ്യാസം' എന്ന അഞ്ചാമധ്യായം ഭാഷാ ബോധനത്തിന്റെ വൈകാരിക ഇടങ്ങളെ അടയാളപ്പെടുത്തുന്നു.

ഭാഷയെ സംബന്ധിച്ച ഉപകരണവാദവും അതിന്റെ വിമർശനവുമായി വന്ന ഭാഷാനിർണ്ണയവാദവും ചർച്ചചെയ്യുന്ന ആറാമധ്യായം ഭാഷയുടെ അന്തർവിഷയത്വപരമായ അസ്തിത്വം, ഭാഷാശാസ്ത്രതത്ത്വചിന്ത എന്നിവ കൈകാര്യം ചെയ്യുന്നു. തുടർന്നുള്ള പുസ്തക അനുബന്ധങ്ങളിൽ ഭാഷയോടുള്ള സമീപനങ്ങൾ, മാതൃഭാഷാ സംഘടനകൾ, ഒന്നാം ഭാഷാ-കമ്മറ്റികൾ, റിപ്പോർട്ടുകൾ, ഉത്തരവുകൾ എന്നിവയും പദകോശത്തിലൂടെയും പുസ്തകം അവസാനിക്കുന്നു.

മാതൃഭാഷാ അഭിമാനകരമായി അതിന്റെ വളർച്ചയിൽ ആയിരിക്കുന്നുവെന്ന് അടയാളപ്പെടുത്തുന്ന 'മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരം' എന്ന പുസ്തകം ഭാഷയെ സംബന്ധിച്ച് ഒരാധികാരിക ഗ്രന്ഥമായി മാറുന്നു.



തങ്കമ്മ ജോസഫ് മണലേൽ



# ജപമാല ഭക്തി കുഞ്ഞുങ്ങളിൽ വളർത്തുക

നമ്മുടെ കർത്താവിന്റെ രക്ഷാകരചരിത്രത്തിലെ പ്രധാനപ്പെട്ട രഹസ്യങ്ങളും പരി. ദൈവമാതാവിന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട രഹസ്യങ്ങളും സംഭവങ്ങളും ചിന്തോദ്ദീപകമായി കോർത്തിണക്കിക്കൊണ്ടുള്ള ഭക്തിമുറയാണ് 'ജപമാല പ്രാർത്ഥന'.

സന്തോഷത്തിന്റെ രഹസ്യങ്ങൾ, പ്രകാശത്തിന്റെ രഹസ്യങ്ങൾ, ദുഃഖത്തിന്റെ രഹസ്യങ്ങൾ, മഹിമയുടെ രഹസ്യങ്ങൾ എന്നീ നാല് ദിവ്യരഹസ്യങ്ങൾ ചൊല്ലേണ്ടതായ ദിവസങ്ങളും യഥാകാലങ്ങളും അഭി.പിതാക്കന്മാർ നമ്മുടെ പ്രാർത്ഥന ക്രമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാ ദിവ്യരഹസ്യങ്ങളും എല്ലാ ദിവസവും ചൊല്ലുന്നതും ശ്രേഷ്ഠകരം തന്നെ. കുടുംബപ്രാർത്ഥനയോടുകൂടി തന്നെ ജപമാല പ്രാർത്ഥനയും നടത്തുമ്പോൾ കുഞ്ഞുങ്ങൾ അനായാസേന അത് ഹൃദ്യസ്തമാക്കിക്കൊള്ളും.

പരി.ദൈവമാതാവ് ഫാത്തിമായിൽ ജസ്സീന്ത, ലൂസിയ ആദിയായ കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ട് ''ഞാൻ ജപമാല മാതാവാണ് എന്നറിയിച്ചതിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ ആഗോള കത്തോലിക്കസഭയ്ക്ക് വേണ്ടിയും എല്ലാ ലോകജനതകൾക്കുവേണ്ടിയും പരി.ജപമാലരാജ്ഞിയുടെ മാദ്ധ്യസ്ഥം യാചിച്ച് പ്രാർത്ഥിക്കാം. ഫാത്തിമായിൽ വച്ചാണ് മാതാവ് ''ജപമാലരാജ്ഞി'' എന്ന് നാമകരണപ്പെട്ടത്.

ജപമാല പ്രാർത്ഥനയെക്കുറിച്ച് അനേകം വിശുദ്ധരും ദൈവശാസ്ത്രജ്ഞന്മാരും നമ്മെ ഇപ്രകാരം പഠിപ്പിക്കുന്നു. 'സാത്താന് എതിരായ വാളാണ് ജപമാല' – വിശുദ്ധ ആഡ്രിൻ ആറാമൻ മാർപ്പാപ്പ. 'അനുഗ്രഹങ്ങളുടെ ധനമാണ് ജപമാല' – വി. പോൾ അഞ്ചാമൻ മാർപ്പാപ്പ. 'തിരുഹൃദയത്തിൽ തൊടാനുള്ള ശക്തിയുള്ള ആയുധമാണ് ജപമാല' – വി. ലൂയി ഡി മോൻ ഫോർട്ട്. 'ഈ കാലഘട്ടത്തിന്റെ ഏറ്റവും ശക്തമായ ആയുധമാണ് ജപമാല' – വി. പാദ്രേ പീയോ. 'ലോകം മുഴുവന്റേയും ആവശ്യങ്ങൾക്കായുള്ള ഏറ്റവും മഹത്തരവും ലോകോത്തരവുമായ പ്രാർത്ഥന ആണ് ജപമാല' – വി. ജോൺ 23–ാമൻ മാർപ്പാപ്പ.

ജപമാല ചോല്ലുന്ന ക്രൈസ്തവർക്ക് മാതാവ് 15 വാഗ്ദാനങ്ങൾ നല്കുന്നു.

1. ജപമാല തുടർന്ന് ചൊല്ലുന്നതു മൂലം എനിക്ക് സേവനം ചെയ്യുന്നവർക്ക് വലിയ അനുഗ്രഹങ്ങൾ ലഭിക്കും.
2. ജപമാല ചൊല്ലുന്നവർക്ക് എന്റെ സവിശേഷമായ സംരക്ഷണവും ഏറ്റവും വലിയ അനുഗ്രഹവും ഞാൻ വാഗ്ദാനം ചെയ്യുന്നു.
3. ജപമാല നരകത്തിന് എതിരായ ശക്തിയേറിയ രക്ഷാകവചമാകുന്നു.
4. ജപമാല സദ്ഗുണങ്ങളും സത്പ്രവൃത്തികളും വളരാൻ കാരണമാകുന്നു.
5. ജപമാല ചൊല്ലി തന്നെ എനിക്ക് സമർപ്പിക്കുന്ന ആത്മാവ് ഒരിക്കലും നശിച്ചു പോകുകയില്ല.
6. ജപമാലയുടെ രഹസ്യങ്ങളെ ഭക്തിപുരസ്സരം ചൊല്ലുന്നവരെ ദൗർഭാഗ്യങ്ങൾ കീഴടക്കുകില്ല.
7. ജപമാല ഭക്തിപൂർവ്വം ചൊല്ലുന്നവർ കൂദാശ കൂടാതെ മരിക്കുകയില്ല.
8. ജപമാല വിശ്വസ്തതയോടെ ചൊല്ലുന്നവർക്ക് തങ്ങളുടെ ജീവിതകാലത്തും മരണനേരത്തിലും അവർക്ക് വേണ്ടി സ്വർഗ്ഗീയഗണങ്ങൾ മുഴുവനും മാദ്ധ്യസ്ഥം വഹിക്കുവാനുള്ള കൃപ എന്റെ മകനിൽ നിന്ന് ലഭിക്കും.
9. ജപമാലഭക്തി പ്രചരിപ്പിക്കുന്നവരുടെ ജീവിതകാലത്തും മരണസമയത്തും ദൈവീക പ്രകാശവും ദൈവത്തിന്റെ അനുഗ്രഹങ്ങളുടെ നിറവും ഉണ്ടായിരിക്കും.
10. ജപമാലഭക്തിയുള്ള ആത്മാക്കളെ ശുദ്ധീകരണസ്ഥലത്തു നിന്ന് ഞാൻ വീണ്ടെടുക്കും.
11. ജപമാല വഴിയായി ഞാൻ ചോദിക്കുന്നതെല്ലാം നിങ്ങൾക്ക് നല്കപ്പെടും.
12. ജപമാലഭക്തി പ്രചരിപ്പിക്കുന്നവർക്ക് അവരുടെ ആവശ്യഘട്ടങ്ങളിൽ എന്റെ സഹായം ഉണ്ടായിരിക്കും.
13. ജപമാല ഭക്തിയുള്ളവർ സ്വർഗ്ഗത്തിൽ വലിയ ആനന്ദം അനുഭവിക്കും.
14. ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നവർ മുഴുവനും എന്റെ മക്കളും എന്റെ ഏകമകൻ ഈശോയുടെ സഹോദരങ്ങളുമാകുന്നു.
15. ജപമാലഭക്തി അനശ്വരജീവിതത്തിന്റെ മുൻ അടയാളമാകുന്നു.

*(25ാം പേജ് തുടർച്ച)*
ഫെബ്രുവരി 5 ന് മേല്പട്ടക്കാരനായി. 1997 ൽ ബത്തേരി രൂപതയുടെ ദ്വിതീയ മെത്രാനായി നിയമിതനായി. സുത്യർഹമായ സേവനം അനുഷ്ഠിച്ച അദ്ദേഹം 2010 ഏപ്രിൽ 15 ന് ബത്തേരി രൂപത വിഭജിച്ച് പുതുതായി രൂപീകരിച്ച പുത്തൂർ രൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു.

അദ്ദേഹം ഔദ്യോഗിക പദവിയിൽ നിന്ന് വിരമിച്ചതിനെത്തുടർന്ന് ഫാ. ജോർജ്ജ് കാലായിൽ പുത്തൂർ രൂപത അഡ്മിനിസ്ട്രേറ്ററായും തുടർന്ന് 2017 സെപ്റ്റംബർ 21-ാം തീയതി അടൂരിൽ നടന്ന പുനരൈക്യവാർഷികാഘോഷവേളയിൽ ഗീവർഗീസ് മാർ മക്കാറിയോസ് എന്ന പേരിൽ പുത്തൂർ രൂപതാദ്ധ്യക്ഷനായി അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു. ഇദ്ദേഹം 1958 ജൂലൈ 16 ന് ദക്ഷിണ കർണ്ണാടകയിൽ ജനിച്ചു.

**9. ഗുഡ്ഗാവ് ഭദ്രാസനം** : ഇൻഡ്യയിലെ ബാഹ്യഭദ്രാസന മലങ്കര കത്തോലിക്കസഭ Extra Territorial Region (ETRI) എന്നറിയപ്പെട്ടിരുന്ന മിഷൻ കൂട്ടായ്മകൾ

മലങ്കര കത്തോലിക്കാസഭയുടെ കാനോനികമായ അധികാര പരിധിക്ക് പുറത്തുള്ള സഭാ മക്കളുടെ കൂട്ടായ്മയാണ് ബാഹ്യഭദ്രാസന മലങ്കര കത്തോലിക്കസഭ. 2007 ഫെബ്രുവരി 7 ന് ഇൻഡ്യയിലുള്ള ബാഹ്യഭദ്രാസന വിസിറ്റേറ്ററായി അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി നിയമിതനായി.

റാന്നിക്കടുത്ത് നീരേറ്റുകാവ് എന്ന സ്ഥലത്ത് 1960 ഡിസംബർ 3 ന് അഭിവന്ദ്യ പിതാവ് ജനിച്ചു. ബഥനി ആശ്രമാംഗമായി ചേർന്നു. 1986 ഒക്ടോബർ 2 ന് വൈദികപട്ടം സ്വീകരിച്ചു. 2007 ൽ ജേക്കബ് മാർ ബർണബാസ് എന്ന നാമത്തിൽ മെത്രാനായി അഭിഷിക്തനായി. ഇൻഡ്യയിലെ ബാഹ്യഭദ്രാസന അപ്പസ്തോലിക് വിസിറ്റേറ്ററായി സേവനം അനുഷ്ഠിച്ചിരുന്ന അദ്ദേഹത്തെ 2015 മാർച്ച് 26-ാം തീയതി പോപ്പ് ഫ്രാൻസിസ് പുതുതായി രൂപീകരിച്ച ഗുഡ്ഗാവ് രൂപതയുടെ അദ്ധ്യക്ഷനായി നിയമിച്ചു. ഡൽഹി ആസ്ഥാനമായാണ് വി.ജോൺ ക്രിസോസ്റ്റത്തിനെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി സ്വീകരിച്ച പ്രസ്തുത രൂപത പ്രവർത്തിക്കുന്നത്. ഇൻഡ്യയിലെ 22 വടക്കേഇൻഡ്യൻ സംസ്ഥാനങ്ങൾ ഈ രൂപതയുടെ പരിധിയിൽ വരുന്നു.

**10. അമേരിക്ക – കാനഡ ഭദ്രാസനം** : ഇൻഡ്യക്ക് പുറത്തുള്ള ബാഹ്യഭദ്രാസന സഭാസമൂഹം Extra Territorial Region Outside India (ETROI)

1984 ൽ അമേരിക്കൻ മിഷൻ ആരംഭിച്ചു. ഭാരതത്തിനുപുറത്ത് പ്രത്യേകിച്ച് വടക്കേ അമേരിക്കയിലും യൂറോപ്പിലുമുള്ള മലങ്കര കത്തോലിക്കരുടെ കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനായി 2001 ൽ വടക്കേ അമേരിക്കയുടെയും യൂറോപ്പിന്റെയും അപ്പസ്തോലിക് വിസിറ്റേറ്ററായി ഐസക് മാർ ക്ലീമീസ് മെത്രാപ്പോലീത്ത നിയമിതനായി. 2005 ൽ തൽസ്ഥാനത്തേക്ക് ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത നിയമിതനായി. 2010 ൽ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത ബത്തേരി രൂപതയുടെ ചുമതല ഏറ്റെടുത്തതിനാൽ തൽസ്ഥാനത്തേക്ക് പുതിയ ഇടയനായി ഫാ. തോമസ് നായ്ക്കംപറമ്പിലിനെ തോമസ് മാർ യൗസേബിയൂസ് എന്ന നാമധേയത്തിൽ 2010 ജൂലൈ 14-ാം തീയതി സമാധാനരാജ്ഞിയുടെ അപ്പസ്തോലിക് എക്സാർക്കേറ്റ് സ്ഥാപിച്ച് 2010ൽ പരിശുദ്ധ ബനഡിക്ട് 16-ാമൻ ചുമതലയേൽപ്പിച്ചു. മാർ യൗസേബിയൂസ് 1961 ജൂൺ 6-ാം തീയതി പത്തനംതിട്ടയിലെ മൈലപ്രയിൽ ഭൂജാതനായി. ആഫ്രിക്കായിലെ ലാറസ് രൂപതയുടെ സ്ഥാനിക മെത്രാനായാണ് അദ്ദേഹത്തെ അഭിഷേകം ചെയ്തത്. 2016 ജനുവരി 4-ാം തീയതി സമാധാനരാജ്ഞിയെ മദ്ധ്യസ്ഥയാക്കി അമേരിക്ക - കാനഡ ഭദ്രാസനം രൂപീകൃതമായപ്പോൾ മെത്രാപ്പോലീത്ത സ്ഥാനം ഏറ്റെടുത്ത അദ്ദേഹം 2017 സെപ്റ്റംബർ 23ന്, പുതുതായി രൂപംകൊണ്ട പാറശ്ശാല രൂപതയുടെ അദ്ധ്യക്ഷനായി ചുമതലയേറ്റു. 2017 ഒക്ടോബർ 28 മുതൽ ഈ ഭദ്രാസനത്തിന്റെ സാരഥ്യം ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചുവരുന്നു.

**11. പാറശ്ശാല ഭദ്രാസനം** : 2017 ആഗസ്റ്റിൽ രൂപീകൃതമായ പാറശ്ശാല ഭദ്രാസനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥ കൽക്കട്ടയിലെ വി. മദർ തെരേസയാണ്. രൂപതയുടെ പ്രഥമ അദ്ധ്യക്ഷനായി 2017 സെപ്റ്റംബർ 23 മുതൽ തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്ത സേവനം ചെയ്യുന്നു.

**12. ഖഡ്കി എക്സാർക്കേറ്റ്**: ഇ.റ്റി.ആർ.ഐ.യിൽ നിന്ന് മഹാരാഷ്ട്രയുൾപ്പെടുന്ന പശ്ചിമ ദക്ഷിണ ഭാരതത്തിലെ ഉത്തർകർമാടക, ആന്ധ്ര, തെലങ്കാന തുടങ്ങിയ സംസ്ഥാനങ്ങൾ അധികാര പരിധിയുള്ള ഒരു എക്സാർക്കേറ്റ് 2015 മാർച്ച് 26-ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ രൂപീകരിച്ച് മലങ്കര സുറിയാനി കത്തോലിക്കസഭയുടെ കൂരിയാ മെത്രാനായിരുന്ന തോമസ് മാർ അന്തോണിയോസ് തിരുമേനിയെ അപ്പസ്തോലിക് വിസിറ്റർ ആയി നിയമിച്ചു. വി. അപ്രേമാണ് എക്സാർക്കേറ്റിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ. മഹാരാഷ്ട്രയിലെ പൂനെയാണ് ആസ്ഥാനം.

പത്തനംതിട്ട ജില്ലയിൽ അടൂരിൽ 1955 നവംബർ 25 ന് അദ്ദേഹം ജനിച്ചു. ബഥനി ആശ്രമാംഗമായ അദ്ദേഹം 1980 ഡിസംബർ 27 ന് സിറിൽ ബസേലിയോസ് തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. 2010 മാർച്ച് 13-ാം തീയതി തോമസ് മാർ അന്തോണിയോസ് എന്ന പേരിൽ കൂരിയ മെത്രാനായി അഭിഷിക്തനായി.

**13. കൂരിയ മെത്രാൻ – യൂറോപ്പ്, ഓഷ്യാനിയ അപ്പസ്തോലിക് വിസിറ്റേറ്റർ** : മലങ്കര സഭയുടെ പൊതുഭരണത്തിൽ കാതോലിക്കാബാവയെ സഹായിക്കുകയും സൂന്നഹദോസിന്റെയും കമ്മീഷനുകളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുമായി ഒരു കൂരിയ മെത്രാൻ നിയമിതനായി. 2010 മാർച്ച് 13-ാം തീയതി അഭിഷിക്തനായ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് എപ്പിസ്കോപ്പ ഈ ചുമതല ആദ്യമായി നിർവ്വഹിച്ചു.

യൂഹാനോൻ മാർ തിയഡോഷ്യസ് തിരുമേനി 2017 ൽ കൂരിയ മെത്രാനായി നിയമിതനായി. പത്തനംതിട്ടയിലെ അടൂരിൽ 1959 ഏപ്രിൽ 8-ാം തീയതി ജനിച്ചു. സഭയുടെ കൂരിയ മെത്രാനായി നിയമിതനായ അദ്ദേഹം യൂറോപ്പിന്റെയും ഓഷ്യാനയുടെയും അപ്പസ്തോലിക് വിസിറ്ററും ഠൗയ്യ്യീ ങമഴഴശ്യീല രൂപതയുടെ സ്ഥാനിക മെത്രാനും ആയിട്ടാണ് അഭിഷേകം ചെയ്യപ്പെട്ടത്.

| | | | |
|---|---|---|---|
| | | **മേജർ ആർച്ച്ബിഷപ്പ്** | – 1 |
| **മേജർ അതിരൂപത** | – 1 | **ആർച്ച്ബിഷപ്പ്** | – 1 |
| **അതിരൂപത** | – 1 | **കൂരിയ മെത്രാൻ** | – 1 |
| **രൂപതകൾ** | – 9 | **വിരമിച്ചവർ** | – 2 |
| **എക്സാർക്കേറ്റ്** | – 1 | **രൂപതാദ്ധ്യക്ഷന്മാരായ മെത്രാന്മാർ** | – 9 |
| | | **സഹായമെത്രാൻ** | – 1 |
| | | **എക്സാർക്കേറ്റ് തലവൻ** | – 1 |

# സ്നേഹം
## ഒരിക്കലും അവസാനിക്കുന്നില്ല

മാലാഖമാരുടെ ഭാഷയറിഞ്ഞാലും
സ്നേഹമില്ലെങ്കിൽ ഒന്നുമില്ല
ദൂതന്മാരുടെ ഭാഷയറിഞ്ഞാലും
സ്നേഹമില്ലെങ്കിൽ ഒന്നുമില്ല
പ്രവചനവരവും മർമ്മങ്ങളും
ജ്ഞാനവും വിശ്വാസവും
ഇതൊക്കെ മുഴുവൻ ഉണ്ടായാലും
സ്നേഹമില്ലെങ്കിൽ ഒന്നുമില്ല
എനിക്കുള്ളതെല്ലാം ദാനം ചെയ്താലും
സ്നേഹമില്ലെങ്കിൽ ഒന്നുമില്ല
മലകളെ നീക്കാൻ കഴിയുമെന്നാകിലും
സ്നേഹമില്ലെങ്കിൽ ഒന്നുമില്ല



**സെലിൻ പി. ബാബു, ചങ്ങനാശ്ശേരി**






ചിറത്തലയ്ക്കൽ എബിൻ തോമസിന്റെയും ലിജി മേരി ഫിലിപ്പിന്റെയും
മകൻ ആൽഡ്രിക് ഫിലിപ്പ് തോമസിന്റെ മാമോദീസ 2017 നവംബർ 11–ാം തീയതി
ഇരവിപേരൂർ സെന്റ് ആൻസ് മലങ്കര കത്തോലിക്കാ പള്ളിയിൽ വച്ച്
ബഹു. മരിയദാസ് ഒ.ഐ.സി. അച്ചന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

# Matrimonial



## Matrimony - M 235

മാവേലിക്കര രൂപതയിൽ അംഗമായ യുവാവ്, വയസ്സ്30. ഡിപ്ലോമ മെക്കാനിക്കൽ എഞ്ചിനീയർ, ദുബായിൽ ജോലിചെയ്യുന്നു. ഉയരം 173 cm അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Contact : 9446844915, 0479 2326205

## Matrimony - M 236

തിരുവല്ല അതിരൂപതാംഗമായ യുവാവ്, വയസ്സ് 30. കുവൈറ്റിൽ Bsc Nurse ആയി ജോലി ചെയ്യുന്നു. കുവൈറ്റിൽ ജോലി ചെയ്യുന്നവർക്ക് മുൻഗണന. Contact : 9526857082

## Matrimony - M 237

ക്രിസ്തീയ മലങ്കര യുവതി 25 വയസ്സ്, MTech. ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact : 09945136838

## Matrimony - M 238


കോട്ടയം സ്വദേശിയായ മലങ്കര കത്തോലിക്കാ യുവാവ്. 40 വയസ്, 5'3'' ഉയരം, ഹോട്ടൽ മാനേജർ. ഇടത്തരം കുടുംബത്തിൽ നിന്നും ആലോചനകൾ ക്ഷണിയ്ക്കുന്നു. Contact : 9633261015, 9656765292

## Matrimony - M 239

ചെന്നൈയിൽ ജനിച്ചുവളർന്ന മലങ്കര കത്തോലിക്കാ യുവാവ്. ദുബായിൽ ജോലി, BTech, 26 വയസ്, 5'5'' ഉയരം, അനുയോജ്യമായ ആലോചനകൾ ക്ഷണിയ്ക്കുന്നു. Contact : 09941156843, 09551459883

## Matrimony - M 240

തിരുവല്ല അതിരൂപതയിൽ അംഗമായ മലങ്കര കത്തോലിക്കാ യുവതി. വയസ്സ് 26, 165 cm Bsc Nurse ആയി സൗദി M.O.H. ൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Contact : 9544498942





## വിവാഹ ഒരുക്ക സെമിനാർ 2017

**സ്ഥലം: ശാന്തിനിലയം, തിരുവല്ല**
**ഫോൺ: 0469–2603968, 9446270259, 9895556074**

തീയതി : ഡിസംബർ : 5,6,7 – 19,20,21
2018 ജനുവരി : 9,10,11 – 23,24,25
2018 ഫെബ്രുവരി: 6,7,8 – 20,21,22


### നിർദ്ദേശങ്ങൾ

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.




## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ശോഭിത്, പുല്ലാട്**

PM BROTHER'S

# ST.ANTONY'S

CANDLE INDUSTRIES

KUMBANAD



Mob. 9656078498
8301083698

Pro. Pramod P. Markose

പള്ളികൾക്കാവശ്യമായ മെഴുകുതിരി,
കുന്തിരിക്കം എന്നിവ
മിതമായ വിലയ്ക്ക് എത്തിച്ച് കൊടുക്കപ്പെടും.



## ഐക്യദീപം
# ഫോട്ടോഗ്രഫി മത്സരം

ഐക്യദീപം വായനക്കാർക്കായി ഫോട്ടോഗ്രഫി മത്സരം നടത്തുന്നു. മൊബൈലിലോ പ്രൊഫഷണൽ ക്യാമറയിലോ നിങ്ങൾ എടുക്കുന്ന ചിത്രങ്ങൾ ഐക്യദീപം മാസികയിലേക്ക് അയച്ചു തരിക. ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. സമ്മാനാർഹമായ ചിത്രങ്ങൾ ഐക്യദീപം മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്. **വിഷയം : പ്രതീക്ഷയുടെ പുതുവർഷം**

അയക്കേണ്ട വിലാസം :
aikyadeepamtvla@gmail.com

# SYRO MALANKARA CATHOLIC CHURCH
## SYNODAL COMMISSION FOR LITURGY



Pope Francis

# BETH GAZO - 2018

SEASON 1

*A Melodious Evening for Liturgical Music*

Inauguration:
Moran Mor Baselios Cardinal Cleemis
(Major Archbishop-Catholicos of the Syro Malankara Catholic Church)

Directed by
Fr. Dr. Isaac Parappallil
*(Secretary, Liturgy Commision)*

St. John's Cathedral Hall, Tiruvalla
Friday, 05. January 2018, 5:00 p.m.




Moran Mor Baselios
Cardinal Cleemis



Most Rev. Dr.
Thomas Mar Koorilos

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ലിറ്റർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ, ബെത്ഗാസോ എന്ന പേരിൽ മലങ്കര ആരാധനക്രമത്തിലെ ഗാനങ്ങളുടെ ദൃശ്യാവിഷ്കരണം ഒരുക്കുന്നു. ശ്രുതിമധുരമായ ആരാധനാസംഗീതത്തിന്റെ മാധുര്യവും, മനോഹാരിതയും അനുഭവിക്കുവാനും, അതിലൂടെ അനുദിനമുള്ള ആരാധനാജീവിതത്തിൽ സജീവമായി പങ്കുചേരുന്നതിന് ഇടയാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഇദംപ്രദമായി ഈ സംരംഭത്തിന് തുടക്കം കുറിക്കുന്നത്. നമ്മുടെ ആരാധനക്രമത്തിലെ വ്യത്യസ്തങ്ങളായ തിരുക്കർമ്മങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട 20 ഗാനങ്ങളാണ് വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ, വൈദികർ, സന്യസ്ഥർ, അൽമായർ എന്നിവരടങ്ങുന്ന അനുഗ്രഹീതരായ അൻപതംഗ ഗായകസംഘം **ബഹു. ഡോ. ഐസക് പറപ്പള്ളിൽ** അച്ചന്റെ നേതൃത്വ ത്തിൽ ആലപിക്കുന്നത്. സ്വർഗ്ഗീയമായ അനുഭവം പ്രദാനം ചെയ്യുന്ന സംഗീതസാന്ദ്രമായ ഈ സന്ധ്യയിലേക്ക് നിങ്ങളെല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ഉപകാരസ്മരണ



ഒരു വിശ്വാസി, പൂനെ

ഉപകാരസ്മരണ



ഒരു വിശ്വാസി, കുന്നന്താനം



സഭയിലും സമൂഹത്തിലും കഠിന പ്രവർത്തനം ചെയ്യുന്ന വനിത, ആതുരസേവന രംഗത്ത് നിരാലംബരായവർക്ക് താങ്ങായി പ്രവർത്തിക്കുന്ന വനിത എന്ന KCBC വനിത കമ്മീഷന്റെ പുരസ്കാരം നേടിയ മേരിക്കുട്ടി ജോർജ്ജ് കണ്ടത്തിൽ




ദേശീയ ഭാരോദ്വഹന മത്സരത്തിൽ വെങ്കലവും ആലപ്പുഴയിൽ നടന്ന 18 രാജ്യങ്ങളിലെ 20 വയസ്സിനു താഴെയുള്ളവരുടെ പവർലിഫ്റ്റ് മത്സരത്തിൽ വെള്ളിയും നേടിയ ലിബിൻ (17), മുക്കൂട്ടുതറ മുപ്പത്തിയഞ്ച് ചെക്രോത്ത് ജോർജ് ജേക്കബിന്റെയും ജീന ജേക്കബിന്റെയും മകനാണ്. വിദ്യാർത്ഥിനിയായ ലിസ്സ് ജേക്കബ് സഹോദരിയാണ്.തിരുവല്ല അതിരൂപതയിലെ മുക്കൂട്ടുതറ ഇടവകാംഗമാണ് ലിബിൻ ജേക്കബ്

ഉപകാരസ്മരണ



ഒരു വിശ്വാസി, കുന്നന്താനം



കോഴിക്കോട്ട് വച്ചു നടന്ന 51-ാമത് സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ ഹൈസ്കൂൾ അദ്ധ്യാപകർക്കായി നടത്തിയ സയൻസ് പ്രോജക്ട് മത്സരത്തിൽ "സ്മാർട്ട് ഫോണും ആരോഗ്യപ്രശ്നങ്ങളും" എന്ന വിഷയത്തിൽ 'A' ഗ്രേഡ് നേടിയ എലിസബത്ത് മാത്യു എച്ച്.എസ്.എ. സെന്റ് തെരേസാസ് ബി.സി.എച്ച്.എസ്.എസ്. ചെങ്ങരൂർ. കടമാൻകുളം ഇടവകയിലെ സണ്ടേസ്കൂൾ അദ്ധ്യാപികയും പടിഞ്ഞാറെ മണ്ണിൽ ടോണിയുടെ ഭാര്യയുമാണ്.

## പാവനസ്മരണയ്ക്ക്

**25-ാം ചരമവാർഷികം**

**20-12-2017**



## കെ.സി. ഫ്രാൻസിസ്

**(റിട്ട. അദ്ധ്യാപകൻ, എം.ഡി.യു.പി. സ്കൂൾ, വെള്ളാറ മേമല, വെണ്ണിക്കുളം).**
**കോഴിമണ്ണിൽ, പുറമറ്റം**

**നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെയും ഓർക്കണമേ.**

## ഡിസംബറിലെ പ്രധാനപ്പെട്ട ദിവസങ്ങൾ

| | | | |
|---|---|---|---|
| 1. | ഡിസംബർ 08 | - | വി. ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ |
| 2. | ഡിസംബർ 16 | - | മാർത്താണ്ഡം ഭദ്രാസന സ്ഥാപനദിനം (1996) |
| 3. | ഡിസംബർ 25 | - | യൽദാപ്പെരുന്നാൾ (ക്രിസ്തുമസ്), വികാരിക്കുർബാന |
| 4. | ഡിസംബർ 26 | - | വി.ദൈവമാതാവിന്റെ പുകഴ്ച |
| 5. | ഡിസംബർ 31 | - | ബൈബിൾ ഞായർ |

# സമീക്ഷ

## മതബോധനകേന്ദ്രം, തിരുവല്ല അതിരൂപത

### 1. വാർഷിക പരീക്ഷ

ഈ അദ്ധ്യയനവർഷത്തിന്റെ സമാപനവും വാർഷിക പരീക്ഷയും 2018 ജനുവരി മാസമാണ്. 1-12 ക്ലാസ്സുകളിലെ പൊതുപരീക്ഷ 2018 ജനുവരി 13 ശനിയാഴ്ച 10.00 am ന് ഇടവകതലത്തിൽ നടത്തുന്നു. 4-9, 11 ക്ലാസ്സുകളിലെ പരീക്ഷയിൽ 80 മാർക്കുവാങ്ങുന്നവരുടെ ഉത്തരകടലാസും അസൈൻമെന്റും സമീക്ഷയിൽ ജനുവരി 22ന് മുൻപായി എത്തിക്കണം. ഇതിൽ നിന്നു അർഹരായവർക്കു സർട്ടിഫിക്കേറ്റും സമ്മാനവും നല്കുന്നതാണ്. Catechetical Calender ൽ പ്രസിദ്ധീകരിച്ചതിൽ നിന്നും പരീക്ഷയിൽ വരുത്തിയ മാറ്റം ശ്രദ്ധിക്കുമല്ലോ.

10-12 ക്ലാസ്സിലെ മത്സരപരീക്ഷ ജനുവരി 27 ശനിയാഴ്ച 10.00 am ന് മേഖലാതലത്തിൽ നടത്തുന്നു. ഫെബ്രുവരി 4-ാം തീയതിക്കുമുമ്പായി മത്സരപരീക്ഷയുടെ ഫലം പ്രഖ്യാപിക്കുന്നതാണ്. വിജയകരമായി 10,12 ക്ലാസ്സുകൾ പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കേറ്റും സമ്മാനവും നല്കുന്നു. 10,12 ക്ലാസ്സുകളിലെ വചനധയറി, അസൈൻമെന്റ് പേപ്പർ ഇവ മേഖലയിൽ നടക്കുന്ന മത്സരപരീക്ഷയിൽ കുട്ടികൾ കൊണ്ടുവരണം. മേഖലാ നിരീക്ഷകർ അവ പരിശോധിക്കുന്നതാണ്. ഇടവകയിൽ നിന്നുള്ള വചനധയറി, അസൈൻമെന്റ് ഇവയുടെ മാർക്ക് ലിസ്റ്റും മേഖലാ മത്സരപരീക്ഷയുടെ ദിവസം നിരീക്ഷകരെ ഏല്പിക്കണം. അസൈൻമെന്റ് പേപ്പർ അതിരൂപത ഓഫീസിൽ നിരീക്ഷകർ എത്തിക്കണം.

2018 ഫെബ്രുവരി 4-ാം തീയതി ഞായറാഴ്ച പുതിയ ക്ലാസ്സുകൾ എല്ലാ ഇടവകയിലും ആരംഭിക്കുന്നു. ക്ലാസ്സുകൾ 2018 മാർച്ച് 25 ഞായർ വരെ തുടരുന്നതും പിന്നീട് ഏപ്രിൽ, മെയ് മാസങ്ങളിൽ വാർഷിക അവധിയുമാണ്. ഈ അവധിക്കാലത്താണല്ലോ കുട്ടികളുടെ ക്യാമ്പ് നടത്തപ്പെടുന്നത്. 2018 ജൂൺ 3 ഞായറാഴ്ച മതബോധന ക്ലാസ്സുകൾ പുനഃരാരംഭിക്കുന്നു.

### 2. പരീക്ഷ – മാർക്ക് വിഭജനം (മുൻപ് Catechetical Calender ൽ പ്രസിദ്ധീകരിച്ചത്)

**12–ാം ക്ലാസ്സ്**

1. പാഠപുസ്തകം - 75 മാർക്ക്
2. വചനധയറി - 10 മാർക്ക്
3. അസൈൻമെന്റ് - 10 മാർക്ക്
   ('ലൗദാതോ സി' - മിനിമം 10 പേജ്)
4. ജനറൽ - 5 മാർക്ക്
   ആകെ - 100 മാർക്ക്

**11–ാം ക്ലാസ്സ്**

1. പാഠപുസ്തകം - 75 മാർക്ക്
2. വചനധയറി - 10 മാർക്ക്
3. അസൈൻമെന്റ് - 10 മാർക്ക്
   (സെമിനാർ - കൂദാശകൾ)
4. ജനറൽ - 5 മാർക്ക്
   ആകെ - 100 മാർക്ക്

**10–ാം ക്ലാസ്സ്**

1. പാഠപുസ്തകം - 75 മാർക്ക്
2. വചനധയറി - 10 മാർക്ക്
3. അസൈൻമെന്റ് - 10 മാർക്ക്
   (ബുക്ക് റിവ്യൂ - 'ഗിരിദീപം')
4. ജനറൽ - 5 മാർക്ക്
   ആകെ - 100 മാർക്ക്

**8,9 ക്ലാസ്സ്**

1. പാഠപുസ്തകം - 75 മാർക്ക്
2. വചനധയറി - 10 മാർക്ക്
3. അസൈൻമെന്റ് - 10 മാർക്ക്
   ('ദൈവദാസൻ മാർ ഈവാനിയോസും പുനരൈക്യപ്രസ്ഥാനവും'
   റഫറൻസ് : ഐക്യദീപം സെപ്റ്റംബർ 2015, 2016, 2017)
4. ജനറൽ - 5 മാർക്ക്
   ആകെ - 100 മാർക്ക്

**4 – 7 ക്ലാസ്സ്**

1. പാഠപുസ്തകം - 80 മാർക്ക്
2. വചനധയറി - 10 മാർക്ക്
3. ജനറൽ - 10 മാർക്ക്
   ആകെ - 100 മാർക്ക്


**1 – 3 ക്ലാസ്സ്**

1. പാഠപുസ്തകം - 40 മാർക്ക്
2. ജനറൽ - 10 മാർക്ക്
   ആകെ - 50 മാർക്ക്

### 3. മാതൃകാ ചോദ്യങ്ങൾ


ഡിസംബർ ആദ്യആഴ്ചമുതൽ വാർഷിക പരീക്ഷയ്ക്കാവശ്യമായ മാതൃകാ ചോദ്യങ്ങൾ www.catechismthiruvalla.org യിൽ ലഭ്യമാണ്. മുൻവർഷങ്ങളിലെ ചോദ്യപേപ്പറുകളും സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം.

# ഐക്യദീപം

















ഐക്യദീപം മാസികയിലൂടെ
നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് ആശംസകൾ നേരാം....
ജന്മദിനം, വിവാഹവാർഷികം...
നമ്മുടെ പ്രിയപ്പെട്ടവരെ അനുസ്മരിക്കാം
പാവനസ്മരണ പുതുക്കാം...

**500 രൂപ മാത്രം**

ഐക്യദീപം മാസികയിലേക്ക് പരസ്യങ്ങൾ (ആദ്യകുർബാന, വിവാഹം, വിവാഹവാർഷികം, ജന്മദിനം, പാവനസ്മരണ, ഉപകാരസ്മരണ) എത്തിച്ചുതരുവാൻ താത്പര്യമുള്ളവർ (വ്യക്തികൾ, സംഘടനകൾ) ബന്ധപ്പെടുക.

<u>CONTACT DETAIL:</u>
**Chief Editor, Aikyadeepam Monthly**
**Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1.**
**Phone: 0469-2600626, E-mail : aikyadeepamtvla@gmail.com**

## വായിക്കുക! വരിക്കാരാവുക!

Date of Publication : 18.12.2017
Price ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph: 0469-2600626, Fax : 0469-2600822

**R.N.I 35982/80**
**December 2017**

## 25–ാം ചരമവാർഷികം



# ഫാ. തോമസ് പടിഞ്ഞാറേക്കൂറ്റ്

**ജനനം : 03.03.1939** **മരണം : 12.12.1993**

സ്മരണകളിൽ

**പടിഞ്ഞാറേക്കൂറ്റ് കുടുംബാംഗങ്ങൾ**

Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam. Kerala, Chief Editor : Rev. Dr. Abraham Irimbinikal